www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 28 | 2017 July 22 | ₹10



## മതവും സ്വാതന്ത്ര്യവും
## അപകർഷതയിൽ പൊതിഞ്ഞ മിഥ്യാധാരണയും

മതേതരശക്തികൾ മൗനം വെടിയുക | ഖിലാഫത്തും സ്വതന്ത്രാധികാരവും

ഇമാം ബുഖാരി അന്ധവിശ്വാസ പ്രചാരകനോ?

# WISDOM BOOKS

**PUBLISHING ■ DISTRIBUTION**
E.K.P. Building, Calicut
web:www.wisdomislam.org
E-mail: publication@wisdomilsam.org
9497714525,9846048393,9895185814

## പുതിയ പുസ്തകങ്ങൾ

**1 വിശ്വാസിയുടെ നമസ്കാരം**
ഫദ്‌ലുൽ ഹഖ് ഉമരി
പേജ് :126 | വില : 90

**2 ഇസ്‌ലാം നിർഭയത്വത്തിന്റെ മതം**
പി. എൻ. അബ്ദുറഹ്മാൻ
പേജ് :58 | വില : 40

**3 നമസ്കാരത്തിലെ പ്രാർഥനകളും പ്രകീർത്തനങ്ങളും അർഥസഹിതം**
ഡോ. ജലാലുൽ ഹഖ് സലഫി
പേജ് :54 | വില : 40

**4 റമദാൻ: നാം അറിയേണ്ടതും ചെയ്യേണ്ടതും**
അബ്ബാസ് ചെറുതുരുത്തി
പേജ് :48 | വില : 40

**5 ക്വുർആൻ പഠന ക്വിസ്**
ഡോ. പി. കെ. അബ്ദുറസാഖ് സുല്ലമി
പേജ് : 90 | വില : 70

**6 ലാ ഇലാഹ ഇല്ലല്ലാഹ്**
ഫദ്‌ലുൽ ഹഖ് ഉമരി
പേജ് :104 | വില : 90

**7 ഇസ്‌ലാം അടിസ്ഥാന തത്ത്വങ്ങൾ**
ഇമാം അഹ്മദ് (വിവ: മൂസ സ്വലാഹി കാര)
പേജ് :100 | വില : 90

**പ്രീ പബ്ലിക്കേഷൻ ആനുകൂല്യം**
**460 രൂപ വില വരുന്ന 7 പുസ്തകങ്ങൾ 350 രൂപക്ക്**

**സ്പെഷ്യൽ ഡിസ്കൗണ്ട്**
**2460 രൂപയുടെ പുസ്തകങ്ങൾ 2000 രൂപക്ക്**

നേർപഥം
വാരിക
0028 / 2017 ജൂലായ് 22 / 1438 ശവ്വാൽ 28 / പുസ്തകം 01 / ലക്കം 28



നദീം അബ്ദുല്ല / 10

# മതവും സ്വാതന്ത്ര്യവും
## അപകർഷതയിൽ പൊതിഞ്ഞ മിഥ്യാധാരണയും

**മുഖമൊഴി**
മതേതരശക്തികൾ മൗനം വെടിയുക / 05
എഡിറ്റർ

**ലേഖനങ്ങൾ**
മുദ്രവെച്ച ഹൃദയങ്ങൾ / 06
അൻവർ അബൂബക്കർ

കോപാഗ്നിയെ നിയന്ത്രിക്കുക / 08
ഫദ്‌ലുൽ ഹഖ് ഉമരി

**വിവർത്തനം**
സ്ത്രീകളെ ആദരിക്കുന്ന ദർശനം / 14
ഡോ. അബ്ദുർറസ്സാക് അൽബദർ

ഖിലാഫത്തും സ്വതന്ത്രാധികാരവും / 29
അബ്ദുർറഹ്മാൻ ഹസൻ ഹബ്ന്നകതുൽ മീദാനി

**ബാലപഥം**
വഴി മാറിപ്പോയ വൻ വിപത്ത് / 18
ദുൽക്കർഷാൻ. എ

**ചരിത്രപഥം**
ആദമിന്റെ രണ്ട് മക്കൾ / 20
ഹുസൈൻ സലഫി, ഷാർജ

**വിമർശനം**
ഇമാം ബുഖാരി അന്ധവിശ്വാസ പ്രചാരകനോ? / 23
അബ്ദുൽ മാലിക് സലഫി

**പാരന്റിംഗ്**
സ്വഭാവ വളർച്ച കുട്ടികളിൽ / 26
അശ്റഫ് എകരൂൽ

**കവിത**
എന്തൊരഴക്!!
ഉസ്മാൻ പാലക്കാഴി / 19

ഗാസയിലെ പൂമൊട്ടുകൾ / 34
ലാമിയ. കെ, എടത്തനാട്ടുകര

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com I 0495 4019437

## വായനക്കാർ എഴുതുന്നു




### വർത്തമാനകാല പ്രതിസന്ധി

നേർപഥം ലക്കം 27ലെ 'വർത്തമാനകാല പ്രതിസന്ധി; പുര കത്തുമ്പോൾ കഴുക്കോൽ വലിക്കുന്നവരോട്' എന്ന ഹാഷിം കാക്കയങ്ങാടിന്റെ ലേഖനം ശ്രദ്ധേയമായി.

'ഒരു ഭാഗത്ത് ഫാസിസ്റ്റ് വിരുദ്ധത ഇടതടവില്ലാതെ എഴുതുകയും പ്രസംഗിക്കുകയും ചെയ്യുക, മറ്റൊരു ഭാഗത്ത് സംഘികളെ വിളിച്ച് സൽക്കരിക്കുകയും ചെയ്യുക എന്ന വൈരുധ്യം നിലവിൽ ജമാഅത്തിന് മാത്രം അവകാശപ്പെട്ടതാണ്. സംഘപരിവാറിന്റെ മാനസപുത്രനായ രാഹുൽ ഈശ്വർ അവർക്ക് സ്വീകാര്യനാകുന്നതിന്റെ രസതന്ത്രം എന്താണെന്ന് എത്ര ചിന്തിച്ചിട്ടും മനസ്സിലാകുന്നില്ല. വിശ്വസിച്ച മതമനുസരിച്ച് ജീവിക്കാൻ വിടാതെ സംഘപരിവാർ വേട്ടയാടിക്കൊണ്ടിരിക്കുന്ന ഹാദിയ വിഷയം കത്തിനിന്ന ഈ റമദാനിലും ഇഫ്താർ വിരുന്നൊരുക്കി സംഘി നേതാക്കളെ സൽക്കരിച്ചവർ മറ്റുള്ളവർക്ക് ഫാസിസ്റ്റ് വിരുദ്ധത പഠിപ്പിക്കാൻ ഇനിയും മിനക്കെടരുതെന്നപേക്ഷിക്കുന്നു' എന്ന ലേഖകന്റെ വാചകങ്ങൾക്ക് 'ഞങ്ങൾ സഹിഷ്ണുതയുള്ളവരായതുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്' എന്ന മറുപടി ജമാഅത്ത് സുഹൃത്തുക്കൾ നൽകിയേക്കും.

എന്നാൽ ദീനും ദുൻയാവും ഒന്നാണെന്ന വാദമുള്ള, സംഘപരിവാറിനെ നഖശിഖാന്തം പ്രതിരോധിക്കുന്നവർ തങ്ങളാണെന്ന് വരുത്തിത്തീർക്കാൻ യത്നിക്കുന്നവർ അവർക്ക് വിരുന്നൊരുക്കുന്നതിലുള്ള വിരോധാഭാസമാണ് ചോദ്യം ചെയ്യപ്പെടുന്നത്. അതല്ലാതെ ആരോടെങ്കിലും അസ്പൃശ്യത പുലർത്തണമന്നോ മിണ്ടിക്കൂടെന്നോ അല്ല പറയുന്നത്. വാക്കും പ്രവൃത്തിയും രണ്ടും രണ്ടു വഴിക്ക് പോകുന്നത് കാണുമ്പോൾ സ്വാഭാവികമായും ചോദിക്കപ്പെടും.

ഇന്ത്യയിലെ മുസ്‌ലിംകൾ ഇന്ന് അനുഭവിച്ച് കൊണ്ടിരിക്കുന്ന പ്രതിസന്ധികൾക്കിടയിൽ പരമാവധി ഒന്നിച്ച് നിന്ന് കൊണ്ട് അതിനെ മറികടക്കാനാണ് നാം ശ്രമിക്കേണ്ടത്. ആരുടെയും ആത്മാർഥതയെ ചോദ്യം ചെയ്ത് ആളാവാനല്ല നാം ശ്രമിക്കേണ്ടത്. നമ്മളെല്ലാത്തവരൊക്കെയും വെറും മണ്ടന്മാരാണെന്ന അഹങ്കാരവുമല്ല നമുക്ക് വേണ്ടത്. അടിയുറച്ച വിശ്വാസവും മനമുരുകിയ പ്രാർഥനയും അതോടൊപ്പം സമാധാനവാദികളായ ഭൂരിപക്ഷമതത്തിലെ ഭൂരിപക്ഷമാളുകളെയും ചേർത്തുപിടിച്ച് ഈ വിപൽഘട്ടത്തെ ആസൂത്രണ പാടവത്തോടെ ചെറുത്ത് തോൽപിക്കാനുള്ള യജ്ഞത്തിൽ ഒരൊറ്റ മനസ്സോടെ നാം മുന്നേറുക. അല്ലാഹു നമ്മെ വിജയിപ്പിക്കുക തന്നെ ചെയ്യും.

**-ജുനൈദ് പെരുമ്പാവൂർ**

### ഉണർന്നിരിക്കുന്ന അന്ധവിശ്വാസങ്ങൾ

'മരിച്ചുകിടക്കുന്ന മനുഷ്യരും ഉണർന്നിരിക്കുന്ന അന്ധവിശ്വാസങ്ങളും' എന്ന ടി.കെ അശ്‌റഫിന്റെ ലേഖനം വർത്തമാനകാലത്തെ പൊള്ളുന്ന യാഥാർഥ്യങ്ങളെ തുറന്നുകാട്ടുന്നതായിരുന്നു. "സമൂഹത്തിന്റെ കണ്ണ് തുറപ്പിക്കാവുന്ന ഒട്ടനവധി അപായസൂചനകൾ കൊളത്തൂർ സംഭവം സമൂഹത്തിൽ അനാവരണം ചെയ്യുന്നുണ്ട്. ഇത്രയൊക്കെ സംഭവിച്ചിട്ടും അവരുടെ കുടുംബങ്ങൾ ഇതറിഞ്ഞിരുന്നില്ലന്ന് വരുമ്പോൾ കുടുംബബന്ധം നമ്മുടെ നാട്ടിൽ എത്രമാത്രം ശിഥിലമായിരിക്കുന്നു! അയൽപക്ക ബന്ധം എത്രമാത്രം അകന്ന് പോയിരിക്കുന്നു, സ്വന്തം കാര്യം മാത്രം നോക്കുന്ന സമൂഹത്തിന്റെ സ്വാർഥതക്ക് നേരെയുള്ള അട്ടഹാസം കൂടിയാണ് ഈ സംഭവം. ഡിഗ്രി വരെ പഠിച്ച ചെറുപ്പക്കാരൻ പോലും ഈ സംഭവത്തിന് കൂട്ട് നിന്നുവെന്ന് വരുമ്പോൾ വിദ്യഭ്യാസവും ധാർമികബോധവും സമാന്തര രേഖകളാകുന്നത് നാം കാണാതിരുന്നു കൂടാ."

ഈ വാചകങ്ങൾ അക്ഷരാർഥത്തിൽ കണ്ണുതുറക്കാൻ പ്രേരിപ്പിക്കുന്നതാണ്. പുരോഗതിയുടെ ഉത്തുംഗതയിൽ എത്തിനിൽക്കുന്നു എന്ന് അഭിമാനിക്കുമ്പോഴും ഉറ്റവരെയും ഉടയവരെയും പരിഗണിക്കാത്ത, അയൽവാസിയെക്കുറിച്ച് യാതൊരറിവുമില്ലാത്ത, ഒറ്റപ്പെട്ട തുരുത്തുകളായി കഴിഞ്ഞുകൂടുന്ന പ്രവണതയുടെ നേർക്കാഴ്ച കൂടിയാണ് കൊളത്തൂർ സംഭവം കാണിച്ചുതന്നത്.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരിൽ പടവാളായി നിലകൊള്ളാൻ 'നേർപഥ'ത്തിന് കഴിയുമാറാകട്ടെ.

**-അനസ് മുബാറക്. കെ, പൊന്നാനി**

### നേരിന്റെ ആർജവം

'നേർപഥം' ലക്കം 27ലെ വിഭവങ്ങളെല്ലാം ഹൃദ്യമായിരുന്നു. നേർക്കുനേർ, പ്രമാണബദ്ധമായി വിഷയങ്ങൾ അവതരിപ്പിക്കുന്നു എന്ന സവിശേഷത എന്നും നിലനിർത്തുമല്ലോ. 'ശാന്തിഗേഹം' എന്ന ശ്രദ്ധേയമായ പംക്തി ഇപ്പോൾ കാണാത്തതിലുള്ള പ്രതിഷേധം അറിയിക്കട്ടെ.

**-ഫാത്തിമ നസ്‌റിൻ.കെ.എം, കല്ലായി**

മുഖമൊഴി

# മതേതരശക്തികൾ മൗനം വെടിയുക

നഗ്നമായ വർഗീയത വിശ്വാസപ്രമാണമായി സ്വീകരിക്കുകയും അത് പരസ്യമായി പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും ചെയ്യുന്നവർ നാടുവാഴുമ്പോൾ അതിന്റെ അപകടം ശരിക്കും മനസ്സിലാക്കാനോ വിലയിരുത്താനോ കഴിയാതെ മതേതര ജനാധിപത്യ സഖ്യങ്ങൾ സമകാലീന ഇന്ത്യയിൽ പരാജയപ്പെട്ടു പോകുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.

ഫാസിസത്തിന്റെ ഇന്ത്യൻ പതിപ്പുകളാണ് സംഘപരിവാർ കക്ഷികൾ എന്നും ഹിറ്റ്ലറുടെ സാമൂഹ്യ വീക്ഷണമാണ് ഇവരുടേതെന്നുമുള്ള യാഥാർഥ്യം ഇവർ മനസ്സിലാക്കാതെ പോകുന്നു. കേവലം പഞ്ചായത്ത് മെമ്പർ സ്ഥാനത്തിനു വേണ്ടി പോലും ഇവരുമായി കൂട്ടുകൂടാൻ ചിലർ മടികാണിക്കാത്തതിന്റെ പ്രചോദനവും മറ്റൊന്നായിരിക്കില്ല. ഒരു ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ ബി.ജെ.പിക്കും സംഘപരിവാറിനും പാർലമെന്ററി രാഷ്ട്രീയം കൈകാര്യം ചെയ്യാൻ മാത്രമെ സാധിക്കുകയുള്ളൂ എന്ന തെറ്റായ വിശ്വാസമാണ് ഇത്തരക്കാരെ നയിക്കുന്നത്.

എന്നാൽ ഇവർ മറന്നുപോയ, അല്ലെങ്കിൽ പഠിക്കാത്ത ചില സത്യങ്ങളുണ്ട്. ഹിറ്റ്ലറും നാസി പാർട്ടിയും ജർമനിയിൽ വേരുറപ്പിച്ചതും തെരഞ്ഞെടുപ്പിലൂടെയായിരുന്നു. 1928ൽ ജർമൻ പാർലമെന്റിലേക്ക്നടന്ന തെരഞ്ഞെടുപ്പിൽ നാസി പാർട്ടിക്ക് വെറും 12 സീറ്റ് മാത്രമാണുണ്ടായിരുന്നത്. 1933ൽ 250ഓളം സീറ്റുകളും 44 ശതമാനം വോട്ടും നേടി ഏറ്റവും വലിയ ഒറ്റക്കക്ഷിയായി മാറി. തുടർന്ന് അധികാരത്തിലെത്തിയതോടെ പാർലമെന്റിനെ റബ്ബർ സ്റ്റാമ്പാക്കി മാറ്റി. അതുപോലെ 1984ൽ വെറും രണ്ട് എംപിമാർ മാത്രമുണ്ടായിരുന്ന ബി.ജെ.പിയാണ് പാർലമെന്ററി സമ്പ്രദായം ഉപയോഗിച്ച് ഇന്ന് ഭരണകക്ഷിയായിത്തീർന്നിരിക്കുന്നത്. തെരഞ്ഞെടുപ്പുകളോ പാർലമെന്ററി സംവിധാനമോ ഫാസിസത്തിന്റെ വരവിനെ ചെറുക്കുമെന്ന് കരുതുന്നത് മൗഢ്യമാണെന്ന് അർഥശങ്കയ്ക്കിടയില്ലാത്ത വിധം ഇത് ബോധ്യപ്പെടുത്തിത്തരുന്നു. അധികാരത്തിന്റെ അപ്പക്കഷ്ണങ്ങൾക്കായുള്ള പരക്കം പാച്ചിലിൽ അന്ധത ബാധിച്ച മതേതര കക്ഷികൾ ഈ യാഥാർഥ്യം കാണാതെപോകുന്നു.

ഗാന്ധിജി ഫാസിസത്തിന്റെ ഈ മുഖം നേരത്തെ തന്നെ കണ്ടെത്തിയിരുന്നു. ഇന്ത്യൻ ജനതക്ക് അദ്ദേഹം ഇക്കാര്യത്തിൽ മുന്നറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. ഗാന്ധിജിയുടെ പ്രൈവറ്റ് സെക്രട്ടറിയും സന്തത സഹചാരിയുമായിരുന്ന പ്യാരിലാൽ 'മഹാത്മാഗാന്ധി; അന്ത്യഘട്ടം' എന്ന ഗ്രന്ഥത്തിൽ ഇക്കാര്യം ഇങ്ങനെ രേഖപ്പെടുത്തുന്നു: "സ്വാതന്ത്ര്യസമരം കത്തിനിന്ന കാലം. മഹാത്മാഗാന്ധിയുടെ പിന്തുണയില്ലാതെ ഇന്ത്യൻ രാഷ്ട്രീയത്തിൽ സ്ഥാനം ലഭിക്കാൻ കഴിയില്ലെന്ന് ഫാസിസ്റ്റുകൾ മനസ്സിലാക്കി. (1934ലെ എ.ഐ.സി.സി, ആർ.എസ്.എസ് അടക്കമുള്ള ഫാസിസ്റ് സംഘടനകളെ ബഹിഷ്കരിക്കാൻ തീരുമാനമെടുത്ത കാലമായിരുന്നു അത്). ഗാന്ധിയയെ സ്വാധീനിക്കാൻ അവർ ശ്രമമാരംഭിച്ചു. അങ്ങനെ ഗാന്ധിയുടെ ആസ്ഥാനമായിരുന്ന വർധയിൽ നടന്ന ഒരു ആർ.എസ്.എസ് ക്യാമ്പ് സന്ദർശിക്കാൻ ഹെഡ്ഗെവാർ അദ്ദേഹത്തെ ക്ഷണിച്ചു. സ്വതസിദ്ധമായ മര്യാദ പ്രകാരം അദ്ദേഹം ക്ഷണം സ്വീകരിച്ചു."

പരിപാടിയിൽ പങ്കെടുത്തതിനു ശേഷം ഗാന്ധി പ്രകടിപ്പിച്ച അഭിപ്രായം പ്യാരിലാൽ ഇങ്ങനെ രേഖപ്പെടുത്തുന്നു:

"പരിപാടിക്കിടയിൽ കൂട്ടത്തിൽ വന്ന ഒരാൾ ഗാന്ധിയോട് ആർ.എസ്.എസിന്റ മഹിമ എടുത്തു പറയാൻ തുടങ്ങി. അവർ അച്ചടക്കവും ധീരതയും പ്രകടിപ്പിക്കുന്നതായി അയാൾ ചൂണ്ടിക്കാട്ടി. ഗാന്ധിജി അതിന് കൊടുത്ത മറുപടി ഇങ്ങനെയായിരുന്നു: "ഹിറ്റ്ലറുടെ നാസികളും മുസോളനിയുടെ ഫാസിസ്റ്റുകളും അങ്ങനെത്തന്നെയായിരിന്നു എന്നത് മറക്കേണ്ട."

സ്വന്തം വീടുകളിലേക്ക് അപകടങ്ങൾ കടന്നുവരുമ്പോൾ മാത്രം ഞെട്ടിയുണരുന്ന ആൾക്കൂട്ടങ്ങളായി, പ്രതികരിക്കാൻ ശേഷിയുണ്ടായിട്ടും ശബ്ദം പുറത്തേക്ക് വരാത്തവണ്ണം ക്ഷീണിതരായി ഇന്ത്യൻ ജനത അധഃപതിക്കുകയാണോ? ഫാസിസ്റ്റ് ശക്തികൾ ഈയിടെയായി നടത്തിക്കൊണ്ടിരിക്കുന്ന ഭീകരമായ അക്രമങ്ങളും മൗലികാവകാശ ധ്വംസനങ്ങളും നുണപ്രചാരണങ്ങളും അവയ്ക്കെല്ലാം അധികാരം കയ്യാളുന്നവർ നൽകുന്ന പ്രത്യക്ഷവും പരോക്ഷവുമായ പിന്തുണയും കണ്ടിട്ടും ഇതിനെല്ലാം മുമ്പിൽ വാ തുറക്കാൻ കഴിയാതെ പകച്ചുനിൽക്കുന്ന ആൾക്കൂട്ടമായി മാറരുത് മതനിരപേക്ഷത നാട്ടിൽ നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന പാർട്ടികൾ.

ലേഖനം

അൻവർ അബൂബക്കർ
manwar78.vkd@gmail.com

# മുദ്രവെച്ച ഹൃദയങ്ങൾ




**അ**ല്ലാഹുവിന്റെ മാർഗത്തിലേക്ക് ജനങ്ങളെ ഗുണകാംക്ഷയോടെ ക്ഷണിക്കുന്നവരാണ് സത്യവിശ്വാസികൾ. പ്രസ്തുത ക്ഷണത്തെ സ്വീകരിക്കുന്നവരും നിരാകരിക്കുന്നവരുമായി ധാരാളം ആളുകൾ സമൂഹത്തിൽ ജീവിക്കുന്നു. മരണാനന്തരം വിജയവും പരാജയവും ദൈവികബോധനത്തിന്റെ അടിസ്ഥാനത്തിൽ ജീവിക്കുന്നതുമായാണ് ബന്ധപ്പെട്ടുകിടക്കുന്നതെന്ന് തിരിച്ചറിഞ്ഞവർക്ക് ഈ സന്ദേശം സ്വീകരിക്കാത്തവരുടെ പരലോകജീവിതത്തെ കുറിച്ച് സങ്കടമുണ്ടാകും. അല്ലാഹുവിൽ നിന്നും വന്നെത്തിയ സത്യങ്ങൾ നിഷേധിക്കാൻ അജ്ഞതയായിരിക്കും പലപ്പോഴും ഇത്തരം ആളുകളിൽ കാരണമായി ഭവിക്കാറുള്ളത്. പ്രവാചകൻമാർ നൽകിയ സദുപദേശങ്ങളും താക്കീതുകളും ഇവരുടെ മനസ്സ് മാറാൻ പര്യാപ്തമായവയാണ്.

സത്യം എന്താണെന്ന് മനസ്സിലാക്കിയിട്ടും പിന്നെയും ബോധപൂർവം അതിനെ മറച്ചുവെക്കുകയും അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നവരുടെ സ്ഥിതി മറ്റൊന്നാണ്. അവർക്ക് ക്വുർആൻ നൽകുന്ന താക്കീത് പ്രയോജനപ്പെടുകയില്ല. സ്രഷ്ടാവ് നൽകുന്ന ഉപദേശങ്ങൾക്ക് ചെവികൊടുക്കാതിരിക്കുകയും അതിനെക്കുറിച്ച് ചിന്തിക്കാൻപോലും വിമുഖത കാണിക്കുകയും ചെയ്യുന്നവർ ഒരിക്കലും സന്മാർഗം പ്രാപിക്കുകയില്ല. അവരെക്കുറിച്ച് അല്ലാഹു പറഞ്ഞു: “സത്യനിഷേധികളായ ഒരു കൂട്ടർ, അവർക്ക് നീ താക്കീത് നൽകിയാലും, നീ അവർക്ക് താക്കീത് നൽകിയില്ലെങ്കിലും സമമാകുന്നു. അവർ വിശ്വസിക്കുന്നതല്ല” (ക്വുർആൻ 2:6).

മുഹമ്മദ് നബിﷺയുടെ പ്രബോധന കാലഘട്ടത്തിൽ അടുത്തവരും ഉറ്റവരുമായവർ ദൈവികബോധനത്തിൽ വിശ്വസിക്കാത്തതിന്റെ പേരിൽ പ്രവാചകന് അങ്ങേയറ്റത്തെ ഉത്കണ്ഠയും പ്രയാസവും അനുഭവപ്പെട്ടിരുന്നു. ക്വുർആനിലെ ചില സൂക്തങ്ങൾ നബിﷺയുടെ ഈ പ്രയാസത്തെ കുറിച്ച് എടുത്തുപറഞ്ഞിട്ടുണ്ട്.

മനഃപൂർവം ദൈവികമാർഗം അവഗണിക്കുന്നവർ ഇനി വിശ്വസിക്കുന്നവരല്ലെന്ന കാര്യം അല്ലാഹു വെളിപ്പെടുത്തുമ്പോൾ, അവരെപ്പറ്റിയുള്ള മനഃപ്രയാസങ്ങളും അതിന്റെ ഉത്തരവാദിത്തങ്ങളും പ്രവാചകന് വഹിക്കേണ്ടിവരില്ലെന്ന സമാധാനം അത് നൽകുന്നു.

"അവരുടെ ഹൃദയങ്ങൾക്കും കാതിനും അല്ലാഹു മുദ്രവെച്ചിരിക്കുകയാണ്. അവരുടെ ദൃഷ്ടികളിൻമേലും ഒരു മൂടിയുണ്ട്. അവർക്കാകുന്നു കനത്ത ശിക്ഷയുള്ളത്" (ക്വുർആൻ 2:7).

നിഷേധവും ധിക്കാരവും നിറഞ്ഞവരുടെ ഹൃദയങ്ങളിലേക്ക് അല്ലാഹുവിൽ നിന്നുള്ള ദൃഷ്ടാന്തങ്ങളും താക്കീതുകളും ഉപദേശങ്ങളും പ്രവേശിക്കുകയില്ല. അവരുടെ ഹൃദയങ്ങൾക്ക് അക്കാരണത്താൽ തന്നെ അല്ലാഹു മുദ്രവെച്ചിരിക്കുകയാണ്. ഒരു കത്തിന് മുദ്രവെച്ചാൽ അതോടുകൂടി അതിന് ഭദ്രതയും അന്തിമരൂപവുമായി. പിന്നീടതിലേക്ക് ഒന്നും കൂട്ടിച്ചേർക്കുവാനോ ഒഴിവാക്കുവാനോ സാധിക്കുകയില്ല. അതുപോലെയാണ് അല്ലാഹു മുദ്രവെച്ച ഹൃദയങ്ങൾ. അജ്ഞതകൊണ്ട് ദൈവികമാർഗം നിഷേധിച്ചവരെക്കുറിച്ചല്ല ഈ പരാമർശം; സത്യം ഗ്രഹിച്ചിട്ടും ധിക്കാരപൂർവം അത് പരിത്യജിക്കുന്നവരാണവർ. തിന്മ ബാധിച്ച അവരുടെ ഹൃദയം മരവിച്ചു കഴിഞ്ഞിരിക്കുകയാണ്.

മുഹമ്മദ് നബിﷺ പറഞ്ഞു: "പായ ഇഴകളാൽ ചുറ്റപ്പെട്ടതുപോലെ ഹൃദയം പരീക്ഷണങ്ങളാൽ വലയം ചെയ്യപ്പെട്ടുകൊണ്ടിരിക്കും. തിന്മ ബാധിച്ച മനസ്സിൽ ഒരു കറുത്ത പുള്ളി വീഴും. അങ്ങനെ അത് വ്യാപിച്ച് ഹൃദയം മുഴുവൻ കറുത്ത മുദ്രവെക്കപ്പെട്ട അവസ്ഥയിലെത്തും. അങ്ങനെയവൻ നന്മയെ അംഗീകരിക്കുകയോ തിന്മയെ തള്ളിപ്പറയുകയോ ഇല്ല; അവന്റെ ആഗ്രഹങ്ങളോട് യോജിക്കുന്നവ അല്ലാതെ" (മുസ്‌ലിം).

സ്രഷ്ടാവിൽ നിന്നുള്ള ഉത്ബോധനങ്ങൾ നിഷേധിക്കുന്നത് വലിയ തിന്മയാണ്. പ്രസ്തുത തിന്മ ഹൃദയം മുഴുവൻ കറുത്ത മുദ്രവെക്കപ്പെട്ട അവസ്ഥയിലായാൽ പിന്നീടതിൽ നിന്നുള്ള മോചനം പ്രയാസകരമാണ്. "നിങ്ങൾ ചിന്തിച്ച് നോക്കിയോ? അല്ലാഹു നിങ്ങളുടെ കേൾവിയും കാഴ്ചകളും പിടിച്ചെടുക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൻമേൽ അവൻ മുദ്രവെക്കുകയും ചെയ്താൽ അല്ലാഹുവല്ലാതെ ഏതൊരു ആരാധ്യനാണ് നിങ്ങൾക്കത് കൊണ്ടുവന്ന് തരാനുള്ളത്?" (ക്വുർആൻ 6:46).

പരിചിന്തനാർഹമായ ഒരു ചോദ്യമാണിത്! അല്ലാഹു നൽകിയ ഹൃദയവും കണ്ണും കാതും ഉപയോഗപ്പെടുത്തി സ്രഷ്ടാവിനെ മനസ്സിലാക്കുവാനും അവന്റെ കൽപനകൾ അനുസരിക്കുവാനും സന്നദ്ധമാകേണ്ടവനാണ് മനുഷ്യൻ. ഈ അനുഗ്രഹങ്ങളൊന്നും ഉപയോഗിക്കാതെ അവനെ നിഷേധിക്കുന്നതും അവന്റെ കൽപനകൾക്ക് എതിര് പ്രവർത്തിക്കുന്നവരും അല്ലാഹുവിന്റെ ഈ ചോദ്യത്തെക്കുറിച്ച് ഉറ്റാലോചിക്കേണ്ടതുണ്ട്.


**നിഷേധവും ധിക്കാരവും നിറഞ്ഞവരുടെ ഹൃദയങ്ങളിലേക്ക് അല്ലാഹുവിൽ നിന്നുള്ള ദൃഷ്ടാന്തങ്ങളും താക്കീതുകളും ഉപദേശങ്ങളും പ്രവേശിക്കുകയില്ല. അവരുടെ ഹൃദയങ്ങൾക്ക് അക്കാരണത്താൽ തന്നെ അല്ലാഹു മുദ്രവെച്ചിരിക്കുകയാണ്. ഒരു കത്തിന് മുദ്രവെച്ചാൽഅതോടുകൂടി അതിന് ഭദ്രതയും അന്തിമരൂപവുമായി. പിന്നീടതിലേക്ക് ഒന്നും കൂട്ടിച്ചേർക്കുവാനോ ഒഴിവാക്കുവാനോ സാധിക്കുകയില്ല. അതുപോലെയാണ് അല്ലാഹു മുദ്രവെച്ച ഹൃദയങ്ങൾ.**

സത്യനിഷേധികളുടെ ഹൃദയങ്ങൾക്ക് മുദ്രവെച്ചിട്ടുണ്ടെന്നതിന്റെ ഉദ്ദേശ്യം അവരുടെ മനസ്സിലേക്ക് സത്യവിശ്വാസം പ്രവേശിക്കാത്ത രൂപത്തിൽ ആദ്യമേ തന്നെ അല്ലാഹു മുദ്ര പതിപ്പിച്ചിട്ടുണ്ട്, അതുകൊണ്ട് അവർക്ക് സത്യവിശ്വാസം സ്വീകരിക്കാൻ കഴിയാതെ വരുന്നു എന്നാണോ? ഒരിക്കലും അങ്ങനെയല്ല. അഹ്‌ലുസ്സുന്നത്തി വൽ ജമാഅഃയുടെ പണ്ഡിതൻമാർ ക്വുർആനിൽ നിന്നും തെളിവുകൾ ഉദ്ധരിച്ചുകൊണ്ട് ഇക്കാര്യം പഠിപ്പിച്ചു തന്നിട്ടുണ്ട്. ഉദാഹരണത്തിന്, ബനൂ ഇസ്‌റാഈല്യർ അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് വിധേയരായ കാരണം. അല്ലാഹു പറയുന്നു:

"എന്നിട്ട് അവർ കരാർ ലംഘിച്ചതിനാലും, അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ നിഷേധിച്ചതിനാലും, അന്യായമായി പ്രവാചകൻമാരെ കൊലപ്പെടുത്തിയതിനാലും, തങ്ങളുടെ മനസ്സുകൾ അടഞ്ഞുകിടക്കുകയാണ് എന്ന് അവർ പറഞ്ഞതിനാലും (അവർ ശപിക്കപ്പെട്ടിരിക്കുന്നു). തന്നെയുമല്ല, അവരുടെ സത്യനിഷേധം കാരണമായി അല്ലാഹു ആ മനസ്സുകളുടെ മേൽ മുദ്രകുത്തിയിരിക്കുകയാണ്. ആകയാൽ അൽപമായിട്ടല്ലാതെ അവർ വിശ്വസിക്കുകയില്ല" (ക്വുർആൻ 4:155).

ഇതുപോലെ, മനുഷ്യരുടെ ഹൃദയങ്ങൾ മുദ്രകുത്തപ്പെടാൻ കാരണമാക്കിയത് അവരുടെ സത്യനിഷേധം മാത്രമാണെന്നത് അറിയിക്കുന്ന വേറെയും സൂക്തങ്ങൾ ക്വുർആനിലുണ്ട്.

"വ്യക്തമായ തെളിവുകളും കൊണ്ട് മുമ്പ് യൂസുഫ് നിങ്ങളുടെ അടുത്ത് വ



ക്തങ്ങളെല്ലാം സ്പഷ്ടമായി അറിയിക്കുന്നു.

"ഇതിൽ (ക്വുർആനിൽ) ആദ്യതവണ അവർ വിശ്വസിക്കാതിരുന്നത് പോലെത്തന്നെ (ഇപ്പോഴും) നാം അവരുടെ മനസ്സുകളെയും കണ്ണുകളെയും മറിച്ചുകൊണ്ടിരിക്കും. അവരുടെ ധിക്കാരവുമായി വിഹരിച്ചുകൊള്ളുവാൻ നാം അവരെ വിട്ടേക്കുകയും ചെയ്യും" (ക്വുർആൻ 6:110).

"അതെ, ലോകരക്ഷിതാവിങ്കലേക്ക് ജനങ്ങൾ എഴുന്നേറ്റ് വരുന്ന ദിവസം. നിസ്സംശയം; ദുർമാർഗികളുടെ രേഖ സിജ്ജീനിൽ തന്നെയായിരിക്കും. സിജ്ജീൻ എന്നാൽ എന്താണെന്ന് നിനക്കറിയാമോ? എഴുതപ്പെട്ട ഒരു ഗ്രന്ഥമാകുന്നു അത്. അന്നേ ദിവസം നിഷേധിച്ചു തള്ളുന്നവർക്കാകുന്നു നാശം. അതായത് പ്രതിഫല നടപടിയുടെ ദിവസത്തെ നിഷേധിച്ചു തള്ളുന്നവർക്ക്. എല്ലാ അതിരുവിട്ടവനും മഹാപാപിയുമായിട്ടുള്ളവനല്ലാതെ അതിനെ നിഷേധിച്ചു തള്ളുകയില്ല. അവന്ന് നമ്മുടെ ദൃഷ്ടാന്തങ്ങൾ ഓതിക്കേൾപിക്കപ്പെടുകയാണെങ്കിൽ അവൻ പറയും; പൂർവികന്മാരുടെ ഐതിഹ്യങ്ങളാണെന്ന്. അല്ല; പക്ഷേ, അവർ പ്രവർത്തിച്ചുക്കൊണ്ടിരിക്കുന്നത് അവരുടെ ഹൃദയങ്ങളിൽ കറയുണ്ടാക്കിയിരിക്കുന്നു" (ക്വുർആൻ 83: 6-14).

നന്മ തിന്മകൾ പ്രവർത്തിക്കാൻ യാതൊരു സ്വാതന്ത്ര്യവും നൽകാതെ മനുഷ്യരുടെ മുഴുവൻ കർമങ്ങൾ അല്ലാഹു സൃഷ്ടിക്കുകയും അതുവഴി മനുഷ്യനെ നിർബന്ധിക്കുകയുമാണ് അല്ലാഹു ചെയ്തതെന്നവാദം ജഹ്മികളുടേതായിരുന്നു. ഈ വാദം പിൽകാലത്ത് സ്വൂഫികളും ഇൽമുൽ കലാമിലെ ജബരിയ്യാ വിഭാഗക്കാരുമൊക്കെ ഏറ്റെടുക്കുകയും അത് പരക്കെ പ്രചരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിനെയൊക്കെ അടിസ്ഥാനപരമായി ഖണ്ഡിക്കുവാൻ അഹ്‌ലുസ്സുഃയുടെ പണ്ഡിതന്മാർക്ക് സാധിച്ചിട്ടുണ്ട്; അവർ അതിനായി ഉദ്ധരിച്ചിട്ടുള്ള തെളിവ് കൂടിയാണ് മേൽ സൂക്തങ്ങൾ.

മനുഷ്യന് അല്ലാഹു സ്വാതന്ത്ര്യവും ഉദ്ദേശവും ഇച്ഛാശക്തിയും നൽകിയിട്ടുണ്ട്. അല്ലാഹു ഹൃദയത്തിന് മുദ്രവെക്കുന്ന അവസ്ഥക്ക് മുമ്പ് ഈ കാര്യങ്ങളെല്ലാം ശരിയായ നിലയ്ക്ക് ഉപയോഗിക്കുകയാണ് ബുദ്ധിയുള്ളവർ ചെയ്യേണ്ടത്. ●

രികയുണ്ടായിട്ടുണ്ട്. അപ്പോൾ അദ്ദേഹം നിങ്ങൾക്ക് കൊണ്ടുവന്നതിനെ പറ്റി നിങ്ങൾ സംശയത്തിലായിക്കൊണ്ടേയിരുന്നു. എന്നിട്ട് അദ്ദേഹം മരണപ്പെട്ടപ്പോൾ ഇദ്ദേഹത്തിനു ശേഷം അല്ലാഹു ഇനി ഒരു ദൂതനെയും നിയോഗിക്കുകയേ ഇല്ല എന്ന് നിങ്ങൾ പറഞ്ഞു. അപ്രകാരം അതിക്രമകാരിയും സംശയാലുവുമായിട്ടുള്ളതാരോ അവരെ അല്ലാഹു വഴിതെറ്റിക്കുന്നു. അതായത് തങ്ങൾക്ക് യാതൊരു ആധികാരിക പ്രമാണവും വന്നുകിട്ടാതെ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ തർക്കം നടത്തുന്നവരെ. അത് അല്ലാഹുവിന്റെ അടുക്കലും സത്യവിശ്വാസികളുടെ അടുക്കലും വലിയ കോപഹേതുവായിരിക്കുന്നു. അപ്രകാരം അഹങ്കാരികളും ഗർവിഷ്ഠരും ആയിട്ടുള്ളവരുടെ ഹൃദയങ്ങളിലെല്ലാം അല്ലാഹു മുദ്രവെക്കുന്നു" (ക്വുർആൻ 40:34,35).

'മൂസാ തന്റെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: എന്റെ ജനങ്ങളേ, നിങ്ങൾ എന്തിനാണ് എന്നെ ഉപദ്രവിക്കുന്നത്? ഞാൻ നിങ്ങളിലേക്കുള്ള അല്ലാഹുവിന്റെ ദൂതനാണെന്ന് നിങ്ങൾക്കറിയാമല്ലോ. അങ്ങനെ അവർ തെറ്റിയപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളെ തെറ്റിച്ചുകളഞ്ഞു. അല്ലാഹു ദുർമാർഗികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല" (ക്വുർആൻ 61:5).

ആരംഭത്തിൽ മനുഷ്യർ കാണിച്ച ധിക്കാരസ്വഭാവം അവർ തുടർന്നുപോയതിനാലാണ് അല്ലാഹു അവരുടെ ഹൃദയങ്ങളെ തെറ്റിച്ചുക്കളഞ്ഞതെന്ന് ഈ സൂ

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com,www.nerpatham.com

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com

ലേഖനം

നല്ല മനസ്സും നല്ല മനുഷ്യനും: 7



# കോപാഗ്നിയെ നിയന്ത്രിക്കുക

**ചു**റ്റുപാടുകളുടെയും സാഹചര്യങ്ങളുടെയും ഭാഗമായി മനുഷ്യൻ മാനസികമായ പല അവസ്ഥകൾക്കും വിധേയമാകുന്നു. പ്രചോദനങ്ങളുടെ ശക്തിക്കനുസരിച്ച് ഈ അവസ്ഥകളിലും ഏറ്റക്കുറച്ചിലുകളുണ്ടാകും.ഇഷ്ടമില്ലാത്തത് കേൾക്കുമ്പോൾ, താൽപര്യമില്ലാത്തത് കാണുമ്പോൾ മനഷ്യന്റെ വൈകാരികത ഉണരുകയും അത് പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഇതിന്റെ പേരാണ് കോപം. ചെറിയവരിലും വലിയവരിലും ഏറ്റ വ്യത്യാസമന്യെ കാണപ്പെടുന്ന ഒരു സ്വഭാവമാണ് കോപം. കുടുംബബന്ധങ്ങളെയും സമൂഹത്തെയും നാടിനെയും തന്നെ തകർത്ത് കളയാൻ കാരണമാകുന്ന ഒരു വൈകാരിക രോഗമാണ് കോപം. അനാവശ്യ വാക്കുകളും ആയുധ പ്രയോഗങ്ങളും പ്രതികാര മനസ്സും യുദ്ധങ്ങളുമെല്ലാം കോപത്തിന്റെ ഉൽപന്നങ്ങളാണ്. ബന്ധങ്ങൾ മുറിയുന്നതും കുടുംബങ്ങൾ തകരുന്നതും സമൂഹത്തിൽ നിന്ദ്യനാകുന്നതുമെല്ലാം കോപത്തിന്റെ ഫലമായുണ്ടാകുന്ന ദോഷങ്ങളായി നാം കാണുന്നു. ദൂരവ്യാപകമായ നാശങ്ങളുടെ കവാടങ്ങൾ തുറക്കാനുള്ള ഒരു താക്കോലാണ് കോപം എന്നു വേണമെങ്കിൽ പറയാം.

കോപം അടക്കിവെക്കുന്നവരെയാണ് അല്ലാഹു പുകഴ്ത്തിപ്പറഞ്ഞിട്ടുള്ളത്:

"(അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാനധർമങ്ങൾ ചെയ്യുകയും കോപം ഒതുക്കിവെക്കുകയും മനുഷ്യർക്ക് മാപ്പുനൽകുകയും ചെയ്യുന്നവർക്ക് വേണ്ടി. (അത്തരം) സൽകർമകാരികളെ അല്ലാഹു സ്നേഹിക്കുന്നു" (3:134).

ഈ സൂക്തത്തിൽ പറഞ്ഞ മൂന്ന് സ്വഭാവങ്ങളും ഒരു സത്യവിശ്വാസിയുടെ അലങ്കാരമാണ്. പക്ഷേ, ഈ അലങ്കാരം സ്വീകരിക്കുന്നവർ വളരെ വിരളമാണ്. അന്യരുടെമേൽ കോപം പ്രകടിപ്പിക്കാനല്ല വിട്ടുവീഴ്ച ചെയ്യുവാനാണ് അല്ലാഹു പറയുന്നത്:

"നീ വിട്ടുവീഴ്ച സ്വീകരിക്കുകയും സദാചാരം കൽപിക്കുകയും അവിവേകികളെ വിട്ട് തിരിഞ്ഞുകളയുകയും ചെയ്യുക" (3:199).

"നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അത് കൊണ്ട നീ (തിൻമയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു" (41:34).

"മൽപ്പിടുത്തത്തിൽ വിജയിക്കുന്നവനല്ല ശക്തൻ; മറിച്ച് ദേഷ്യം വരുമ്പോൾ സ്വന്തത്തെ നിയന്ത്രിക്കുന്നവനാണ്" എന്ന പ്രവാചക വചനം ഓർക്കുക.


ശക്തൻ ആരാണെന്ന സമൂഹത്തിന്റെ സങ്കൽപത്തെ ഇത് മാറ്റിമറിക്കുന്നു. മനസ്സിന്റെയും ഹൃദയത്തിന്റെയും ധീരതയാണിവിടെ പ്രവർത്തിക്കുന്നത്. വിവേകംകൊണ്ട് കോപത്തിന്റെ നിയന്ത്രിക്കണം. വിനാശകരമാകുന്ന പര്യവസാനത്തെക്കുറിച്ച് ചിന്തിക്കണം. കോപത്തിന്റെ തോതനുസരിച്ച് വൈകാരികത പ്രകടിപ്പിക്കുക എന്നതാണ് ധീരതയുടെ അടയാളമായി ജനങ്ങൾ മനസ്സിലാക്കിയിട്ടുള്ളത്. പക്ഷേ, അത് ഹൃദയത്തിന്റെ രോഗമാണ്. ബുദ്ധിയുടെ കുറവാണ്. ദുർബലതയും പോരായ്മയുമാണ്. എത്ര പെട്ടെന്ന് കോപം വരുന്നുവോ അത്രത്തോളം മനുഷ്യൻ ദുർബലമാണെന്നർഥം. സ്ത്രീക്ക് പുരുഷനെക്കാൾ വേഗത്തിലാണ് കോപം വരിക. യുവാക്കളെക്കാൾ വേഗത്തിൽ കോപം വരുന്നത് വൃദ്ധൻമാർക്കാണ്. നല്ല വ്യക്തികളെക്കാൾ വേഗത്തിൽ കോപിക്കുന്നത് ചീത്ത സ്വഭാവക്കാരാണ്.

'അല്ലാഹുവിന്റെ കോപത്തിൽ നിന്ന് എന്നെ അകറ്റുന്ന കാര്യം എന്താണ് റസൂലേ' എന്ന് അബ്ദുല്ലാഹിബ്നു അംറ്ﷺ ചോദിച്ചപ്പോൾ നബിﷺ പറഞ്ഞു: "നീ കോപിക്കരുത്" (അഹ്മദ്). മറ്റൊരു വ്യ

(ശേഷം പേജ്: 17ൽ)

നദീം അബ്ദുല്ല
nadeemabdulla@gmail.com

ശരീഅത്തിനോടുള്ള അപകർഷതാ ബോധം പുരോഗമന മുസ്‌ലിം സംഘടനകളെയടക്കം പിടികൂടിയിരിക്കുന്നു എന്നതാണ് പുതിയ ലക്കം ശബാബ് നൽകുന്ന ഞെട്ടിക്കുന്ന യാഥാർഥ്യം. ഡാനിയേൽ ഹഖീഖറ്റ്ജൂവിന്റെ 'Bernie Sanders and the Mirage of religious freedom' എന്ന ലേഖനത്തെ ആസ്പദമാക്കിയുള്ള രചന.



# മതവും സ്വാതന്ത്ര്യവും അപകർഷതയിൽ പൊതിഞ്ഞ മിഥ്യാധാരണയും

ക്രിസ്ത്യാനികൾക്ക് മാത്രമെ സ്വർഗത്തിൽ പ്രവേശിക്കാൻ കഴിയൂ എന്ന വീക്ഷണം ഇസ്‌ലാമോഫോബിയയുടെ വിളംബരമാണോ? അതല്ല, ക്രിസ്തുമതത്തിന്റെ (വിവിധ അവാന്തര വിഭാഗങ്ങളുടെ) ഒരു അടിസ്ഥാന വിശ്വാസമാണോ? അല്ലെങ്കിൽ ഇതു രണ്ടുമാണോ?

അമേരിക്കയിലെ ബജറ്റ് ആൻഡ് മാനേജ്മന്റ് ഓഫീസിന്റെ ഡെപ്യൂട്ടി ഡയറക്ടർ ആയി ഡൊണൾഡ് ട്രമ്പ് നോമിനേറ്റ് ചെയ്ത റസ്സൽ വൗട്ടിനെ ഇസ്‌ലാമോഫോബിക്കും മതഭ്രാന്തനുമാണെന്ന് പറഞ്ഞ് ബെർനി സാൻടെഴ്സ് എതിർത്തത് വലിയ ചർച്ചകൾക്ക് വഴിവെച്ചിരിക്കുന്നു.[1] 'ക്രിസ്തുമത പാരമ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ മുസ്‌ലിംകൾ ന്യൂനതയുള്ളവരും നിന്ദ്യരുമാണ്' എന്ന വൗട്ടിന്റെ മുൻപരാമർശങ്ങളാണ് ഇത്തരമൊരു ആക്ഷേപമുന്നയിക്കാൻ സാന്റെഴ്സ് കാരണമായി ചൂണ്ടിക്കാണിച്ചത്. നമ്മെ സംബന്ധിച്ചിടത്തോളം ഈ സംഭവത്തിന്റെ രാഷ്ട്രീയം വിഷയമല്ലെങ്കിലും 'സ്വീകാര്യമായ വിശ്വാസവും' 'അസ്വീകാര്യമായ മതഭ്രാന്തും' തമ്മിൽ വേർതിരിക്കുന്ന അതിരുകളെ സംബന്ധിച്ച ചർച്ച പ്രധാനമാണ്.

അമേരിക്കയിലെ നിരവധി മുസ്‌ലിം സംഘടനകൾ സാന്റേഴ്സ്ന്റെ ആരോപണത്തെ പിന്തുണക്കുകയും റസ്സൽ വൗട്ടിന്റെ പരാമർശത്തെ 'ഇസ്‌ലാമോഫോബിക്' എന്ന് ആക്ഷേപിച്ച് അപലപിക്കുകയും നിയമനത്തെ എതിർക്കുകയും ചെയ്തു.[2]

സാൻടെഴ്സിനെ സംബന്ധിച്ചിടത്തോളം അദ്ദേഹം ചെയ്യുന്നത് വൗട്ട് മതഭ്രാന്തനാണോ അല്ലേ എന്ന നിർണയമാണ്. മതഭ്രാന്തനാകാൻ മതഭ്രാന്ത് പരസ്യമായി പ്രകടിപ്പിക്കണം എന്നില്ല. ഒരു പ്രൊഫഷണൽ ബാസ്ക്കറ്റ് ബോൾ ടീമിന്റെ ഉടമസ്ഥ സ്ഥാനത്ത് നിന്ന് കോടിപതിയായ ഡൊണൾഡ് സ്റ്റെർലിങ്ങിനെ പുറന്തള്ളിയത് തന്റെ വംശീയ ഭ്രാന്ത്, പെൺസുഹൃത്തിനോട് പറഞ്ഞതു കൊണ്ടല്ല. അയാൾ 'വംശീയ വിരോധി ആയതുകൊണ്ടാണ്'.[3] മോസില്ല ഫയർഫോക്സിന്റെ സി.ഇ.ഒ ആയിരുന്ന ബ്രെണ്ടൻ എയ്ചിനെ സ്ഥാനഭ്രഷ്ടനാക്കിയത് സ്വവർഗ വിവാഹങ്ങൾക്കെതിരെയുള്ള കാമ്പയിന് സംഭാവന കൊടുത്തത് കൊണ്ടല്ല; 'അയാൾ ഹോമോഫോബ് ആയതുകൊണ്ടാണ്.'[4] ചുരുക്കത്തിൽ ഭ്രാന്തായി കണക്കാക്കപ്പെട്ട വിശ്വാസങ്ങൾ മനസ്സിന്റെ അന്തരാളങ്ങളിൽ അതിസൂക്ഷ്മായി, സ്വകാര്യതയുടെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചു കൊണ്ട് മറച്ചുവെച്ചിട്ടുണ്ടെങ്കിലും, ഒരു മതേതര രാജ്യത്ത് അത്തരം 'ഭ്രാന്തിന്' അയാൾ ഉത്തരവാദിത്തമുള്ളവനാണ്.

കേരളത്തിലെ പൊലീസ് സേനയുടെ ഉന്നത സ്ഥാനം അലങ്കരിച്ചിരുന്ന ടി.പി സെൻകുമാറിന്റെ വർഗീയതയും ഭൂരിപക്ഷ ഭീകരതയോടുള്ള കൂറും ഈയിടെ മറനീക്കി പുറത്തുവന്നപ്പോഴാണ്[5] മുസ്‌ലിംകളെ തിരഞ്ഞുപിടിച്ച് കരിനിയമത്തിൽ പെടുത്തിയിരുന്ന സെൻകുമാറിനു കീഴിലെ പൊലീസ് രാജിന്റെ ഭൂതകാലത്തെ കുറിച്ചുള്ള ചോദ്യങ്ങൾ പൊതുഇടങ്ങളിൽ നിന്ന് ഉയർന്നുവന്നത്. വാസ്തവത്തിൽ വർഗീയവിഷവും മതദ്വേഷവും മനസ്സിൽ കാത്തുസൂക്ഷിക്കുന്ന ഒരു വിഭാഗം ഉദ്യോഗസ്ഥരുടെ പ്രതിനിധി മാത്രമാണയാൾ. നിയമപാലകരുടെ മനസ്സകങ്ങളിലെ മതവും വിശ്വാസവും വർഗീയതയുമെല്ലാം നിയമപാലനത്തിൽ പ്രതിഫലിക്കുമെന്ന ആശങ്കകൾക്ക് അടിസ്ഥാനമുണ്ടെന്നർഥം.

### സ്വാതന്ത്ര്യമെന്ന മായ

മതനിയമ പണ്ഡിതനായ വിന്നിഫ്രെഡ് ഫാലെഴ്സ് സള്ളിവന്റെ അഭിപ്രായത്തിൽ നിയമവും മതവും തമ്മിലുള്ള ബന്ധം മതം എന്നതിന്റെ തന്നെ ഉചിതവും സൂക്ഷ്മവുമായ നിർവചനത്തെ ആശ്രയിച്ചിരിക്കുന്നു.[6]

നിർവചനത്തിലെ അവ്യക്തതകൾ എതിരാളികളെ ഒതുക്കൽ എളുപ്പമാക്കുന്നു. അമേരിക്കയിലെ ക്രിസ്ത്യൻ ബിസിനസുകാർക്കെതിരെ നിയമമുപയോഗിക്കാൻ ബിസിനസ് എതിരാളികൾക്ക് അവരിൽ ഹോമോഫോബിയയും സ്ത്രീവിരുദ്ധതയും പ്രത്യുൽപാദന അവകാശ വിരുദ്ധതയുമൊക്കെ ആരോപിച്ചാൽ മതിയാകും.[7] കാനഡയിലെ ആന്റി ഹേറ്റ് പ്രൊപഗണ്ടൺ ബിൽ ലിംഗമാറ്റത്തെകുറിച്ച ഒരാളുടെ മതവിശ്വാസമോ, വീക്ഷണ സ്വാതന്ത്ര്യമോ പരിഗണിക്കാതെ ട്രാൻസ്ജെന്ററുകളുടെ ലിംഗ തിരഞ്ഞെടുപ്പ് സ്വാതന്ത്ര്യത്തെ ബഹുമാനിക്കാൻ അയാളെ നിർബന്ധിക്കുന്നു.[8] മിക്ക വലതുപക്ഷ രാഷ്ട്രീയ സംഘടനകളെ സംബന്ധിച്ചിടത്തോളം വൈദേശിക ദർശനങ്ങളെ (സോഷ്യലിസം, ഇസ്‌ലാമിസം പോലുള്ളവ) നിയന്ത്രിക്കുന്നത് മതസ്വാതന്ത്ര്യത്തിന്റെ ലംഘനമാവുന്നില്ല.

മുസ്‌ലിംകളെ ആക്രമിക്കണമെന്ന് തോന്നുമ്പോൾ മതഭ്രാന്തോ, വിവേചനമോ, വൈദേശിക ദർശനത്തെ പ്രതിരോധിക്കലോ ഒക്കെ രാജ്യവും രാഷ്ട്രീയപ്പാർട്ടിയും സമയവും സാഹചര്യവും നോക്കി അങ്ങുപയോഗിക്കാം. ഫ്രാൻസിലും ജർമനിയിലും നെതർലൻഡ്സിലുമെല്ലാം നിലവിൽ വന്ന ഹിജാബ് നിരോധന ബില്ലുകൾ, ഹിജാബ് സ്ത്രീവിരുദ്ധവും വിവേചനപരവുമാണെന്ന് ആരോപിച്ചായിരുന്നു.[9] മറ്റുള്ള മതപാരമ്പര്യങ്ങളോട് വിദ്വേഷപരമായ സമീപനം പുലർത്തുന്നതാണെന്നു പറഞ്ഞാണ് ക്വുർആൻ നിരോധന ബിൽ കൊണ്ടുവരാൻ ശ്രമിച്ചത്.[10] സ്വവർഗലൈംഗികത അംഗീകരിക്കുന്നില്ലെന്നു ചൂണ്ടിക്കാട്ടിയാണ് ഇസ്‌ലാമിക നിയമങ്ങളെയും ശരീഅത്തിനെയും എതിർക്കുന്നത്.[11] ബാങ്ക് നിരോധിച്ചത് മറ്റുള്ള 'മത-ദൈവങ്ങൾ'ക്കെതിരെയുള്ള വാചകങ്ങൾ അതിലുണ്ടെന്നു പറഞ്ഞാണ്.[12] പുതിയ പള്ളികൾ നിർമിക്കുന്നതിനെ എതിർക്കാൻ കണ്ടെത്തിയ കാരണം സ്ത്രീപുരുഷന്മാർക്ക് വെവ്വേറെ സൗകര്യങ്ങൾ ആണ് ഒരുക്കിയതെന്നും, അതിനാൽ തന്നെ സ്ത്രീവിരുദ്ധവും വിവേചനപരവുമാണെന്നതാണ്.[13]

വായനകൾക്കും പഠനത്തിനും ശേഷം സ്വന്തം ഇഷ്ടപ്രകാരം ഇസ്‌ലാമിലേക്ക് മതപരിവർത്തനം ചെയ്ത ഇരുപത്തഞ്ചുകാരിയായ മെഡിക്കൽ വിദ്യാർഥിനി ഹാദിയ(അഖില)യുടെ വിശ്വാസ സ്വാതന്ത്ര്യത്തെയും, വ്യക്തി സ്വാതന്ത്ര്യത്തെയും കവർന്നെടുത്ത് 'ഹാദിയയുടെ നന്മയെയും' 'പൊതുനന്മയെയും' കരുതി വീട്ടുതടങ്കലിലാക്കിയ സെക്കുലർ കോടതി വിധി ഇങ്ങനെയാണുണ്ടായത്.[14] ഫേസ്ബുക്കിലെ 'സെക്കുലർ' പടവാളുകളായ റിട്ട. ജസ്റ്റിസ് മാർകണ്ഠേയ കട്ജുവിനെ പോലുള്ളവരുടെ പർദ നിരോധന ആഹ്വാനങ്ങളും ഒരു പരിഷ്കൃത സമൂഹത്തിന് ഇസ്‌ലാമിന്റെ വിധിവിലക്കുകൾ അംഗീകരിക്കാൻ കഴിയില്ലെന്ന 'പുരോഗമന' നിലപാടിൽ നിന്ന് വരുന്നതാണ്.[15] സാക്കിർ നായിക്കിന്റെയും എം.എം അക്ബറിന്റെയും ഇസ്‌ലാമിക പ്രബോധനത്തെ ഉൾക്കൊള്ളാൻ ഇവരുടെ മതസ്വാതന്ത്ര്യത്തിന് കഴിയാത്തതും അതുകൊണ്ടാണ്.

സ്വവർഗ ലൈംഗികത വൈകൃതവും പ്രകൃതി വിരുദ്ധവുമായി കണ്ടിരുന്നിടത്തു നിന്ന് അവകാശമായി മാറിയത് എത്ര പെട്ടെന്നായിരുന്നു! പുരോഗമനത്തിന്റെ അതിരുകൾ ആരോ നീട്ടിവരക്കുമ്പോഴേക്ക്, ചെരുപ്പിനൊപ്പിച്ച് കാൽ മുറിച്ച്, അതിരുകൾ ഭേദിച്ച് ഓടിക്കയറാൻ തയ്യാറാവുന്ന ആളുകളോട്, എന്താണ് അത്തരമൊരു നിലപാടിന് കാരണമെന്ന് ചോദിച്ചു നോക്കൂ... എവിടെയോ പറഞ്ഞു കേട്ട ഞൊണ്ടിന്യായങ്ങളായിരിക്കും: ബ്രെയിൻ തീർക്കുന്ന ലൈംഗിക ക്രമീകരണം, ശാസ്ത്രീയത.

ശരി, എങ്കിൽ കുട്ടികളോട് തോന്നുന്ന ലൈംഗിക തൃഷ്ണയോ(pedophilia)? മൃഗങ്ങളോട് തോന്നുന്നതോ(zoophilia)? അമ്മയെയും പെങ്ങളെയും മകളെയും മകനെയുമെല്ലാം ലൈംഗികവൃത്തിക്കുപയോഗിക്കുന്നതോ(incest)?

**അപകർഷതയിൽ പൊതിഞ്ഞ പുരോഗമന മിഥ്യാധാരണകൾ ഒരു ഇസ്‌ലാമിക സംഘടനയെ പിടികൂടിയാൽ എന്തു സംഭവിക്കുമെന്നതിന്റെ ഉദാഹരണമാണ് ജൂലൈ 14ലെ ശബാബ് വാരികയിൽ എം.എസ് ഷൈജു എഴുതിയ 'ഇസ്‌ലാമിക ശരീഅത്തും ജ്ഞാനപരമായ പുനരാഖ്യാനങ്ങളും' എന്ന ലേഖനം. ശരീഅത്തിന്റെ 'കാലഘട്ടപരമായ വികാസ സാധ്യതകളെ' പരിഗണിക്കണമെന്നും, ശരീഅത്ത് നിയമമല്ല നിയമത്തിലേക്കുള്ള വഴികാട്ടിയാണെന്നും, 'പ്രതിലോമകരമായ മുഖങ്ങൾ' ശരീഅത്തിൽ പിന്നീട് കടന്നുകൂടിയതാണെന്നും പറയുന്ന ലേഖകൻ പക്ഷേ, വ്യക്തമായ ഭാഷയിൽ ഈ പ്രതിലോമകരമായ മുഖങ്ങളും വികാസ സാധ്യതകളും എന്തൊക്കെയാണെന്ന് വിശദമാക്കാൻ തയ്യാറാകുന്നില്ല.**

ഈയടുത്ത് മലയാള സാമൂഹിക മാധ്യമങ്ങളിൽ പീഡോഫീലിയ ഏറെ ചർച്ചകൾക്ക് വിധേയമായപ്പോൾ അവരെ ധാർമികതയും മാനവികതയും പറഞ്ഞു എതിർക്കാൻ മുൻപന്തിയിലുണ്ടായിരുന്നത് സ്വവർഗ ലൈംഗികതയെ പിന്തുണക്കുന്നവരായിരുന്നുവന്നതാണ് വിരോധാഭാസം. എന്നാൽ വസ്തുതാപരമായി ഈ വിഷയത്തെ വിലയിരുത്തിയാൽ സ്വവർഗ ലൈംഗികതയുടെ വക്താക്കൾ ഉയർത്തിക്കൊണ്ടുവരുന്ന വാദങ്ങളിൽ നിന്ന് ഒരു ശതമാനം പോലും വിഭിന്നമല്ല പീഡോഫീലിയക്കാർ കൊണ്ടുവരുന്നതുമെന്ന് കാണാം. സ്വവർഗ ലൈംഗികത സ്വാഭാവികവും പ്രകൃതി പരവുമാണെന്ന് (Homosexualtiy is natural and normal for human beings) ശാസ്ത്ര ലോകത്തെ ഒരു വിഭാഗത്തിന്റെ അഭിപ്രായങ്ങളെ വെച്ച് വാദിക്കുന്നവർ ഇതേ അഭിപ്രായം പീഡോഫീലിയയെക്കുറിച്ചും മറ്റൊരു വിഭാഗം ശാസ്ത്രകാരന്മാർക്കുണ്ടെന്ന് അറിയാതെ പോയതാണോ? കാംബ്രിഡ്ജ് യൂനിവേഴ്സിറ്റിയിൽ നടന്ന ശാസ്ത്ര സമ്മേളനത്തിന്റെ കേന്ദ്രവാദം തന്നെ കുട്ടികളോട് തോന്നുന്ന ലൈംഗിക താൽപര്യം സ്വാഭാവികവും പ്രകൃതിപരവും (Paedophilic interest is nat ural and normal for human males) ആണെന്നായിരുന്നു.[16] പ്രകൃതിപരമല്ലാത്തതു കൊണ്ടല്ല, കുട്ടികളെ ചൂഷണം ചെയ്യുന്നതായതു കൊണ്ട് മാത്രമാണ് ഞങ്ങൾ എതിർക്കുന്നത് എന്ന് പറയുന്നവരോട് 'ശൈശവം ഒരു ജീവശാസ്ത്രപരമായ അവസ്ഥയല്ല എന്നും, ചരിത്രപരമായി നിർമ്മിക്കപ്പെട്ട സാമൂഹിക സംവിധാനം മാത്രമാണ്' ('childhood' itself is not a biological given but an historically produced social object.) എന്നുമാണ് ഈ ശാസ്ത്രജ്ഞന്മാർക്ക് പറയാനുള്ളത്. 'മാതൃത്വം കൃത്രിമമാണ്. ലൈംഗികചോദന പ്രകൃതി ദത്തമാണ്'[17] എന്ന പുരോഗമനവാദത്തിന്റെ ടോണിൽ മേലെയുള്ള വാചകം വായിച്ചു നോക്കുക. കുട്ടി ആയതുകൊണ്ട് ഉഭയകക്ഷി സമ്മതമാവില്ലെന്നു വാദിച്ചിട്ടും കാര്യമില്ലെന്നു സാരം.

സ്വവർഗ ലൈംഗികതയെ നിയമവിധേയവും 'പുരോഗമനപര'വുമാക്കി സെക്കുലർ കോടതികൾ വിധിച്ചപ്പോൾ അതിനോടുള്ള അറപ്പൊക്കെ മാറിയതു പോലെ നാലുപാടും അഞ്ചാറു 'ശാസ്ത്രീയ' വിശദീകരണങ്ങൾ കേൾക്കുമ്പോൾ പീഡോഫീലിയക്കാരെയും ഉൾക്കൊള്ളാൻ ഇവരുടെ സ്വാതന്ത്ര്യവും വിവേചനവിരുദ്ധ കാഴ്ചപ്പാടുകളും പാകപ്പെടും. ജർമൻ എത്തിക്സ് കൗൺസിൽ സഹോദരീസഹോദരന്മാർ തമ്മിലുള്ള ലൈംഗികത നിയമവിധേയവും സ്വാഭാവികവും സ്വാതന്ത്ര്യത്തിന്റെ ഭാഗവുമാക്കിയതു പോലെ[18] സമയവും സാഹചര്യങ്ങളും ഒത്തുവരുമ്പോൾ ഇതും നിയമവിധേയമാകും.

**അപകർഷതാ ബോധത്തിന് അടിമപ്പെടുന്നവർ**

ഇവിടെ പ്രാധാനപ്പെട്ട ഒരു കാര്യം, ഇത്തരം നിയമങ്ങൾ പ്രാബല്യത്തിൽ വരുമ്പോൾ, ഒരു മുസ്‌ലിം തന്റെ മതത്തെ മനസ്സിലാക്കുന്നിടത്തും അത് ബാധിക്കുന്നു എന്നതാണ്. തങ്ങളുടെ വിശ്വാസങ്ങൾ സ്ത്രീവിരുദ്ധവും ഭ്രാന്തും വംശീയപരവും ആണെന്ന് അവർ ചിന്തിക്കാൻ തുടങ്ങുന്നു. അത്തരം ലേബലുകൾ ഒഴിവായിക്കിട്ടാൻ മതത്തിലെ ചില 'പ്രശ്നമുള്ള ഭാഗങ്ങൾ' അവർ ചൂണ്ടിക്കാണിക്കുന്നു. ക്രമേണ അവർ തന്നെ ശരിയെന്നു വിശ്വസിച്ചിരുന്ന ഒരു വിശ്വാസത്തിൽ നിന്നു തന്നെ അവർ പുറത്തുപോകുന്നു.

'സ്വവർഗ ലൈംഗികത വേണ്ടവർക്ക് ഇസ്‌ലാം അനുവാദം നൽകുന്നുണ്ട്; ഇസ്‌ലാമിന്റെ ഹോമോഫോബിക് വ്യാഖ്യാനങ്ങളാണ് അവ അനുവദിക്കാതിരിക്കുന്നത്.'[19] 'ഇസ്‌ലാം സ്ത്രീകൾക്ക് നമസ്ക്കാരത്തിലും മറ്റും ഒരു വിവേചനവും കാണിക്കുന്നില്ല, ഇസ്‌ലാമിന്റെ പുരുഷാധിപത്യ വായനകളാണ് സ്ത്രീകൾക്ക് നമസ്ക്കാരത്തിൽ നേതൃത്വം നൽകാൻ പാടില്ലെന്ന് പറയുന്നത്',[20] 'ഇസ്‌ലാം മറ്റു മതവിശ്വാസികൾക്ക് സ്വർഗ പ്രവേശനം സാധ്യമല്ല എന്നൊന്നും പറയുന്നില്ല; അത്തരം മതവീക്ഷണങ്ങൾ മധ്യകാലത്തെ ഗോത്രാധിപത്യ ചിന്തകളുടെ തുടർച്ചയാണ്[21] എന്നിങ്ങനെയുള്ള വാദങ്ങളുമായോ, വാദങ്ങളുടെ സാധ്യതയെപ്പറ്റിയുള്ള ചോദ്യങ്ങളുമായോ അവർ രംഗത്തെത്തുന്നു.

അതല്ലെങ്കിൽ ആഇശ﵁യുമായുള്ള പ്രവാചകൻﷺയുടെ വിവാഹത്തെപ്പറ്റി ആക്ഷേപമുന്നയിക്കുമ്പോഴേക്ക് ഈ ആക്ഷേപകരുടെ 'ഖിബ്‌ല'യായ അമേരിക്കയിൽ ഇന്നും നിയമവിധേയമായ വിവാഹ പ്രായം പന്ത്രണ്ടും പതിമൂന്നും ഒക്കെയാണെന്നതു പോലും വിസ്മരിച്ച്[22] അവരുടെ വിവാഹം പതിനെട്ടിലാണെന്നു ദുർവ്യാഖ്യാനിച്ചു സ്ഥാപിക്കേണ്ടി വരുന്നു. മഴവില്ലു ചിത്രം വിരിച്ചു സ്വവർഗാവകാശങ്ങളുടെ വക്താവായ പുരോഗമന മുസ്‌ലിം ആയി പ്രഖ്യാപിക്കേണ്ടി വരുന്നു.

ഇത്തരത്തിൽ അപകർഷതയിൽ പൊതിഞ്ഞ പുരോഗമന മിഥ്യാധാരണകൾ ഒരു ഇസ്‌ലാമിക സംഘടനയെ പിടികൂടിയാൽ എന്തു സംഭവിക്കുമെന്നതിന്റെ ഉദാഹരണമാണ് ജൂലൈ 14ലെ ശബാബ് വാരികയിൽ എം.എസ് ഷൈജു എഴുതിയ 'ഇസ്‌ലാമിക ശരീഅത്തും ജ്ഞാനപരമായ പുനരാഖ്യാനങ്ങളും' എന്ന ലേഖനം. ശരീഅത്തിന്റെ 'കാലഘട്ടപരമായ വികാസ സാധ്യതകളെ' പരിഗണിക്കണമെന്നും, ശരീഅത്ത് നിയമമല്ല നിയമത്തിലേക്കുള്ള വഴികാട്ടിയാണെന്നും, 'പ്രതിലോമകരമായ മുഖങ്ങൾ' ശരീഅത്തിൽ പിന്നീട് കടന്നുകൂടിയതാണെന്നും പറയുന്ന ലേഖകൻ പക്ഷേ, വ്യക്തമായ ഭാഷയിൽ ഈ പ്രതിലോമകരമായ മുഖങ്ങളും വികാസ സാധ്യതകളും എന്തൊക്കെയാണെന്ന് വിശദമാക്കാൻ തയ്യാറാകുന്നില്ല. ശരീഅത്ത് അരുവിയാണെന്നും അതിന്റെ ഒഴുക്ക് ഒരിടത്തും കെട്ടിക്കിടക്കാൻ പാടില്ലെന്നും, ബാഹ്യ സാഹചര്യങ്ങൾക്കനുസരിച്ച് പുതുവഴികൾ സ്വീകരിച്ച് ലക്ഷ്യത്തിലേക്ക് ഒഴുകിയെത്താൻ വെമ്പുന്ന അരുവി കാലത്തിനൊത്ത സൗന്ദര്യബോധങ്ങളെയാണ് സൃഷ്ടിക്കേണ്ടതെന്നും ആദ്യഭാഗത്ത് വളച്ചുകെട്ടി പറയുന്ന ലേഖകന്റെ ഉദ്ദേശ്യം അവസാനഭാഗത്ത് കൂടുതൽ വ്യക്തമാകുന്നു:

'ഇസ്‌ലാമിക മൂല്യങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞു വരുന്ന നിയമങ്ങൾ എല്ലാ കാലത്തും എല്ലാ ദേശങ്ങളിലും അക്ഷരം പ്രതി മാറ്റമില്ലാതെ നിലനിൽക്കേണ്ടതാണെന്ന ഒരു നിർദേശം മതം എവിടെയും ഉയർത്തുന്നതായി കാണുന്നില്ല.'

'സ്ത്രീജീവിതം സാമൂഹികമായി അന്യവൽക്കരിക്കുകയും അസ്തിത്വപരമായി സമ്പൂർണമായും ദൗർബല്യങ്ങളിൽ കഴിഞ്ഞുകൂടുകയും ചെയ്തിരുന്ന ഒരു കാലത്ത് സ്ത്രീ സുരക്ഷക്കും കരുതലിനുമായി നടപ്പാക്കിയ ക്രമീകരണങ്ങൾ പലനിലക്കും മതപരമായ അനിവാര്യതകളെന്നോണം ഇന്നും തുടർന്നു പോരുന്നുണ്ട്.'

'...സ്ത്രീയും പുരുഷനും തമ്മിൽ നിലനിൽക്കുന്ന അന്തരങ്ങളെ പരിഗണിച്ചു കൊണ്ട് സ്ത്രീകൾക്ക് ഒരു പരിഗണനയും സുരക്ഷയുമെന്ന നിലയിൽ ആവിഷ്ക്കരിക്കപ്പെട്ട പല നിയമങ്ങൾക്കും സാമൂഹിക സാഹചര്യങ്ങളുടെ അഭൂതപൂർവമായ വികാസങ്ങൾ വഴി പ്രസക്തി നഷ്ടപ്പെട്ടിട്ടുണ്ട്...'(23)

ഒരു മതേതര രാജ്യത്തെ നിയമം വിവേചനവും പുരോഗമനവും നിർവചിക്കുന്നതിനനുസരിച്ച് മുസ്‌ലിംകളുടെയും മുസ്‌ലിം ബഹുജന സംഘടനകളുടെ തന്നെയും വിശ്വാസത്തിൽ അതിനു കാര്യമായ സ്വാധീനം ചെലുത്താനാകുന്നു എന്നതാണ് നാമിവിടെ കാണുന്നത്. അധികാര സ്ഥാപനത്തിനും സംസ്കാരത്തിനുമനുസരിച്ച് മതത്തെയും ആചാരങ്ങളെയും അഡ്ജസ്റ്റ് ചെയ്യാൻ വിശ്വാസികൾ നിർബന്ധിക്കപ്പെടുന്നു.

സവർണ ആഘോഷങ്ങളും, നിലവിളക്ക് പോലുള്ള ബഹുദൈവത്വ/സവർണ ബിംബങ്ങളും ബഹുസ്വരതയുടെ ഭാഗമായി അംഗീകരിക്കേണ്ടി വരുന്നു. ഇവിടെ നിലവിളക്ക് കൊളുത്താൻ താൽപര്യമില്ലാത്തവൻ അതിനുള്ള സ്വാതന്ത്ര്യം വേണമെന്ന ന്യായത്തിനു പകരം, ഇത് ചെയ്യാതിരിക്കുന്നതാണ് സങ്കുചിതത്വം എന്ന ചിന്ത കടന്നുവരുന്നു.

ഇത്ര വലിയ തോതിൽ അല്ലെങ്കിലും, ഈയൊരു പ്രതിസന്ധി ക്രൈസ്തവരും ഇതര മത വിശ്വാസികളും അനുഭവിക്കുന്നുണ്ട്. കത്തോലിക സഭയുടെ സർവ അധികാര വ്യവസ്ഥയും പിന്തുടരുമ്പോഴും വേദപുസ്തകത്തെ വലിച്ചെറിഞ്ഞ് ഇത്തരം സൊ കോൾഡ് പുരോഗമന വാദങ്ങളെ പിന്താങ്ങുന്ന അഭിപ്രായങ്ങൾ പോപ് ഫ്രാൻസിസിന് പറയേണ്ടി വരുന്നത് അങ്ങനെയാണ്.(24)

നിയമം, പ്രകൃത്യാ തന്നെ ചില മനുഷ്യസ്വഭാവങ്ങളെയും വിശ്വാസങ്ങളെയും അനുവദിക്കുകയും അനുവദിക്കാതിരിക്കുകയും ചെയ്തുകൊണ്ട് നിയന്ത്രണം അടിച്ചേൽപിക്കുന്നവയാണ്. പ്രമുഖ തത്ത്വചിന്തകൻ സ്ടാൻലി ഫിഷ് ചോദിക്കുന്നതുപോലെ, മതത്തിന്റെ വാദങ്ങളെ അംഗീകരിക്കാൻ വിസമ്മതിക്കുന്ന നിയമങ്ങളെങ്ങനെയാണ് അത്തരം വാദങ്ങളെ സംബന്ധിച്ചിടത്തോളം നിഷ്പക്ഷമാവുക?(25)

ഇവിടെ ചോദിക്കാനുള്ള ഒരേയൊരു ചോദ്യം ഏതൊരു തരം അംഗീകാരത്തിനാണ്, അല്ലെങ്കിൽ അംഗീകാരത്തിന്റെ അഭാവത്തിനാണ് നിയമസാധുത കൽപിക്കുക എന്നതാണ്. മതപരമാവണമെന്ന് നിർബന്ധമില്ലാത്ത മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ മറുപടി പറയേണ്ടുന്ന ഒന്നാമത്തെ അതിഭൗതിക ചോദ്യമാണ് ഇത്. എന്നാൽ ലിബറൽ സെക്കുലറിസത്തിനു ഇത്തരം അതിഭൗതിക ചോദ്യങ്ങളുടെ മേൽ സംവദിക്കാനുള്ള ഭാഷയോ സൈദ്ധാന്തിക വിഭാവങ്ങളോ ഇല്ല എന്നതാണ് പ്രശ്നം. അതുകൊണ്ട് സ്വാതന്ത്ര്യവും സമത്വവും പ്രോത്സാഹിപ്പിക്കുന്നുവെന്നും വിദ്വേഷവും വിവേചനവും തടയുന്നുവെന്നുമുള്ള വ്യാജേന ഇത്തരം നിയമങ്ങളെയും നിയന്ത്രണങ്ങളെയും ഒളിച്ചുകടത്താൻ മാത്രമെ അതിന് കഴിയൂ.

ഈ അടിസ്ഥാന കാര്യങ്ങൾ മനസ്സിലാക്കുന്നത് മുസ്‌ലിംകളുടെ സന്ദേഹങ്ങൾക്ക് വിരാമമിടും. ഒരു മതേതര രാജ്യത്തിന്റെ അടിസ്ഥാന രഹിതമായ വീക്ഷണങ്ങൾ എങ്ങനെയാണ് മത വിശ്വാസത്തെ വളച്ചൊടിക്കുന്നതെന്നും തെറ്റുധരിപ്പിക്കുന്നതെന്നുമുള്ള തിരിച്ചറിവ് നൽകും. മതസ്വാതന്ത്ര്യത്തെക്കുറിച്ച നിരർഥകമായ അവകാശവാദങ്ങളെയും വാഗ്ദാനങ്ങളെയും തിരിച്ചറിയാൻ അവരെ പ്രാപ്തരാക്കും. മതേതരരാജ്യ നിയമങ്ങൾക്ക് ഇസ്‌ലാമിലെയോ ക്രിസ്തുമതത്തിലെയോ ഹിന്ദുമതത്തിലെയോ ദൈവങ്ങളെക്കുറിച്ച് ആശങ്കകളൊന്നുമില്ലെങ്കിലും, പകരം സെക്കുലർ ദൈവം പ്രതിഷ്ഠിക്കപ്പെട്ടിട്ടുണ്ടെന്നും അയാളുടെ നിയമങ്ങൾ പുസ്തകങ്ങളിൽ എഴുതപ്പെട്ടിട്ടുണ്ടെന്നും എല്ലാവിധ ജനങ്ങളുടെ മേലും ഈ വിധികൾ പ്രാബല്യത്തിൽ വന്നുകഴിഞ്ഞെന്നുമുള്ള തിരിച്ചറിവ് വേണം. അതുകൊണ്ട് ഹിജാബ് വേണ്ടെന്നോ, പള്ളികൾ വേണ്ടെന്നോ, ഇസ്‌ലാമിക പ്രബോധനം പാടില്ലെന്നോ അയാൾ വിധിക്കുന്ന മുറക്കനുസരിച്ച് സെക്കുലർ ദൈവങ്ങളുടെ ക്ഷേത്രങ്ങളിൽ മുഴങ്ങുന്ന 'മതസ്വാതന്ത്ര്യ സ്ത്രോത്ര ഗീതങ്ങളെ' നിരാകരിച്ചു കൊണ്ട് നിയമങ്ങൾ നടപ്പാകുക തന്നെ ചെയ്യും. അതിനു വേണ്ട ന്യായങ്ങളെല്ലാം സെക്കുലർ പുസ്തകങ്ങളിൽ എഴുതി വെച്ചിട്ടുണ്ടെന്ന് ഓർക്കുക.

**ദൗർബല്യമെന്ന മായ**

ഈ മനസ്സിലായ കാര്യങ്ങൾ വെച്ച് മുസ്‌ലിംകൾ എന്തു ചെയ്യണമെന്നാണ് പറയുന്നത്? ഇതിനു വല്ല പ്രായോഗിക മാനങ്ങളുമുണ്ടോ? സ്വാതന്ത്ര്യത്തെയും മതേതരത്വത്തെയുമെല്ലാം സംബന്ധിച്ച ഈ തിരിച്ചറിവുകൾക്ക് പ്രായോഗിക മാനങ്ങളില്ലെങ്കിൽ കൂടി, നാം ആക്ഷേപിക്കപ്പെട്ടു കൊണ്ടിരിക്കുന്ന പല കാര്യങ്ങളും വഞ്ചനാപരമായ മായകളാണെന്ന തിരിച്ചറിവ് മുസ്‌ലിമിന്റെ മനസ്സിലും ഹൃദയത്തിലും വലിയ വിപ്ലവമുണ്ടാക്കുമെന്നതിൽ സംശയമില്ല. ഇഹലോകം ശാശ്വതമല്ലെന്ന അറിവ് നമ്മുടെ മനസ്സിന് സമാധാനം നൽകുന്നത് പോലെ തന്നെ ഒരു പുതിയ ആത്മീയ തലം ഈ തിരിച്ചറിവ് നമുക്ക് നൽകുന്നുണ്ട്.

അതിനു പുറമെ, ചില പ്രായോഗിക തലങ്ങൾ കൂടെ വ്യക്തമാക്കാം. ഇടതും വലതുമുള്ള, പലവിധ ഇസങ്ങൾ പേറുന്ന ആളുകളുടെ സൂക്ഷ്മനിരൂപണവും വിമർശനവും ഇസ്‌ലാമിനു നേരെ തിരിച്ചു വെച്ചിട്ടുണ്ടെന്നും, ഈ ആക്ഷേപങ്ങളോട് രാജിയാവേണ്ടതില്ലെന്നും മുസ്‌ലിംകൾ അറിഞ്ഞുവെക്കണം. ഫാഷിസത്തിനെതിരെ മതജാതി ഭേദമന്യെ കൈകോർക്കാൻ ആഹ്വാനം ചെയ്യുന്ന ആളുകൾ തന്നെ, ഇസ്‌ലാമിക വിശ്വാസം ആധുനിക മൂല്യങ്ങൾക്ക് വിരുദ്ധമാണെ

(ശേഷം പേജ്: 28ൽ)

ഡോ. അബ്ദുർറസ്സാക് അൽബദർ
വിവ. അബ്ദുൽ ജബ്ബാർ അബ്ദുല്ല

വിവർത്തനം

സ്ത്രീ ഇസ്‌ലാമിന്റെ തണലിൽ: 2



# സ്ത്രീകളെ ആദരിക്കുന്ന ദർശനം

**ആരാണ് സ്ത്രീ?**

മർഅത്ത്(സ്ത്രീ) എന്നത് മർഅ് എന്നതിന്റെ സ്ത്രീലിംഗമാണ്. ഈ ഏകവചനത്തിന് ബഹുവചനമില്ല. എന്നാൽ നിസാഅ്, നിസ്‌വത്ത് എന്നിങ്ങനെയാണ് അത് ബഹുവചനമാക്കപ്പെടുക. പുരുഷനു തന്റെ ജീവിത പങ്കാളിയാകുവാൻ അല്ലാഹു ഉണ്മയേകിയ സൃഷ്ടിയത്രേ സ്ത്രീ. അടിസ്ഥാനപരമായി പുരുഷനിൽനിന്നു തന്നെയാണ് സ്ത്രീ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. സമ്പർക്കം സുചിന്ത്യവും ബന്ധവും അടുപ്പവും സുദൃഢവുമാകുന്നതിന് വേണ്ടിയാണത്. ഇണകൾക്കിടയിൽ സ്നേഹവും കാരുണ്യവും പ്രൗഢമായും അതിസുന്ദരമായും പുലരുന്നതിനു വേണ്ടിയുമാണത്. അല്ലാഹു പറയുന്നു:

"മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽനിന്ന് സൃഷ്ടിക്കുകയും, അതിൽ നിന്നുതന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും, അവർ ഇരുവരിൽ നിന്നുമായി ധാരാളം പുരുഷൻമാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ. ഏതൊരു അല്ലാഹുവിന്റെ പേരിൽ നിങ്ങൾ അന്യോന്യം ചോദിച്ചുകൊണ്ടിരിക്കുന്നുവോ അവനെ നിങ്ങൾ സൂക്ഷിക്കുക. കുടുംബബന്ധങ്ങളെയും (നിങ്ങൾ സൂക്ഷിക്കുക.) തീർച്ചയായും അല്ലാഹു നിങ്ങളെ നിരീക്ഷിച്ചു കൊണ്ടിരിക്കുന്നവനാകുന്നു" (ക്വുർആൻ 4:1).

"നിങ്ങൾക്ക് സമാധാനപൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽ നിന്ന് തന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും, നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്"

(വി. ക്വു. 30: 21).

“അല്ലാഹു നിങ്ങൾക്ക് നിങ്ങളുടെ കൂട്ടത്തിൽ നിന്ന് തന്നെ ഇണകളെ ഉണ്ടാക്കുകയും നിങ്ങളുടെ ഇണകളിലൂടെ അവൻ നിങ്ങൾക്ക് പുത്രന്മാരെയും പൗത്രന്മാരെയും ഉണ്ടാക്കിത്തരികയും, വിശിഷ്ട വസ്തുക്കളിൽ നിന്നും അവൻ നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്തിരിക്കുന്നു. എന്നിട്ടും അവർ അസത്യത്തിൽ വിശ്വസിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹത്തെ നിഷേധിക്കുകയുമാണോ ചെയ്യുന്നത്?” (ക്വുർആൻ 16:72).

ഹവ്വാഅ് ആദം(അ)ന്റെ ഭാര്യയാണ്, ആദമിൽ നിന്നാണ് അവർ സൃഷ്ടിക്കപ്പെട്ടത് എന്നീ കാര്യങ്ങളെ ഈ വചനങ്ങൾ അറിയിക്കുന്നു. അതിൽ പിന്നെ അവർ ഇരുവരിൽനിന്നുമായി അല്ലാഹു ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും വൈവാഹിക ജീവിതത്തിലൂടെ വ്യാപിപ്പിച്ചു. വൈവാഹിക ജീവിതത്തിലൂടെയാണല്ലോ ഗർഭധാരണവും സന്താനോൽപാദനവും ഉണ്ടാകുന്നത്.

അല്ലാഹു പരുഷനിൽ അവനുള്ള വ്യക്തിത്വങ്ങളും സവിശേഷതകളും പടച്ചു. സ്ത്രീയിൽ സ്ത്രൈണതയുടെ വ്യക്തിത്വങ്ങളും സവിശേഷതകളും പടച്ചു. സ്ത്രീപുരുഷന്മാർ ഓരോരുത്തരും തങ്ങൾക്കു നിശ്ചയിക്കപ്പെട്ടതിൽ നിന്ന് പുറം ചാടുകയെന്നത് ശുദ്ധ പ്രകൃതിയിൽ നിന്നുള്ള വ്യതിചലനവും മാർഗ ഭ്രംശവുമായിട്ടാണ് പരിഗണിക്കപ്പെടുക. അബൂഹുറയ്റ(റ)യിൽനിന്നുള്ള ഹദീഥിൽ ഇപ്രകാരം വന്നിട്ടുണ്ട്. നബി(ﷺ) പറഞ്ഞു:

“നിശ്ചയം, സ്ത്രീ വാരിയെല്ലിൽനിന്നാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. വാരിയെല്ലുകളിൽ ഏറ്റവും വളഞ്ഞത് മീതെയുള്ളതാകുന്നു. താങ്കൾ അത് നേരെയാക്കിയാൽ അതിനെ പൊട്ടിക്കും. താങ്കൾ അവളെ ആസ്വദിക്കുകയാണെങ്കിൽ അവളെ ആസ്വദിച്ചു. അവൾക്ക് ഒരു വളവുണ്ട്.”

ഇമാം നവവി(റഹി) പറഞ്ഞു: ‘ആദമിന്റെ ഒരു വാരിയെല്ലിൽ നിന്നാണ് ഹവ്വാഅ് സൃഷ്ടിക്കപ്പെട്ടതെന്ന കർമശാസ്ത്ര പണ്ഡിതന്മാരിൽ ചിലരുടെ അഭിപ്രായത്തിന് ഈ ഹദീഥിൽ തെളിവുണ്ട്. അല്ലാഹു പറയുന്നു:

“മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽ നിന്ന് സൃഷ്ടിക്കുകയും, അതിൽ നിന്നുതന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും... ചെയ്തവനായ...” (ക്വുർആൻ 4:1)

അടിസ്ഥാനപരമായ സൃഷ്ടിപ്പിലും നിർമിതിയിലും ചില പ്രത്യേകതകളാലും വ്യക്തിത്വങ്ങളാലും സ്ത്രീ സവിശേഷമാക്കപ്പെട്ടിരിക്കുന്നു. പ്രസ്തുത സവിശേഷതകളും വ്യക്തിത്വങ്ങളുമാണ് അവൾക്ക് ജീവിതത്തിൽ പ്രത്യേകമായൊരു രീതിയും നിർണിതമായൊരു ശൈലിയും നേടിക്കൊടുക്കുന്നത്. അതാകട്ടെ അവളുടെ സ്ത്രൈണത, മാതൃത്വം, നൈർമല്യം, ദൗർബല്യം, അധികരിച്ചുള്ള അവസ്ഥാ മാറ്റങ്ങൾ എന്നിവയിൽനിന്നൊക്കെയാണ് പ്രയാണം കുറിക്കുന്നത്. അവൾ ആർത്തവകാരിയാകുന്നു. ഗർഭം ധരിക്കുന്നു. ഗർഭിണിയായിരിക്കെ ആഗ്രഹങ്ങൾ പേറുന്നു. പ്രസവിക്കുന്നു. മുലയൂട്ടുന്നു. കുഞ്ഞിനെ പരിപാലിക്കുന്നു... തുടങ്ങി അവൾക്ക് പ്രത്യേകമായ കാര്യങ്ങൾ അവൾ നിർവഹിക്കുന്നു. ഇത് പോലെ പുരുഷനും അവന്റെതായ പ്രത്യേകതകളും വ്യക്തിത്വങ്ങളും ഉണ്ട്.



**ബുദ്ധിപൂർണത, കരുത്ത്, ക്ഷമ, സഹനം, സഹിഷ്ണുത, ശക്തി എന്നിവയാൽ പുരുഷൻ സവിശേഷമാക്കപ്പെട്ടിരിക്കുന്നു. ഇവ പുരുഷനുള്ളതുപോലെ സ്ത്രീക്ക് ഇല്ല. അതിനാലാണ് സ്ത്രീയുടെ കഴിവുകളോടും സൃഷ്ടിപരമായ ചട്ടങ്ങളോടും ഇണങ്ങും വിധമുള്ള പുരുഷനോടുള്ള കടമകൾ സ്ത്രീകളുടെമേൽ നിശ്ചയിച്ചത്. പുരുഷന്റെ കഴിവുകളോടും സൃഷ്ടിപരമായ ചട്ടങ്ങളോടും യോജിക്കും വിധമുള്ള അവകാശങ്ങൾ പുരുഷനന് സ്ത്രീയുടെ മേലും നിശ്ചയിച്ചത്.**

സ്ത്രീ പുരുഷന്മാരിലൊരാൾ അപരന്റെ സവിശേഷതകളിലേക്ക് എത്തിനോക്കുക എന്നത് പാടുള്ളതല്ല. അല്ലാഹു പറഞ്ഞു:

“നിങ്ങളിൽ ചിലർക്ക് ചിലരെക്കാൾ കൂടുതലായി അല്ലാഹു നൽകിയ അനുഗ്രഹങ്ങളോട് നിങ്ങൾക്ക് മോഹം തോന്നരുത്. പുരുഷന്മാർ സമ്പാദിച്ചുണ്ടാക്കിയതിന്റെ ഓഹരി അവർക്കുണ്ട്. സ്ത്രീകൾ സമ്പാദിച്ചുണ്ടാക്കിയതിന്റെ ഓഹരി അവർക്കുമുണ്ട്. അല്ലാഹുവിന്റെ ഔദാര്യത്തിൽനിന്ന് അവനോടു നിങ്ങൾ ആവശ്യപ്പെട്ട് കൊള്ളുക. തീർച്ചയായും അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു” (ക്വുർആൻ 4:32).

പുരുഷന്മാർ സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരമുള്ളവരാകുന്നു. മനുഷ്യരിൽ ഒരു വിഭാഗത്തിന് മറു വിഭാഗത്തേക്കാൾ അല്ലാഹു കൂടുതൽ കഴിവ് നൽകിയത് കൊണ്ടും, (പുരുഷന്മാർ) അവരുടെ ധനം ചെ

ലവഴിച്ചതുകൊണ്ടുമാണത്"(ക്വുർആൻ 4:34).

സ്ത്രീയുടെ മേലുള്ള പുരുഷന്റെ നിയന്ത്രണാധികാരം അല്ലാഹു ചിലർക്ക് ചിലരെക്കാൾ നൽകിയ അനുഗ്രഹങ്ങളിൽ പെട്ടതാണ്. ബുദ്ധിപൂർണത, കരുത്ത്, ക്ഷമ, സഹനം, സഹിഷ്ണുത, ശക്തി എന്നിവയാൽ പുരുഷൻ സവിശേഷമാക്കപെട്ടിരിക്കുന്നു. ഇവ പുരുഷനുള്ളതുപോലെ സ്ത്രീക്ക് ഇല്ല. അതിനാലാണ് സ്ത്രീയുടെ കഴിവുകളോടും സൃഷ്ടിപരമായ ചട്ടങ്ങളോടും ഇണങ്ങും വിധമുള്ള പുരുഷനോടുള്ള കടമകൾ സ്ത്രീകളുടെമേൽ നിശ്ചയിച്ചത്. പുരുഷന്റെ കഴിവുകളോടും സൃഷ്ടിപരമായ ചട്ടങ്ങളോടും യോജിക്കും വിധമുള്ള അവകാശങ്ങൾ പുരുഷനന് സ്ത്രീയുടെ മേലും നിശ്ചയിച്ചത്.

**മനുഷ്യനുള്ള ആദരവ്, വസ്തുതയെന്ത്?**

പ്രമാണങ്ങളുടെ ആശയങ്ങളും തെളിവുകളുടെ അറിയിപ്പുകളും നിരീക്ഷിക്കുന്നവന് മനുഷ്യന് അല്ലാഹുവിൽനിന്നുള്ള ആദരവ് രണ്ടു നിലക്കാണെന്ന് കണ്ടെത്താനാവും. അവ:

**1. തക്‌രീമുൻ ആമ്മ്(പൊതുവായുള്ള ആദരവ്)**

ഇതത്രെ വിശുദ്ധ വചനത്തിൽ അല്ലാഹു വിവരിച്ച ആദരവ്.

"തീർച്ചയായും ആദം സന്തതികളെ നാം ആദരിക്കുകയും, കടലിലും കരയിലും അവരെ നാം വാഹനത്തിൽ കയറ്റുകയും, വിശിഷ്ടമായ വസ്തുക്കളിൽ നിന്ന് നാം അവർക്ക് ഉപജീവനം നൽകുകയും, നാം സൃഷ്ടിച്ചിട്ടുള്ളവരിൽ മിക്കവരെക്കാളും അവർക്ക് നാം സവിശേഷമായ ശ്രേഷ്ഠത നൽകുകയും ചെയ്തിരിക്കുന്നു" (ക്വുർആൻ 17:70).

ഇമാം ക്വുർത്വുബി(റഹി) പറഞ്ഞു: "നീണ്ടുനിവർന്ന് നല്ല രൂപത്തിലായുള്ള അവരുടെ സൃഷ്ടിപ്പും കരയിലും കടലിലും അവരെ വഹിക്കലും ഈ ആദരവിൽ ഉൾപ്പെടുന്നു. മനുഷ്യനൊഴികെ മറ്റൊരു ജീവിക്കും യാഥാർഥ്യമായിട്ടില്ലാത്തതാണെല്ലോ ഇത്. തന്റെ ഉദ്ദേശ്യത്തിനും വിചാരത്തിനും ആസൂത്രണത്തിനുമനുസരിച്ച് ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുകയെന്നതും അവർക്കു പ്രത്യേകമായ ഭക്ഷണങ്ങൾ, പാനീയങ്ങൾ, വസ്ത്രങ്ങൾ എന്നിവ കൊണ്ട് അവരെ സവിശേഷമാക്കി എന്നതും ഈ ആദരവിൽ ഉൾപ്പെടുന്നു. ഇവകളിൽ മനുഷ്യർക്ക് സ്വകര്യം നൽകപ്പെട്ടതു പോലെ ഒരു മൃഗത്തനും സൗകര്യം നൽകപ്പെട്ടിട്ടില്ലല്ല. കാരണം മനുഷ്യർ സ്വത്ത് സമ്പാദിക്കുന്നു; മൃഗങ്ങൾ സമ്പാദിക്കുന്നില്ല. അവർ വസ്ത്രം ധരിക്കുന്നു. ഭക്ഷണങ്ങളിൽനിന്ന് പാകം ചെയ്തത് ആഹരിക്കുകയും ചെയ്യുന്നു. വേവിക്കാത്ത മാംസമോ പാകം ചെയ്യാത്ത ഭക്ഷണമോ തിന്നുവാനേ ഓരോ മൃഗത്തിനും കഴിയൂ.

ഇമാം ഇബ്നുകഥീർ പറഞ്ഞു: "ഏറ്റവും നല്ലതും പരിപൂർണവുമായ ഘടനയിൽ മനുഷ്യനെ സൃഷ്ടിച്ചതിലൂടെയുള്ള മനുഷ്യരോടുള്ള അല്ലാഹുവിന്റെ ബഹുമാനത്തെ കുറിച്ചും അവർക്കുള്ള അവന്റെ ആദരവിനെ കുറിച്ചും അവൻ പറയുന്നു: 'തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയോടു കൂടി സൃഷ്ടിച്ചിരിക്കുന്നു' (ക്വുർആൻ 95:4). അഥവാ മനുഷ്യൻ തന്റെ ഇരുകാലുകളിൽ നേരെ നിവർന്ന് നടക്കുകയും അവന്റെ ഇരുകരങ്ങൾ കൊണ്ട് തിന്നുകയും ചെയ്യുന്നു. മറ്റു മൃഗങ്ങളാകട്ടെ നാലു കാലുകളിൽ നടക്കുകയും വായകൊണ്ടു തിന്നുകയും ചെയ്യുന്നു. അല്ലാഹു മനുഷ്യന് കേൾവിയും കാഴ്ചയും ഹൃദയവും നൽകി. അവകൊണ്ട് അവൻ ഗ്രഹിക്കുകയും ഉപകാരമെടുക്കുകയും കാര്യങ്ങൾക്കിടയിൽ വേർതിരിക്കുകയും ഇഹപര വിഷയങ്ങളിൽ അവയിലെ ഉപകാരങ്ങൾ, സവിശേഷതകൾ, ഉപദ്രവങ്ങൾ, എന്നിവ അവൻ മനസിലാക്കുകയും ചെയ്യുന്നു."

> **അടിസ്ഥാനപരമായ സൃഷ്ടിപ്പിലും നിർമിതിയിലും ചില പ്രത്യേകതകളാലും വ്യക്തിത്വങ്ങളാലും സ്ത്രീ സവിശേഷമാക്കപ്പെട്ടിരിക്കുന്നു. പ്രസ്തുത സവിശേഷതകളും വ്യക്തിത്വങ്ങളുമാണ് അവൾക്ക് ജീവിതത്തിൽ പ്രത്യേകമായൊരു രീതിയും നിർണിതമായൊരു ശൈലിയും നേടിക്കൊടുക്കുന്നത്. അതാകട്ടെ അവളുടെ സ്ത്രൈണത, മാതൃത്വം, നൈർമല്യം, ദൗർബല്യം, ശാരീരികാവസ്ഥാ മാറ്റങ്ങൾ എന്നിവയിൽ നിന്നൊക്കെയാണ് പ്രയാണം കുറിക്കുന്നത്.**

**2. തക്‌രീമുൻ ഖാസ്(പ്രത്യേകമായുള്ള ആദരവ്)**

ഇസ്‌ലാമിലേക്ക് മാർഗമരുളിയും ലോകരക്ഷിതാവിന് വഴിപ്പെടുവാൻ ഉദവിയേകിയുമുള്ള ആദരവാകുന്നു അത്. ഇതത്രെ യഥാർഥ ആദരവും സമ്പൂർണ പ്രതാപവും ഇഹത്തിലും പരത്തിലുമുള്ള നിത്യസൗഭാഗ്യവും. കാരണം ഇസ്‌ലാമാകുന്നു അന്തസ്സിന്റെയും ആഭിജാത്യത്തിന്റെയും പുരോഗതിയുടെയും നേർജീവിതത്തിന്റെയും ആദർശമായ അല്ലാഹുവിന്റെ മതം. അല്ലാഹുവിനും അവന്റെ ദൂതനും സത്യവിശ്വാസികൾക്കുമാണല്ലോ പ്രതാപം.

അല്ലാഹുവിന്റെ മഹത്ത്വത്തിനുമുന്നിൽ വിനയാമ്പിതമാകൽ കൊണ്ടും അവന്റെ വലിപ്പത്തിനു വിധേയാകൽ കൊണ്ടും അവന്റെ കൽപനകളെ പ്രാവർത്തികമാക്കൽകൊണ്ടും മാത്രമാണ് അന്തസ്സുണ്ടാവുക എന്നത് വ്യക്തമാക്കിക്കൊണ്ട് അല്ലാഹു പറയുന്നു:

"ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും, സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും പർവതങ്ങളും വൃക്ഷങ്ങളും ജന്തുക്കളും മനുഷ്യരിൽ കുറെ പേരും അല്ലാഹുവിന് പ്രണാമം അർപിച്ചുകൊണ്ടിരിക്കുന്നു എന്ന് നീ കണ്ടില്ലേ? (വേറെ) കുറെ പേരുടെ കാര്യത്തിൽ ശിക്ഷ സ്ഥിരപ്പെടുകയും ചെയ്തിരിക്കുന്നു. അല്ലാഹു വല്ലവനെയും അപമാനിതനാക്കുന്ന പക്ഷം അവനെ ബഹുമാനിക്കുവാൻ ആരും തന്നെയില്ല. തീർച്ചയായും അല്ലാഹു താൻ ഉദ്ദേശിക്കുന്നത് ചെയ്യുന്നു" (ക്വുർആൻ 95:4).

(പേജ് 9ൽ നിന്ന് തുടർച്ച)

ക്തി നബിﷺയോട് പറഞ്ഞു: "അല്ലാഹുവിന്റെ പ്രവാചകരേ, എനിക്ക് വല്ല ഉപദേശവും നൽകിയാലും." നബിﷺ പറഞ്ഞു: "നീ കോപിക്കരുത്." അദ്ദേഹം ആവർത്തിച്ച് ചോദിച്ചപ്പോഴും നബിﷺ പറഞ്ഞു: "നീ കോപിക്കരുത്" (ബുഖാരി).

ഉപദേശം ചോദിച്ചവരോടെല്ലാം 'നീ കോപിക്കരുത്' എന്ന് നബിﷺ പറഞ്ഞതിനെപ്പറ്റി ഇബ്നുറജബ് പറയുന്നു: 'ഇതുകൊണ്ട് രണ്ട് ഉപദേശങ്ങൾക്ക് സാധ്യതയുണ്ട്. ഒന്ന്, നല്ല സ്വഭാവങ്ങൾ സ്വീകരിക്കാനുള്ള ഉപദേശമാണ്. ഔദാര്യത, വിവേകം, ലജ്ജ, വിനയം, സഹനശീലം, ദ്രോഹിക്കാതിരിക്കൽ, വിട്ടുവീഴ്ച, മാപ്പ്, കോപം അടക്കിവെക്കൽ, മുഖപ്രസന്നത തുടങ്ങിയവ നല്ല സ്വഭാവങ്ങളാണ്. ഇവയെല്ലാം സ്വീകരിച്ചാൽ കോപത്തിന് കാരണമാകുന്ന സന്ദർഭങ്ങൾ വരുമ്പോൾ അവയെ ചെറുക്കാനും തടയാനും കഴിയും. രണ്ട്, കോപം വന്നാൽ അതിന്റെ വൈകാരികത പ്രകടിപ്പിക്കരുത്. കോപം നടപ്പിലാക്കാതിരിക്കാൻ സ്വന്തത്തോട് ജിഹാദ് ചെയ്യണം. കോപം പറയുന്ന കാര്യങ്ങൾ ചെയ്തു പോകരുത്. കാരണം, കോപം മനുഷ്യനിലെ എന്തെങ്കിലും ഒന്നിനെ ഉടമപ്പെടുത്തിയാൽ പിന്നെ കൽപിക്കുന്നതും നിരോധിക്കുന്നതുമെല്ലാം കോപമായിരിക്കും. കോപം എന്ത് കൽപിക്കുകയും നിരോധിക്കുകയും ചെയ്യുന്നുവോ അതുപോലെയായിരിക്കും മനുഷ്യൻ പ്രവർത്തിക്കുക എന്നർഥം. എന്നാൽ കോപത്തിന്റെ കൽപനയനുസരിച്ച് മനുഷ്യൻ പ്രവർത്തിച്ചില്ലെങ്കിൽ കോപത്തിന്റെ തിന്മയുടെ രൂപങ്ങൾ അവനിൽ നിന്ന് അകന്നുപോകാൻ തുടങ്ങും. ചിലപ്പോൾ കോപം തന്നെ അവനിൽ നിന്ന് അകന്ന് പോകും. 'നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമനിഷ്ഠപാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്. (അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാനധർമങ്ങൾ ചെയ്യുകയും കോപം ഒതുക്കിവെക്കുകയും മനുഷ്യർക്ക് മാപ്പുനൽകുകയും ചെയ്യുന്നവർക്ക് വേണ്ടി. (അത്തരം) സൽകർമകാരികളെ അല്ലാഹു സ്നേഹിക്കുന്നു' (ക്വുർആൻ 3:133-134)" (ജാമിഉൽ ഉലൂമി വൽഹികം:1/363,364).

കോപം മനുഷ്യന്റെ പ്രകൃതിയിൽ അല്ലാഹു നിശ്ചയിച്ച കാര്യമാണ്. അത് ഊരിയെടുത്തെറിയാൻ സാധ്യമല്ല. എന്നിട്ടും 'കോപിക്കരുത്' എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം കോപത്തിന് കാരണമാകുന്ന പ്രവർത്തനങ്ങൾ ഉണ്ടാകരുതെന്നും കോപത്തിന്റെ ദുസ്സ്വാധീനങ്ങൾ പ്രകടിപ്പിക്കരുതെന്നുമാണ്.

അല്ലാഹുവിന്റെ കോപത്തിന് മനുഷ്യന്റെ കോപപ്രകടനങ്ങൾ കാരണമായി മാറും. അല്ലാഹുവിൽ നിന്ന് അകറ്റാൻ അതുമാത്രം മതി. ഇതിന് പുറമെ വ്യക്തിപരമായും സാമൂഹികമായും ഒട്ടനവധി ദോഷങ്ങൾ കോപംകൊണ്ടുണ്ട്. അത് മനുഷ്യത്വത്തെ നശിപ്പിക്കുകയും ചിന്തകളെ ഇല്ലാതാക്കികളയും ചെയ്യും. താനെന്ത് പറയുന്നു, എന്ത് പ്രവർത്തിക്കുന്നു എന്ന് ചിന്തിക്കുക പോലുമില്ല. ഉൾകാഴ്ചയാണിവിടെ നഷ്ടപ്പെടുന്നത്. ഒരു കാലത്തും നന്നാക്കാനും തിരിച്ചെടുക്കാനും പറ്റാത്ത ചില സംസാരങ്ങളും സമീപനങ്ങളും ചിലപ്പോൾ കോപത്തിലൂടെ വരാറുണ്ട്.

ഹൃദയത്തെ കോപം ഭിന്നിപ്പിക്കും. സമ്മർദം കൂട്ടും. ഈ നിലയ്ക്ക് ശാരീരികമായിപ്പോലും ദോഷം ചെയ്യുന്ന കാര്യമാണ് കോപം. കൂട്ടുകാരുടെ വെറുപ്പ്, ശത്രുക്കളുടെ സന്തോഷം, അസൂയാലുക്കളുടെ പരിഹാസം, ജനങ്ങളിൽ നിന്ദ്യത തുടങ്ങിവയെല്ലാം കോപത്തിന്റെ അനന്തര ഫലങ്ങളാണ്. അവസാനം കുറ്റബോധമാണത് സമ്മാനിക്കുക.

ശത്രുതയും ബന്ധവിഛേദനങ്ങളും വർധിപ്പിക്കാൻ കോപം കാരണമാകുന്നുണ്ട്. ദിനേന എത്രയോകൊലപാതകങ്ങൾ കോപാധിക്യത്താൽ ലോകത്ത് സംഭവിക്കുന്നുണ്ട്.

പ്രതികാര ദാഹത്തിന്റെ പേരിൽ ഹൃദയത്തിലെ രക്തം തിളക്കലാണ് ഒരർഥത്തിൽ കോപം. കോപം മനുഷ്യസഹജമാണെന്ന് പറഞ്ഞല്ലോ. എന്നാൽ അതിന്റെ പ്രതിഫലനങ്ങൾ നമ്മുടെ ബുദ്ധിയെയും ദീനിന്റെ നിയമങ്ങളെയും വിട്ടുകടന്ന് നിയന്ത്രണാതീതമാകരുത്. നന്മയും തിന്മയും വേർതിരിച്ച് പ്രവർത്തിക്കാവുന്നതിലപ്പുറമാകരുത്. ചിന്താമണ്ഡലത്തെയും വീക്ഷണശേഷിയെയും മറിക്കടക്കുന്നതാകരുത്.

സത്യത്തിനു വേണ്ടി കോപിക്കാം. അത് അനിവാര്യമാണ്. നബിﷺ സ്വന്തം കാര്യത്തിൽ പ്രതികാരത്തിനിറങ്ങാറില്ല. എന്നാൽ മതത്തിന്റെ പവിത്രതകൾ കളങ്കപ്പെടുത്തപ്പെട്ടാൽ മൗനം പാലിക്കാറുമില്ല. രണ്ട് കാര്യങ്ങൾ മുന്നിൽ വന്നാൽ അതിൽ ലളിതമായതിനെ തിരഞ്ഞെടുക്കും; അത് കുറ്റകരമായ കാര്യമല്ല എങ്കിൽ. കുറ്റകരമായ കാര്യമാണെങ്കിൽ അതിൽ നിന്ന് ഏറ്റവും അകന്നു നിൽക്കുന്നയാൾ നബിﷺയായിരിക്കും.

ഇഷ്ടമില്ലാത്ത ഒരു കാര്യം കണ്ടാൽ അത് നബിﷺയുടെ മുഖത്ത് പ്രകടമാകുമായിരുന്നു (ബുഖാരി, മുസ്ലിം).

ചുരുക്കത്തിൽ, നിയന്ത്രണാതീതമായ കോപം ഹൃദയത്തെ ബാധിക്കുന്ന രോഗങ്ങളിൽ ഒന്നാണ്. ചികിത്സ അനിവാര്യമായ മോശപ്പെട്ട സ്വഭാവമാണ്. അത് ഹൃദയത്തിൽ പക നിറയ്ക്കും. ഉള്ളിൽ പലതും മറച്ചു വെക്കും.

കോപത്തിന് പലകാരണങ്ങളുണ്ട്. അത് മനസ്സിലാക്കി വേണം ചികിത്സ നടത്താൻ. അഹങ്കാരം, ദുരഭിമാനം, അമിത തമാശ, പരിഹാസം, അത്യാഗ്രഹം ഇവയെല്ലാം മനുഷ്യനെ കോപത്തിലേക്കെത്തിക്കാറുണ്ട്. ഇതിൽ നിന്നെല്ലാം മുക്തമായ മനസ്സ് ഉണ്ടാക്കിയെടുക്കലാണ് പരിഹാരം. കോപം വന്നാൽ, കോപം അടക്കിവെക്കുന്നവർക്ക് അല്ലാഹു വാഗ്ദാനം ചെയ്ത പ്രതിഫലം ഓർക്കുക. കോപിക്കുന്നവർക്കുള്ള ശിക്ഷയെക്കുറിച്ചോർക്കുക. 'ഞാൻ എന്റെ ഭൃത്യനെ അടിക്കാറുണ്ട്' എന്ന് അബൂമസ്ഊദ് (റ) നബിﷺയോട് പറഞ്ഞപ്പോൾ 'നിനക്ക് ഈ ഭൃത്യനിൽ ഉള്ള കഴിവിനെക്കാൾ നിന്റെ കാര്യത്തിൽ അല്ലാഹുവിന് കഴിവുണ്ട്' എന്ന് നബിﷺ അദ്ദേഹത്തെ ഉണർത്തിയത് (മുസ്ലിം) നമ്മെ ചിന്തിപ്പിക്കേണ്ടതാണ്. ●

ദുൽക്കർഷാൻ. എ
dulkaralr@gmail.com

ബാലപഥം



# വഴി മാറിപ്പോയ വൻ വിപത്ത്

നല്ല മഴ! തുള്ളി മുറിയാത്ത മഴ! രാവിലെ എഴുന്നേൽക്കാൻ തന്നെ മടി തോന്നും. പുതച്ചുമൂടി കിടന്നുറങ്ങാൻ എന്തു സുഖമാ...! പറഞ്ഞിട്ടെന്താ; ഉമ്മ സമ്മതിക്കില്ല ഉറങ്ങാൻ. സുബ്ഹി നമസ്കരിക്കണം. നമസ്കാരം കഴിഞ്ഞാൽ മദ്റസയിൽ പോകണം.

വീടിന്റെ മുൻഭാഗത്ത് നെൽച്ചെടികൾ തലയാട്ടി നിൽക്കുന്ന മനോഹരമായ വയൽ. വയൽ വരമ്പിലൂടെ വേണം മദ്റസയിലേക്കും സ്കൂളിലേക്കും പോകാൻ.

തുടർച്ചയായി പെയ്തുകൊണ്ടിരിക്കുന്ന മഴയിൽ പുഴയും തോടും കുളങ്ങളും വയലുമെല്ലാം നിറഞ്ഞു നിൽക്കുന്നത് അതിമനോഹരമായ കാഴ്ചയാണ്. വീട് പാടവക്കിലായതുകൊണ്ട് കിണറ്റിൽ വെള്ളം നിറയാനായിട്ടുണ്ട്. തൊടിയിൽ അങ്ങിങ്ങായി ഉറവു പൊട്ടി ഒലിക്കുന്ന വെള്ളം...!

അബ്ദുൽ മജീദിനും സുഹ്റാക്കും രണ്ടു മക്കളാണുള്ളത്. മൂത്തവൻ സ്വാലിഹ. അവൾ ആറാം ക്ലാസിൽ പഠിക്കുന്നു. ഇളയവൻ സ്വാലിഹ് മൂന്നിലും.

സ്കൂൾ യൂണിഫോം തയ്ച്ചുകിട്ടി. പുതിയ പാഠപുസ്തകങ്ങൾ കിട്ടി. പുതിയ നോട്ടുപുസ്തകങ്ങളും ബാഗും കുടയും ചെരുപ്പുമെല്ലാം വാങ്ങിയിട്ടുണ്ട്.

സ്വാലിഹ അവളുടെ പുസ്തകങ്ങൾ സ്വന്തമായി പൊതിഞ്ഞു. സ്വാലിഹ് ഉമ്മയെ കാത്തിരിക്കുകയാണ്. 'ഉമ്മയുടെ അടുക്കള ജോലി ഇനിയും തീർന്നില്ലേ.' ക്ഷമ നശിച്ച സ്വാലിഹ് വിളിച്ചു ചോദിച്ചു.

'ദേ വരുന്നു' ഉമ്മ മറുപടി പറഞ്ഞു.

വൈകാതെ ഉമ്മ അടുക്കളയിൽ നിന്നും വന്നു. സ്വാലിഹിന്റെ പുസ്തകങ്ങൾ പൊതിഞ്ഞുകൊടുത്തു.

ഉറങ്ങാൻ കിടക്കുമ്പോൾ സ്വാലിഹിന്റെയും സ്വാലിഹയുടെയും മനസ്സിൽ നിറയെ പുതിയ യൂണിഫോം ധരിച്ച്, പുത്തൻ മണമുള്ള പുസ്തകങ്ങളുമായുള്ള യാത്രയായിരുന്നു.

പാടവരമ്പിലൂടെ പുള്ളിക്കുടയും ചൂടി യൂണിഫോമിലേക്ക് ചളി തെറിക്കാതെ ശ്രദ്ധിച്ചു നടന്നു. ഇടയിലൂടെ ചാലിട്ടൊഴുകുന്ന വെള്ളവും അതിലെ കുഞ്ഞുപരലുകളും... ഇടക്ക് ചെറിയ മാളങ്ങളിൽ നിന്ന് പുറത്തേക്ക് കൈ നീട്ടിയിരിക്കുന്ന ഞണ്ടുകൾ... വെള്ളത്തിലേക്ക് എടുത്തു ചാടുന്ന തവളകൾ...നോക്കി നിൽക്കാൻ കൗതുകമുള്ള കാഴ്ചകൾ.

സ്കൂളിലെത്തിയപ്പോഴേക്കും കുറച്ചൊക്കെ നനഞ്ഞിരുന്നു. പാടെ നനഞ്ഞൊട്ടിയ കുട്ടികളുമുണ്ട്. സമയം പത്തു മണി. ബെല്ലടിച്ചു, കുട്ടികൾ എല്ലാവരും ക്ലാസ്സിൽ കയറി. ടീച്ചർ വന്നു. പ്രാർഥന ചൊല്ലി. പിന്നെ കണക്കിന്റെയും സാമൂഹ്യ ശാസ്ത്രത്തിന്റെയും പരിസരപഠനത്തിന്റെയുമൊക്കെ ലോകത്തിലേക്ക്...

സമയം ഉച്ചയായി. ചിലർ ഭക്ഷണം കൊണ്ടുവന്നിട്ടുണ്ട്. സ്വാലിഹ് പാത്രവുമായി ഭക്ഷണം നൽകുന്ന വരിയിൽ ചെന്നു നിന്നു. ചോറും സാമ്പാറും ചെറുപയർ ഉപ്പേരിയുമാണ് ഇന്ന്.

സ്കൂൾ വിടുമ്പോൾ മഴക്ക് കുറവുണ്ടായിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ ശക്തമായ കാറ്റും മഴയുമായി. സ്വാലിഹ അനുജന്റെ കൈപിടിച്ച് നടന്നു.

പെട്ടെന്നാണ് സ്വാലിഹയുടെ കണ്ണിൽ ആ കാഴ്ച പെട്ടത്. വലിയൊരു മരം കടപുഴകി മറിഞ്ഞ് വൈദ്യുതി കമ്പികൾ പൊട്ടിവീണിരിക്കുന്നു. ചെറിയ കൈത്തോട്ടിൽ തട്ടിയാണ് കമ്പികൾ കിടക്കുന്നത്. വൈദ്യുതി കമ്പി പൊട്ടിവീണു കിടക്കുന്നതുകണ്ടാൽ അടുത്തു ചെല്ലരുതെന്ന് ഉമ്മ പറഞ്ഞത് സ്വാലിഹക്ക് ഓർമവന്നു. പെട്ടെന്ന് അവൾ നിന്നു. മുന്നോട്ട് പോകാൻ ശ്രമിച്ച അനുജനെ അവൾ തടഞ്ഞു. പുറകിൽ ഒരു കൂട്ടം കുട്ടികൾ ആർപ്പുവിളികളുമായി വരുന്നുണ്ട്. അവർ തന്റെ വാക്കുകൾ കേൾക്കാതെ അപകടത്തിൽ ചാടിയേക്കും. എന്തു ചെയ്യും? അവൾ ഉറക്കെ വിളിച്ചു പറഞ്ഞു: "ആരും മുന്നോട്ട് വരരുത്. കറന്റ് കമ്പി പൊട്ടിവീണിട്ടുണ്ട്. ഷോക്കടിക്കും."

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

കവിത

# എന്തൊരഴക് !!



ചലിച്ചിടും ഭൂലോകത്തിൽ
വസിച്ചിടുന്നോരല്ലോ നാം.
തരിച്ചു പോകും ചിന്തിച്ചാൽ
പടച്ച റബ്ബിൻ കഴിവുകളെ!
ജ്വലിച്ചു നിൽപൂ ആദിത്യൻ
ചിരിച്ചു നിൽപൂ പൂവാടി.
തപിച്ചു നിൽക്കും ഭൂമിയിതിൽ
ഒലിച്ചിറങ്ങും മഴവെള്ളം.
മുളച്ചിടുന്നു സസ്യങ്ങൾ
രസിച്ചു മേയും മാടുകളും.
നിലച്ചു പോയ ഉറവുകളിൽ
തിരിച്ചുവരവായ് ജലധാര.
ചിലച്ചിടുന്നു പക്ഷികളും
മടിച്ചു നീങ്ങൂ ഒച്ചുകളും
മുഷിച്ചിടാത്തീകാഴ്ചയ്ക്ക്
പടച്ച റബ്ബിനു ശുക്റോതാം.

കാര്യം മനസ്സിലാക്കിയ സ്വാലിഹും ഉറക്കെ അതേറ്റു പറഞ്ഞു. അപകടം മനസ്സിലാക്കിയ മറ്റുകുട്ടികളും ഉറക്കെ ശബ്ദമുണ്ടാക്കി. അതുവഴി വരികയായിരുന്ന മുതിർന്ന ഒരാൾ ഓടിവന്നു. അദ്ദേഹം ഇലക്ട്രിസിറ്റി ഓഫീസിലേക്കും കൂട്ടുകാർക്കും വിളിച്ചു പറഞ്ഞു. താമസിയാതെ ആ ഭാഗത്തേക്കുള്ള വൈദ്യുതി കണക്ഷൻ ഓഫാക്കി.

അപ്പോഴേക്കും മഴ ശമിച്ചിരുന്നു. അനവധി ആളുകൾ അവിടേക്ക് പാഞ്ഞെത്തി. അവർ കുട്ടികൾ അപകടത്തിൽ പെടാത്തതിൽ അല്ലാഹുവിനോട് നന്ദി പറഞ്ഞു. സ്വാലിഹ എന്ന മിടുക്കിയുടെ ശ്രദ്ധ അപകടത്തിൽ നിന്ന് കുറെ കുട്ടികളെ രക്ഷിക്കാൻ കാരണമായി എന്നറിഞ്ഞ നാട്ടുകാർ അവളെ അനുമോദിച്ചു. അപകടം മുന്നിൽ കാണുമ്പോൾ പകച്ചു നിൽക്കാതെ ബുദ്ധിപൂർവം പ്രവർത്തിക്കാൻ തനിക്ക് സാധിച്ചത് ഉമ്മയുടെ ഉപദേശം കൊണ്ടാണല്ലോ. ഉമ്മയോട് ഇക്കാര്യം പറയണം. അവൾ അനുജന്റെ കൈപിടിച്ച് വീട് ലക്ഷ്യമാക്കി ഓടി.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം

**ആദം നബി عليه السلام: 5**



# ആദമിന്റെ രണ്ട് മക്കൾ

**ആ**ദം عليه السلام ഹവ്വ رضي الله عنها ദമ്പതികൾക്കുണ്ടായ രണ്ട് മക്കളാണ് ഹാബീലും ക്വാബീലും. ഇവരുടെ പേര് ക്വുർആനിലോ ഹദീഥിലോ പരാമർശിക്കപ്പെട്ടിട്ടില്ലെങ്കിലും പ്രഗത്ഭരായ സ്വഹാബികളിൽ നിന്ന് ഈ പേരുകൾ റിപ്പോർട്ട് ചെയ്തത് ക്വുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ കാണാം. സ്വഹാബിമാർ ഇത്തരം കാര്യങ്ങൾ പറയുമ്പോൾ നബിﷺയിൽ നിന്ന് കേൾക്കാതെ പറയാൻ നിവൃത്തിയില്ല. അതിനാൽ അവരുടെ പേരുകൾ ഹാബീലും ക്വാബീലും ആയിരുന്നുവെന്ന് മനസ്സിലാക്കുക.

ആദം-ഹവ്വ ദമ്പതികൾക്ക് ഓരോ പ്രസവത്തിലും ഈരണ്ട് കുട്ടികളാണ് ജനിച്ചിരുന്നത്. അതിൽ ഒരു ആണും ഒരു പെണ്ണും ഉണ്ടാകും. ഇവർ തമ്മിൽ വിവാഹം ചെയ്യാൻ പാടില്ലായിരുന്നു. എന്നാൽ അടുത്ത പ്രസവത്തിലുള്ള സഹോദരിയെ മറ്റൊരു പ്രസവത്തിൽ ജനിച്ച സഹോദരനു വിവാഹം ചെയ്യാം. ഇതായിരുന്നു ആ കാലത്തെ ശരീഅത്ത്. കാരണം അത് മനുഷ്യ ചരിത്രത്തിന്റെ തുടക്കമാണല്ലോ. അതല്ലാത്ത മറ്റു മാർഗമൊന്നും ഇല്ല. എന്നാൽ ഇന്ന് ഒരാൾക്ക് തന്റെ സഹോദരിയെ വിവാഹം ചെയ്യാൻ പാടില്ല.

“(നബിയേ,) നീ അവർക്ക് ആദമിന്റെ രണ്ടു പുത്രന്മാരുടെ വൃത്താന്തം സത്യപ്രകാരം പറഞ്ഞു കേൾപിക്കുക. അവർ ഇരുവരും ഓരോ ബലിയർപ്പിച്ച സന്ദർഭം. ഒരാളിൽ നിന്ന് ബലി സ്വീകരിക്കപ്പെട്ടു; മറ്റവനിൽ നിന്ന് സ്വീകരിക്കപ്പെട്ടില്ല. മറ്റവൻ പറഞ്ഞു: ഞാൻ നിന്നെ കൊലപ്പെടുത്തുക തന്നെ ചെയ്യും. അവൻ (ബലി സ്വീകരിക്കപ്പെട്ടവൻ) പറഞ്ഞു: ധർമനിഷ്ഠയുള്ളവരിൽ നിന്നു മാത്രമെ അല്ലാഹു സ്വീകരിക്കുകയുള്ളൂ” (ക്വുർആൻ 5:27).

ഈ വചനം ആരംഭിക്കുന്നത് തന്നെ ആദം നബി عليه السلامയുടെ രണ്ടു മക്കളുടെ സത്യപ്രകാരമുള്ള വൃത്താന്തം എന്ന് അറിയിച്ചുകൊണ്ടാണ്. അതിൽ നിന്ന് തന്നെ അവരെ കുറിച്ച് അസത്യമായ വാർത്തകൾ പഠിപ്പിക്കപ്പെട്ടിട്ടുണ്ട് എന്ന് അറിയിക്കുന്നുണ്ട്. അഥവാ ജൂതന്മാരും ക്രിസ്ത്യാനികളും ഇവ്വിഷയകമായി സ്വീകാര്യമല്ലാത്ത രൂപത്തിൽ പലതും പ്രചരിപ്പിച്ചിട്ടുണ്ട്. എന്നാൽ എന്തായിരുന്നു വസ്തുത എന്നത് ക്വുർആനിലൂടെയും സ്വഹീഹായ നബി വചനങ്ങളിലൂടെയും നമുക്കൊന്ന് മനസ്സിലാക്കാം.

ഹാബീലൂ ക്വാബീലും ഒരു ‘ക്വുർബാൻ’ സമർപ്പിച്ചു. ‘ക്വുർബാൻ’ എന്ന് പറഞ്ഞാൽ അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ച് അവനിലേക്ക് സമർപ്പിക്കുന്നതാണ്. നാം ബലി പെരുന്നാൾ ദിവസം ഉദ്ഹിയ്യത്ത് അറുക്കാറുണ്ടല്ലോ. അതും ഒരു ക്വുർബാനയാണ്. കാരണം നാം അല്ലാഹുവിന്റെ പ്രീതി ആഗ്രഹിച്ച് അവന് സമർപ്പിക്കുന്നതാണത്. അതുപോലെ നേർച്ച, സ്വദക്വ ഇതെല്ലാം ക്വുർബാനയാണ്. ആദമിന്റെ മക്കളായ ഇരുവരും ഇപ്രകാരം അല്ലാഹുവിന്റെ പ്രീതിക്കായി ഓരോ ക്വുർബാൻ സമർപ്പിച്ചു. എന്തായിരുന്നു അവർ ക്വുർബാൻ നൽകിയത് എന്ന് ക്വുർആനിലോ ഹദീഥുകളിലോ വിവരിക്കപ്പെട്ടിട്ടില്ല. രണ്ടിൽ ഒരാൾ

കർഷകനായിരുന്നുവെന്നും അയാൾ സമർപ്പിച്ചത് ധാന്യമായിരുന്നുവെന്നും രണ്ടാമൻ കാലികളെ വളർത്തുന്നവനായത് കൊണ്ട് ആടുകളെ ആയിരുന്നു സമർപ്പിച്ചിരുന്നത് എന്ന് ചില അഭിപ്രായങ്ങൾ കാണാം. അവർ സമർപ്പിച്ച ക്വുർബാന നാം അറിയുന്നതിൽ നമുക്ക് വല്ല നന്മയും ഉണ്ടായിരുന്നുവെങ്കിൽ അല്ലാഹു നമുക്കത് അറിയിച്ചുതരുമായിരുന്നു.

"നിങ്ങൾ പിഴച്ചുപോകാതിരിക്കാൻ അല്ലാഹു നിങ്ങൾക്ക് കാര്യങ്ങൾ വിവരിച്ചു തരുന്നു..." (4:176).

"നിങ്ങൾക്ക് (കാര്യങ്ങൾക്ക്) വിവരിച്ചു തരുവാനും അല്ലാഹു ഉദ്ദേശിക്കുന്നു..." (4:26).

ഈ രണ്ടു സൂക്തങ്ങളും നമ്മെ പഠിപ്പിക്കുന്നത് അല്ലാഹു നമുക്ക് ആവശ്യമായ മുഴുവനും പ്രവാചകന്മാരിലൂടെ അറിയിച്ചിട്ടുണ്ടെന്നാണ്.

രണ്ടിൽ ഒരാളുടെ ക്വുർബാൻ അല്ലാഹു സ്വീകരിക്കുകയും ഒരാളുടെത് സ്വീകരിക്കാതിരിക്കുകയും ചെയ്തു. ഈ ക്വുർബാൻ അല്ലാഹു സ്വീകരിച്ചതും സ്വീകരിക്കാതിരിക്കുകയും ചെയ്തത് അവർക്കെങ്ങനെ മനസ്സിലായി? നാം ചെയ്യുന്ന കർമങ്ങളൊന്നും സ്വീകരിച്ചോ ഇല്ലയോ എന്ന് നമുക്ക് അറിയാൻ സാധിക്കുന്നില്ലല്ലോ! നമ്മുടെ കർമം അല്ലാഹു സ്വീകരിച്ചോ ഇല്ലയോ എന്ന് അറിയണമെങ്കിൽ ക്വിയാമത്ത് നാൾ വരെ കാത്തിരിക്കണം. എന്നാൽ ഇവർക്ക് അല്ലാഹു അവരുടെ ക്വുർബാൻ സ്വീകരിച്ചതും തിരസ്കരിച്ചതും മനസ്സിലായി. ക്വുർബാൻ സ്വീകരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആകാശത്തു നിന്ന് ഒരു തീ വന്ന് അതിനെ വിഴുങ്ങും. അല്ലെങ്കിൽ മറ്റു വല്ല അടയാളങ്ങളിലൂടെയും മനസ്സിലാക്കും എന്നിങ്ങനെ ഇതിന് വിശദീകരിക്കപ്പെട്ടത് കാണാം.

ഹാബീലിന്റെ ക്വുർബാൻ സ്വീകരിക്കപ്പെടുകയും ക്വാബീലിന്റെത് സ്വീരിക്കപ്പെടാതെ പോവുകയും ചെയ്തപ്പോൾ ക്വാബീൽ ഹാബീലിനോട് 'ഞാൻ നിന്നെ കൊലപ്പെടുത്തുക തന്നെ ചെയ്യും' എന്ന് പറഞ്ഞു. ഇപ്രകാരം അവൻ തീരുമാനിക്കാൻ കാരണം അസൂയയായിരുന്നു. രണ്ടാളും ഒരേ കർമം ചെയ്തിട്ട് ഒരാളുടേത് മാത്രം അല്ലാഹു സ്വീകരിക്കുകയോ? ക്വാബീലിന് ഹാബീലിനോട് അസൂയ ഉണ്ടായി. ഈ സന്ദർഭത്തിൽ ഹാബീൽ പറഞ്ഞു: 'ധർമനിഷ്ഠയുള്ളവരിൽ നിന്നു മാത്രമെ അല്ലാഹു സ്വീകരിക്കുകയുള്ളൂ.'

ക്വുർബാന സമർപ്പിച്ച മുതൽ നിഷിദ്ധമായ മാർഗത്തിലൂടെ ലഭിച്ചതാവാം. അല്ലെങ്കിൽ ഒരു കർമം അല്ലാഹു സ്വീകരിക്കാൻ വേണ്ട നിബന്ധനകൾ അവനിൽ പൂർണമായിക്കാണില്ല.

അല്ലാഹു ഓരോരുത്തരിൽ നിന്നും കർമങ്ങൾ സ്വീകരിക്കുന്നത് അവരവരുടെ സൂക്ഷ്മതക്കനുസരിച്ചാണ്. ഒരേ സ്വഫ്ഫിൽ നിന്ന് നമസ്കരിക്കുന്ന എല്ലാവർക്കും ഒരേ പ്രതിഫലമല്ല അല്ലാഹു നൽകുക. ചിലർക്ക് കൂടും, മറ്റു ചിലർക്ക് കുറയും. ചിലരുടേത് സ്വീകരിച്ചില്ലെന്നും വരും. അല്ലാഹു നമ്മുടെ എല്ലാവരുടെയും കർമങ്ങൾ പൂർണമായി നമ്മിൽ നിന്ന് സ്വീകരിക്കുകയും പൂർണമായി പ്രതിഫലം നൽകുകയും ചെയ്യുമാറാകട്ടെ. ഏതൊരു സൽകർമം ചെയ്താലും അതെല്ലാം അല്ലാഹു സ്വീകരിക്കും എന്ന അമിത വിശ്വാസം നമുക്ക് ദോഷമാണ് വരുത്തുക. മറിച്ച് അല്ലാഹു സ്വീകരിക്കില്ലേ എന്ന ഭയമാണ് നമുക്ക് വേണ്ടത്. അല്ലാഹുവിന്റെ കൽപന പ്രകാരം ഏറ്റവും ശ്രേഷ്ഠമായ കഅ്ബ പടുത്തുയർത്തിയതിന് ശേഷം ഇബ്റാഹീം നബിﷺയും മകൻ ഇസ്മാഈൽ നബിﷺയും അല്ലാഹുവിനോട് നടത്തിയ പ്രാർഥന ക്വുർആൻ നമ്മെ പഠിപ്പിക്കുന്നത് കാണുക:

"ഇബ്രാഹീമും ഇസ്മാഈലും കൂടി ആ ഭവനത്തിന്റെ (കഅ്ബയുടെ) അടിത്തറ കെട്ടി ഉയർത്തിക്കൊണ്ടിരുന്ന സന്ദർഭവും (അനുസ്മരിക്കുക). (അവർ ഇപ്രകാരം പ്രാർഥിച്ചിരുന്നു:) ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നീയിത് സ്വീകരിക്കേണമേ. തീർച്ചയായും നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" (2:127).

സൂക്ഷ്മത പാലിക്കുന്നവരിൽ നിന്നാണ് അല്ലാഹു കർമങ്ങൾ സ്വീകരിക്കുന്നതെന്ന് നാം പറഞ്ഞുവല്ലോ. എങ്ങനെയാണ് സൂക്ഷ്മത പാലിക്കേണ്ടത്? സൂക്ഷ്മത പാലിക്കുന്നവൻ ആരാണ്? ഇബ്നു കഥീർ(റ) പറയുന്നത് കാണുക:

"കൽപിക്കപ്പെട്ട കാര്യങ്ങൾ (കർമങ്ങൾ) അല്ലാഹുവിനെ അനുസരിച്ച് നിർവഹിക്കുകയും, അല്ലാഹു നിഷിദ്ധമാക്കിയതിനെ ഒഴിവാക്കുന്നവനുമാണ് സൂക്ഷ്മത പാലിക്കുന്നവൻ. ഇപ്രകാരം ജീവിക്കുന്നവരിൽ നിന്നേ അല്ലാഹു കർമങ്ങൾ സ്വീകരിക്കുകയുള്ളൂ."

മഹാന്മാരായ മുൻഗാമികൾ അല്ലാഹു തങ്ങളുടെ കർമങ്ങൾ സ്വീകരിക്കില്ലേയെന്ന് ഭയമുള്ളവരായിരുന്നു. അബുദ്ദർദാഅ്(റ) പറയുന്നതായി ഒരു റിപ്പോർട്ടിൽ ഇങ്ങനെ കാണാം:

"അല്ലാഹു എന്റെ ഒരു നേരത്തെ നമസ്കാരം സ്വീകരിച്ചിട്ടുണ്ടെന്ന് എനിക്ക് ഉറപ്പ് കിട്ടുന്നതാണ് ഈ ദുൻയാവിനെക്കാളും അതിലുള്ളതിനെക്കാളും എനിക്ക് ഏറ്റവും ഇഷ്ടം. (കാരണം) അല്ലാഹു പറഞ്ഞിട്ടുണ്ട്; ധർമനിഷ്ഠയുള്ളവരിൽ നിന്നു മാത്രമെ അല്ലാഹു സ്വീകരിക്കുകയുള്ളൂ എന്ന്."

ഈ ഭയം നമ്മിലുണ്ടോ? നാമെല്ലാം ചെയ്തതും ചെയ്യുന്നതും ചെയ്യാനിരിക്കുന്നതും അല്ലാഹു സ്വീകരിച്ചിട്ടുണ്ടെന്ന നാട്യേനയാണ് ജീവിക്കുന്നത്. നാം എപ്പോഴും നമ്മുടെ കർമങ്ങൾ അല്ലാഹു സ്വീകരിക്കുന്നതിനായി പ്രാർഥിച്ചുകൊണ്ടേയിരിക്കണം.

ആദംﷺമിന്റെ പുത്രന്മാരിൽ ഒരാൾ മറ്റൊരാളെ കൊല്ലാൻ തയ്യാറായി നിൽക്കുകയാണ്. ഈ സമയത്ത് ഭീഷണിപ്പെടുത്തപ്പെട്ടവൻ ഭീഷണിപ്പെടുത്തിയവനോട് പറയുന്നത് കാണുക:

"എന്നെ കൊല്ലുവാൻ വേണ്ടി നീ എന്റെ നേരെ കൈനീട്ടിയാൽ പോലും നിന്നെ കൊല്ലുവാൻ വേണ്ടി ഞാൻ നിന്റെ നേരെ കൈനീട്ടുന്നതല്ല. തീർച്ചയായും ഞാൻ ലോകരക്ഷിതാവായ അല്ലാഹുവെ ഭയപ്പെടുന്നു" (ക്വുർആൻ 5:28).

അദ്ദേഹം ഭയഭക്തിയുള്ളവനായിരുന്നുവെന്ന് ഈ വചനത്തിലും സൂചനയുണ്ട്. അദ്ദേഹം പറയുന്നത്

**ഒരാളുടെ രക്തം (ശരീരം), ധനം, അഭിമാനം ഇതെല്ലാം കഅ്ബാലയം പോലെ പവിത്രമാണെന്നും അവ ഹനിക്കരുതെന്നും ഇസ്‌ലാം ശക്തമായി മനുഷ്യരെ പഠിപ്പിക്കുന്നു. ആരെയാണോ ഉപദ്രവിച്ചത് അവൻ മാപ്പ് നൽകാതെ സ്രഷ്ടാവും മാപ്പ് നൽകില്ല. പശ്ചാത്താപം കൊണ്ട് മാത്രം രക്ഷയില്ലെന്നർഥം. നമസ്‌കാരമോ നോമ്പോ സകാത്തോ എന്ത് തന്നെ ചെയ്താണ് റബ്ബിനെ കണ്ടുമുട്ടുന്നതെങ്കിലും ഈ കൃത്യങ്ങൾക്ക് അല്ലാഹു നീതിയോടെ തീർപ്പ് കൽപിക്കുന്നതാണ്.**

'ഞാൻ നിന്നെ കൊല്ലാതിരിക്കാൻ കാരണം എന്റെ കഴിവുകേടൊന്നുമല്ല; അല്ലാഹുവിനെ കുറിച്ചുള്ള ഭയമാണ് എന്നെ അതിൽ നിന്ന് പിന്തിരിപ്പിക്കുന്നത്' എന്നാണ്.

"എന്റെ കുറ്റത്തിനും നിന്റെ കുറ്റത്തിനും നീ അർഹനായിത്തീരുവാനും, അങ്ങനെ നീ നരകാവകാശികളുടെ കൂട്ടത്തിലാകുവാനുമാണ് ഞാൻ ആഗ്രഹിക്കുന്നത്. അതാണ് അക്രമികൾക്കുള്ള പ്രതിഫലം" (5:30).

ഹാബീൽ ക്വാബീലിനോട് പറയുന്നു; നീ എന്നെ കൊന്നാൽ നിനക്ക് രണ്ട് പാപഭാരം വഹിക്കേണ്ടി വരും. ഒന്ന് എന്നെ കൊന്നതിനും, രണ്ട് നിന്റെ ക്വുർബാൻ സ്വീകരിക്കപ്പെടാത്ത എന്തോ തിന്മ നിന്നിൽ നിന്ന് വന്നതിനാലും. ഇപ്രകാരം ചെയ്താൽ നീ അക്രമിയാകുമെന്നും നീ നരകക്കാരിൽ ആയിത്തീരുകയും ചെയ്യും എന്നെല്ലാം അവനെ അറിയിച്ചു. അവൻ പിന്മാറിയില്ല. അവൻ ആ ഹീന കൃത്യം നിർവഹിച്ചു.

'ഭൂമിയിൽ ആരും അന്യായമായി കൊലചെയ്യപ്പെടുന്നില്ല, ആദമിന്റെ പുത്രനിൽ അതിന്റെ (പാപത്തിന്റെ) ഒരു വിഹിതം ഉണ്ടായിട്ടല്ലാതെ. കാരണം, അവനാണ് കൊലയുടെ ആദ്യത്തെ ചര്യ തുടങ്ങിയത്" (ബുഖാരി). ഈ തിന്മക്ക് അവനാണ് തുടക്കം നൽകിയത് എന്ന കാരണത്താൽ ആ തിന്മ ചെയ്യുന്നവർക്ക് ലഭിക്കുന്ന ശിക്ഷയുടെ ഒരു വിഹിതം അവനും ലഭിക്കും. ഒരാൾ ഒരു നന്മക്ക് തുടക്കം കുറിച്ചാലോ, ആ നന്മ ആരെല്ലാം ചെയ്യുന്നുവോ, അവർക്കെല്ലാം ലഭിക്കുന്ന പ്രതിഫലത്തിൽ യാതൊരു കുറവും വരുത്താതെ ആ നന്മക്ക് തുടക്കം നൽകിയ വ്യക്തിക്ക് ലഭിക്കപ്പെടും. ഉദാ: ഒരു നാട്ടിൽ ഒരു പള്ളി പണിതു. ആ പള്ളിയിൽ ആരെല്ലാം നമസ്‌കരിക്കുകയും മറ്റു ആരാധന കർമങ്ങൾ ചെയ്യുന്നുവോ അതിന്റെയെല്ലാം പ്രതിഫലം ആ പള്ളി പണിത വ്യക്തിക്ക് നൽകപ്പെടുന്നതാണ്. എന്നാൽ ഇത് ഒരിക്കലും മതത്തിൽ പുതിയ ആചാരമോ അനുഷ്ഠാനങ്ങളോ ഉണ്ടാക്കുവാൻ തെളിവല്ല.

കൊലപാതകം അല്ലാഹു നിഷിദ്ധമാക്കിയിട്ടുള്ള കാര്യങ്ങളിൽ പെട്ടതാണല്ലോ. കൊലപാതകത്തിനുള്ള ശിക്ഷ ക്വുർആൻ വിവരിക്കുന്നത് ഇപ്രകാരമാണ്.

"ആരെങ്കിലും ഒരു സത്യവിശ്വാസിയെ മനഃപൂർവം കൊലപ്പെടുത്തുന്ന പക്ഷം അവന്നുള്ള പ്രതിഫലം നരകമാകുന്നു. അവനതിൽ നിത്യവാസിയായിരിക്കും. അവന്റെ നേരെ അല്ലാഹു കോപിക്കുകയും അവനെ ശപിക്കുകയും ചെയ്തിരിക്കുന്നു. കനത്ത ശിക്ഷയാണ് അവനുവേണ്ടി അല്ലാഹു ഒരുക്കിവെച്ചിട്ടുള്ളത്" (4:93).

അബദ്ധത്തിൽ കൊന്നാലോ? അതിനും ഇസ്‌ലാം നിയമം വെച്ചിട്ടുണ്ട്. കൊല്ലപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകണം. അത് എത്രയാണ് നൽകേണ്ടതെന്ന് കോടതിയാണ് തീരുമാനിക്കുക. തീർന്നില്ല, അബദ്ധത്തിൽ സംഭവിച്ച ഒരു കൊലയാണല്ലോ. അതിനാൽ അതിന് പ്രായശ്ചിത്തമായി ഒരു അടിമയെ മോചിപ്പിക്കണം. (ഇത് ഇന്ന് പ്രായോഗികമല്ലല്ലോ). അതിനും കഴിയില്ലെങ്കിൽ രണ്ടു മാസം തുടർച്ചയായി നോമ്പ് അനുഷ്ഠിക്കണം. നോക്കൂ..! അബദ്ധത്തിൽ സംഭവിച്ച ഒരു കൊലപാതകത്തിന് ഇസ്‌ലാം ഇത്ര വലിയ ഗൌരവം നൽകുന്നുവെങ്കിൽ മനഃപൂർവം ചെയ്യുന്ന കൊലപാതകം അല്ലാഹുവിങ്കൽ എത്രമാത്രം ഗൗരവമുള്ള കുറ്റമായിരിക്കും! കൊലയാളിയെ ഇഹലോകത്ത് വെച്ച് തന്നെ വധിക്കണം, പരലോകത്തെ ശിക്ഷ വേറെയും! അതുപോലെ തന്നെയാണ് ആത്മഹത്യയും. അതിനും അതികഠിനമായ ശിക്ഷയാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

ഒരാളുടെ രക്തം (ശരീരം), ധനം, അഭിമാനം ഇതെല്ലാം കഅ്ബാലയം പോലെ പവിത്രമാണെന്നും അവ ഹനിക്കരുതെന്നും ഇസ്‌ലാം ശക്തമായി മനുഷ്യരെ പഠിപ്പിക്കുന്നു. ആരെയാണോ ഉപദ്രവിച്ചത് അവൻ മാപ്പ് നൽകാതെ സ്രഷ്ടാവും മാപ്പ് നൽകില്ല. പശ്ചാത്താപം കൊണ്ട് മാത്രം രക്ഷയില്ലെന്നർഥം. നമസ്‌കാരമോ നോമ്പോ സകാത്തോ എന്ത് തന്നെ ചെയ്താണ് റബ്ബിനെ കണ്ടുമുട്ടുന്നതെങ്കിലും ഈ കൃത്യങ്ങൾക്ക് അല്ലാഹു നീതിയോടെ തീർപ്പ് കൽപിക്കുന്നതാണ്. ഒരു നബി വചനം കാണുക:

അബൂഹുറയ്റ(റ)വിൽ നിന്ന് നിവേദനം: നബി(സ) ചോദിച്ചു: 'പാപ്പരായവർ ആരെന്ന് അറിയുമോ?' അവർ പറഞ്ഞു: 'ദിർഹമോ വിഭവങ്ങളോ ഇല്ലാത്തവരാണ് ഞങ്ങളിൽ പാപരായവർ.' അപ്പോൾ നബി(സ) പറഞ്ഞു: 'എന്റെ സമുദായത്തിലെ പാപ്പരായവർ ക്വിയാമത്ത് നാളിൽ നമസ്‌കാരം, നോമ്പ്, സകാത്ത് എന്നിവയുമായി വരും. (അതോടൊപ്പം അവർ) ഇന്നവനെ ചീത്ത പറയുകയും ഇന്നവനെ എറിയുകയും ഇന്നവന്റെ ധനം (അന്യായമായി) തിന്നുകയും ഇന്നവന്റെ രക്തം (അന്യായമായി) ചിന്തുകയും ഇന്നവനെ അടിക്കുകയും എല്ലാം ചെയ്തിട്ടുണ്ടാകും. അങ്ങനെ അവന്റെ നന്മകളിൽ നിന്ന് അവർക്ക് നൽകപ്പെടും. അവന്റെ മേൽ തീർപ് കൽപിക്കപ്പെടുന്നതിന് മുമ്പായി അവന്റെ നന്മകൾ തീർന്നു കഴിഞ്ഞാൽ അവരുടെ തിന്മകൾ ഇവരുടെ മേൽ (ഉപദ്രവിച്ചവരുടെ മേൽ) എറിയപ്പെടുകയും പിന്നീട് അവൻ നരകത്തിൽ എറിയപ്പെടുകയും ചെയ്യും (അവരാണ് എന്റെ സമുദായത്തിലെ പാപരായവർ).' **(തുടരും)**

അബ്ദുൽ മാലിക് സലഫി
malikmorayur114@gmail.com

വിമർശനം




# ഇമാം ബുഖാരി അന്ധവിശ്വാസ പ്രചാരകനോ?

**അ**റിവില്ലായ്മ ഒരു മഹാമാരിയാണ്. ഇത് പിടികൂടിയവർ എന്തൊക്കെയാണ് വിളിച്ചു പറയുക എന്നതിന് യാതൊരു നിശ്ചയവുമുണ്ടാവില്ല. താൻ പറയുന്നത് എത്ര ഗുരുതരമായ വിഡ്ഢിത്തമാണെങ്കിലും അത് വലിയ തത്ത്വമാണെന്നാണ് അവൻ ധരിക്കുക. അത്തരക്കാരെ തിരുത്തുക എന്നത് ഏറെ ശ്രമകരവുമാണ്.

ഇക്കാര്യം ഇവിടെ ഓർക്കാൻ കാരണം കുറച്ച് ദിവസങ്ങൾക്കു മുമ്പ് ഒരു പ്രസംഗം കേൾക്കാൻ ഇടയായതാണ്. മുജാഹിദ് പ്രസ്ഥാനത്തിന്റെ പേരിൽ കടപ്പുറത്ത് ഐക്യസമ്മേളനം നടത്തിയവരുടെ കൂട്ടത്തിൽ ഒരാളാണ് പ്രസംഗകൻ. ടിയാൻ രണ്ട് കാര്യങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

ഒന്ന്: സ്വഹീഹുൽ ബുഖാരിയിലെ മുഴുവൻ ഹദീഥുകളും സ്വീകാര്യമാണ് എന്ന് പറയണമെങ്കിൽ അതിന് പ്രമാണം വേണം; അഥവാ ക്വുർആനിൽ അങ്ങനെയൊരു വചനമുണ്ടാവണം!


രണ്ട്: സ്വഹീഹുൽ ബുഖാരിയിലെ മുഴുവൻ ഹദീഥുകളും സ്വീകരിക്കുന്നവൻ അന്ധവിശ്വാസിയായിത്തീരും!

ഒരു പക്ഷേ, പതിനാല് നൂറ്റാണ്ടിനിടയിൽ 'ഇത്രവലിയൊരു കണ്ടുപിടുത്തം' ലോകത്ത് മറ്റാരും നടത്തിക്കാണില്ല. അതിനാൽ ഈ 'കണ്ടുപിടുത്തത്തിന്റെ' ക്രഡിറ്റ് പൂർണമായും ഈ കക്ഷിക്ക് തന്നെ കൊടുക്കാം. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ലേ, ഇതിനെ ഇത്ര പൊതുവൽകരിക്കേണ്ടതുണ്ടോ എന്ന് ചിന്തിക്കുന്നവരും കുറവായിരിക്കില്ല. എന്നാൽ ഈ വിവരക്കേട് ഉറക്കെ വിളിച്ച് പറഞ്ഞിട്ടും നേതൃത്വത്തിന്റ മൗനം തെളിയിക്കുന്നത്, ഇന്നല്ലെങ്കിൽ നാളെ ഈ 'വിവരം' അവരും പറയാനിരിക്കുന്നു എന്നതല്ലേ? അതിനാൽ ചില സംഗതികൾ ഇവിടെ സാന്ദർഭികമായി സൂചിപ്പിക്കുകയാണ്.

സ്വഹീഹുൽ ബുഖാരിയിലെ ഹദീഥുകളോടുള്ള അരിശം ഹദീഥ് വിരോധികൾക്ക് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. നൂറ്റാണ്ടുകളുടെ പഴക്കം അതിനുണ്ട്. ഖവാരിജുകളിൽ തുടങ്ങി മുഅ്തസിലികളിലൂടെയും ശിയാക്കളിലൂടെയും കടന്നുവന്ന് ഇന്ന് ഇത്തരം അക്വ്‌ലാനികളിൽ എത്തിനിൽക്കുകയാണത്. സ്വഹീഹുൽ ബുഖാരിയിൽ പലതും കൊള്ളാത്തതുണ്ട് എന്ന് വരുത്തിത്തീർക്കലാണ് ഈ കക്ഷികളുടെയെല്ലാം ഉന്നം. എന്നാൽ സ്വഹീഹുൽ ബുഖാരിയാവട്ടെ മുസ്‌ലിം ഉമ്മത്തിന്റെയടുക്കൽ എന്നും ക്വുർആൻ കഴിഞ്ഞാൽ ഏറ്റവും പ്രാമാണിക ഗ്രന്ഥവുമാണ്. നൂറ്റാണ്ടുകളായി മുസ്‌ലിം സമുദായത്തിൽ നിലനിൽക്കുന്ന ഒരു ഏകോപിത അഭിപ്രായമാണത്; പൗരാണികരും ആധുനികരുമായ പണ്ഡിതന്മാർ അക്കാര്യം ഉണർത്തിയിട്ടുണ്ട്: ഹി:418ൽ വഫാത്തായ അബൂഇസ്ഹാക് ഇസ്ഫറായീനി(റ) പറയുന്നു: "ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഹദീഥുകൾ അതിന്റെ പരമ്പരയും ഉള്ളടക്കവും പൂർണമായും ശരിയാണെന്നതിൽ ഹദീഥ് പണ്ഡിതന്മാർ പൂർണമായും യോജിച്ചിരിക്കുന്നു" (അന്നുകത്ത്).

ആധുനികനായ ഷാഹ് വലിയുല്ലാഹിദ്ദഹ്‌ലവി പറയുന്നു: "ബുഖാരിയിലും മുസ്‌ലിമിലുമുള്ള സനദ് നബിﷺയിലേക്ക് ചേർക്കപ്പെട്ടു വന്ന മുഴുവൻ ഹദീഥുകളും സ്വഹീഹാണെന്ന കാര്യം ഖണ്ഡിതമാണ്. അവ അതിന്റെ ഗ്രന്ഥകാരന്മാരിലേക്ക് മുതവാതിറുമാണ്. ബുഖാരിയുടെയും മുസ്‌ലിമിന്റെയും ഹദീഥുകളെ ആരെങ്കിലും നിസ്സാരവത്കരിച്ചാൽ അവൻ പുത്തൻ വാദിയും വിശ്വാസികളുടേതല്ലാത്ത മാർഗം സ്വീകരിച്ചവനുമാണ്" (ഹുജ്ജത്തുല്ലാഹിൽ ബാലിഗഃ). ഈ ഒരു നിലപാടിൽ നിന്ന് മുസ്‌ലിം ഉമ്മത്തിന് മാറ്റം സംഭവിച്ചിട്ടില്ല. എന്നാൽ ഈ നിലപാടു സ്വീകരിക്കണമെങ്കിൽ അതിന് ക്വുർആനിൽ ആയത്തു വേണം എന്ന കണ്ടുപിടുത്തം പുതിയ ഗവേഷണഫലമാണ്. നബിﷺയുടെ ഹദീഥുകൾ മുഴുവൻ സ്വീകരിക്കണമെങ്കിൽ അതിന് ആയത്തു വേണമെന്ന് വാദിക്കുന്നവൻ ആരുടെ സംഘത്തിലാണ് നിൽക്കാൻ യോഗ്യനെന്ന് ഏവർക്കുമറിയാമല്ലോ. നൂറുകണക്കിന് വചനങ്ങളിലൂടെ അക്കാര്യം അല്ലാഹു വ്യക്തമാക്കിയതാണ്.

നബിﷺപഠിപ്പിച്ചതല്ലാത്ത കാര്യങ്ങളും ബുഖാരിയിലുണ്ടല്ലോ എന്നാണ് മറുവാദമെങ്കിൽ അതെല്ലാം ഇമാം ബുഖാരി സ്വന്തമായി കണ്ടെത്തിയ സംഗതികളൊന്നുമല്ല എന്നറിയുക. എല്ലാത്തിനും സനദ് കൊടുത്തിട്ടുണ്ട്. സനദ് നൽകാത്തതിനെ കുറിച്ച് ഇമാം ബുഖാരിക്കും അഭിപ്രായമില്ല. തന്റെ രചനക്കുശേഷം ഇമാം ബുഖാരി നേരെ പ്രസ്സിൽ കൊണ്ടുപോയി അച്ചടിക്കു നൽകിയതൊന്നുമല്ല. ഓരോ ഹദീസും അതിൽ ചേർക്കുമ്പോൾ രണ്ട് റക്അത്ത് ഇസ്തിഖാറത്ത് നമസ്‌കരിച്ച് പ്രാർഥിച്ചാണ് ചേർത്തിട്ടുള്ളത്. അതിനു ശേഷം അദ്ദേഹത്തിന്റെ സമകാലികരായ ഹദീഥ് വിജ്ഞാന രംഗത്തെ കുലപതികളായ യഹ്‌യബിൻ മഈൻ, അഹ്മദ് ബിൻ ഹമ്പൽ തുടങ്ങിയവർ ആദ്യന്തം പരിശോധിച്ചു. അവർ പറഞ്ഞ തിരുത്തുകൾ നടത്തി. ശേഷമാണ് ഇമാം




താൻ ക്രോഡീകരിച്ച കാര്യങ്ങൾ സമൂഹത്തിനു നൽകിയത്. പിന്നീട് വന്ന പണ്ഡിതന്മാരും ഹദീഥ് വിജ്ഞാനത്തിന്റെ സകല മേഖലകളും മുന്നിൽ വെച്ചുകൊണ്ട് ഈ ഹദീഥുകളെ പരിശോധിച്ചു. എന്നിട്ടവർ എത്തിച്ചേർന്ന അഭിപ്രായമാണ് മുകളിൽ നാം ഉദ്ധരിച്ചത്. ചുരുക്കത്തിൽ സ്വഹീഹുൽ ബുഖാരി എന്ന ഗ്രന്ഥം മുസ്‌ലിം ഉമ്മത്ത് മൊത്തത്തിലാണ് ഏറ്റെടുത്തത്. അവരാണ് അതിലുള്ള മുസ്നദായ മുഴുവൻ ഹദീഥുകളും സ്വീകാര്യമാണെന്ന് പറഞ്ഞത്. അപ്പോൾ ഈ ഉമ്മത്തിന്റെ നിലപാട് അറിയാത്ത ചില അൽപജ്ഞാനികളാണ് ഇതുപോലെ ബുഖാരിയിലെ ഹദീഥുകൾക്കെതിരെ വാളെടുക്കുന്നത്. അതിനാൽ ബുഖാരിയിലെ ഹദീഥുകൾ പൂർണമായും വിശ്വസിക്കണമെങ്കിൽ അതിന് ആയത്തു വേണം എന്നു പറയുന്നത് ജഹാലത്തിന്റെ അങ്ങേത്തലയാണ് എന്ന് ബുദ്ധിയുള്ളവർ വിലയിരുത്തും. അങ്ങനെയൊരായത്ത് ഉണ്ടാവില്ല; അതിന്റെ ആവശ്യവുമില്ല. എന്നാലും, ആരെങ്കിലും തെറ്റിദ്ധരിച്ചാൽ അത്രയും നന്നായില്ലേ എന്ന നിലയ്ക്ക് വസ്‌വാസുകളുണ്ടാക്കുന്നവരെ സമൂഹം തിരിച്ചറിയേണ്ടതുണ്ട്.

മുസ്‌ലിം ഉമ്മത്തിന്റെ നിലപാട് ആവർത്തിച്ചു പ്രഖ്യാപിക്കുക എന്നല്ലാതെ മറിച്ചൊരു നിലപാട് മുജാഹിദ് പ്രസ്ഥാന ചരിത്രത്തിൽ ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ ഇപ്പോൾ കേട്ടുകൊണ്ടിരിക്കുന്ന അപശബ്ദങ്ങൾ പ്രസ്ഥാനത്തെ കുറിച്ചോ, അതിന്റെ ആദർശ നയനിലപാടുകളെ കുറിച്ചോ യാതൊരു എത്തും പിടിയുമില്ലാത്തവരിൽ നിന്നാണെന്ന് തീർച്ച.

അവർക്ക് വേദി ഒരുക്കുന്നവരും അങ്ങനെ തന്നെ.

ഈ വിഷയത്തിൽ ആദ്യകാല മുജാഹിദ് പണ്ഡിതന്മാർ എഴുതിയ ചില വരികൾ നമുക്ക് വായിക്കാം.1950 മെയ് മാസത്തിലെ അൽമനാർ മാസികയിൽ (മൂന്നാം ലക്കം) എൻ.വി. അബ്ദുസ്സലാം മൗലവി(റഹി) എഴുതി: "മുസ്‌ലിം ലോകത്ത് മുഴുവനും ശ്രുതിപ്പെട്ടിരിക്കുന്ന സ്വഹീഹുൽ ബുഖാരി ഇദ്ദേഹം രചിച്ചതത്രെ. ഈ കിതാബിൽ സനദോടു കൂടി നിവേദനം ചെയ്യപ്പെട്ട ഹദീഥുകൾ മുസ്‌ലിം പണ്ഡിതന്മാർ ചോദ്യം ചെയ്യാതെ സ്വീകരിച്ചു വരാറുണ്ട്" (പേജ്:11).

കെ.എൻ.എം പുറത്തിറക്കിയ 'ഹദീഥ് ഗ്രന്ഥങ്ങൾ ഒരു പഠനം' എന്ന ശൈഖ് മുഹമ്മദ് മൗലവിയുടെ കൃതിയിൽ ഇപ്രകാരം കാണാം: "അതിലെ (സ്വഹീഹുൽ ബുഖാരിയിലെ) മുസ്നദായ (സനദോടുകൂടി പറയുന്ന) ഹദീഥുകളെല്ലാം സ്വഹീഹും ലക്ഷ്യത്തിനു പറ്റുന്നതുമാകുന്നു" (പേജ്:10).

1972 ഫെബ്രുവരി മാസത്തിലെ അൽമനാറിൽ ശൈഖ് മൗലവി എഴുതിയ ഒരുലേഖനത്തിന്റെ തലവാചകം തന്നെ: 'സ്വഹീഹുൽ ബുഖാരി സ്ഥിരപ്പെട്ട നബിവചനങ്ങളുടെ വിലപ്പെട്ട സമാഹാരം' എന്നായിരുന്നു. പ്രസ്തുത ലേഖനത്തിൽ ഇപ്രകാരം കാണാം: "ദിവ്യവചനങ്ങളായ പരിശുദ്ധ ക്വുർആനിന്നു ശേഷം ഏറ്റവും സ്വീകാര്യവും സ്വഹീഹുമായ ഹദീഥ് ശേഖരം, അതത്രെ സ്വഹീഹുൽ ബുഖാരി. സ്വഹീഹുൽ ബുഖാരിയുടെ സ്വീകാര്യതയും പാവനത്വവും അംഗീകരിക്കാത്ത ഒരൊറ്റ പണ്ഡിതനും മുസ്‌ലിം ലോകത്തുണ്ടായിട്ടില്ല... സ്വഹീഹുൽ ബുഖാരിയെപ്പറ്റി ഒട്ടേറെ ആക്ഷേപങ്ങളുണ്ട്. എല്ലാം ഈയിടെ പൊങ്ങിവന്നവ. യുക്തിയുടെ പേരിൽ സ്വന്തം അഭിപ്രായങ്ങൾക്കും തോന്നലുകൾക്കും യോജിക്കാത്തതെല്ലാം തള്ളിപ്പറയുന്ന കുത്സിത ബുദ്ധികൾ ഞൊടിഞ്ഞുണ്ടാക്കുന്ന കള്ളപ്രചാരണങ്ങൾ വാസ്തവത്തിൽ മറുപടിയേ അർഹിക്കുന്നില്ല. ഇക്കൂട്ടത്തിൽ സ്വഹീഹുൽ ബുഖാരിയെ പറ്റിയുള്ള ആക്ഷേപങ്ങളും പെടുത്താം. തന്റെ ചില നിഗമനങ്ങളോട് വിയോജിച്ചതിനാൽ മാത്രം സ്വഹീഹുൽ ബുഖാരി തോട്ടിലെറിയണമെന്നു പറയുന്നവർ, നാടുനീളെ നാക്കിട്ടടിച്ചു നടക്കുന്നവർ ഇന്നും നമ്മുടെ സമൂഹത്തിലുണ്ട്."

ഇന്നലെ എഴുതിയ ലേഖനം പോലെ തോന്നുന്ന ഇതിലെ ഓരോ വാചകത്തിനും വർത്തമാന കാല സാഹചര്യത്തിൽ ഏറെ പ്രസക്തിയുണ്ട്.

1971 ഡിസംബർ മാസത്തിലെ അൽമനാറിൽ ശൈഖ് മുഹമ്മദ് മൗലവി ﷺതന്നെ എഴുതിയ മറ്റൊരു ലേഖനമുണ്ട്; അതിന്റെ തല വാചകം 'സ്വഹീഹുൽ ബുഖാരിയിൽ നിർമിത ഹദീഥുകളോ?' എന്നാണ്. പ്രസ്തുത ലേഖനത്തിലെ ചില വരികൾ കാണുക: "കഴിഞ്ഞുപോയ മുസ്‌ലിം കാലഘട്ടങ്ങളോരോന്നും കണിശമായും പ്രസ്തുത പരാമാർഥം അംഗീകരിക്കുകയും സ്വഹീഹുൽ ബുഖാരിയെ ഉൽകൃഷ്ടമായും ആദരവോടെയും കൈകാര്യ ചെയ്തിട്ടുണ്ട്. എന്നാൽ മറ്റെല്ലാ വിഷയത്തിലുമെന്നപോലെ പൊളിച്ചെഴുത്തിന്റെ പുതിയ കാലഘട്ടം സ്വഹീഹുൽ ബുഖാരിയെയും കരിതേക്കാതെ, കശക്കിയെറിയാതെ വിട്ടില്ല. ചിലർ ഗ്രന്ഥം ആകപ്പാടെ തോട്ടിലെറിയണമെന്നാക്രോശിച്ചപ്പോൾ മറ്റുചിലർ നല്ലപിള്ള ചമഞ്ഞ്ചുളുവിൽ നിഷേധത്തിന് ധൃഷ്ടരായിരിക്കുന്നു."

ചുരുക്കത്തിൽ, മുസ്‌ലിം ഉമ്മത്ത് സ്വീകരിച്ച നിലപാടുതന്നെയാണ് സ്വഹീഹുൽ ബുഖാരിയുടെ വിഷയത്തിൽ മുജാഹിദ് പ്രസ്ഥനവും സ്വീകരിച്ചിരുന്നത്. മാത്രവുമല്ല ബുഖാരിക്കെതിരെ ചേകനൂരും സിഎന്നും രംഗത്തുവന്നപ്പോൾ ശക്തമായ ഭാഷയിൽ തന്നെ അവർക്ക് മറുപടി നൽകിയതും മുജാഹിദ് നേതാക്കൾ തന്നെയായിരുന്നു എന്നതാണ് ചരിത്രം. ഇതൊന്നുമറിയാത്ത ചില പുത്തൻ വാദികൾ വന്ന് ഇതൊന്നും ശരിയല്ല എന്ന് വിളിച്ചുകൂവുന്നുണ്ടെങ്കിൽ അവരുമായും അവരെ താങ്ങുന്നവരുമായും യഥാർഥ മുജാഹിദ് പ്രസ്ഥാനത്തിന് യാതൊരു ബന്ധവുമില്ല.

സ്വഹീഹുൽ ബുഖാരിയിലെ മുഴുവൻ ഹദീഥുകളും സ്വീകരിക്കുന്നവൻ അന്ധവിശ്വാസിയാണ് എന്നതാണല്ലോ ടിയാന്റെ രണ്ടാമത്തെ കണ്ടുപിടുത്തം! അപ്പോൾ ഒന്നാമത്തെ അന്ധവിശ്വാസി നബിﷺ തന്നെ! അല്ലാഹുവിൽ ശരണം. കാരണം നബിﷺ പറഞ്ഞ ഹദീഥുകളാണല്ലോ അതിൽ അധികമുള്ളത്. പിന്നെ സ്വഹാബത്തു മുതൽ താബിഉകൾ, മുഴുവൻ മുഹദ്ദിഥുകൾ, ഇമാമുമാർ, പണ്ഡിതന്മാർ വരെയുള്ളവരെല്ലാം അന്ധവിശ്വാസികൾ! ഇമ്മിണി വലിയ ഗവേഷണം തന്നെ! അപ്പോൾ പിന്നെ ആകെ വിശ്വാസികളായി അവശേഷിക്കുന്നത് ടിയാനും ടീമും മാത്രം! ഉഗ്രനായിട്ടുണ്ട്. സ്വഹീഹുൽ ബുഖാരിയിൽ അന്ധവിശ്വാസം പഠിപ്പിക്കപ്പെടുന്നുണ്ട് എന്ന് പ്രചരിപ്പിക്കുന്നവർ 'ഔദ്യോഗിക'(?!) വക്താക്കളാണ് എന്നതാണ് ഏറെ സങ്കടകരം! ഐക്യത്തിനു ശേഷം രൂപപ്പെട്ട അനൈക്യത്തിന്റെ ചുഴലിക്കാറ്റ് പുറത്തേക്കും വീശിത്തുടങ്ങിയതിന്റെ ലക്ഷണങ്ങൾ കേരളക്കര മനസ്സിലാക്കുന്നുണ്ട് എന്നറിഞ്ഞിട്ടാണോ ആവോ പരസ്യമായിത്തന്നെ ഈ വിവക്കേട് വിളിച്ചുപറയാൻ തുടങ്ങിയത്? ആദർശപരമായ ഒച്ചവെക്കുമ്പോൾ തന്നെയാണ് മറുവശത്ത് വ്യക്തമായ ഹദീഥ് നിഷേധവും പരിഹാസങ്ങളും അന്ധവിശ്വാസാരോപണവും മുറക്ക് നടക്കുന്നത്.

പ്രമാണങ്ങൾക്കുനേരെ പോലും കുതിരകയറുന്ന ഇത്തരം അൽപജ്ഞാനികളെ നിയന്ത്രിക്കാൻ പോലുമാവാതെ "ഐഡിയോളജിക്കൽ ഡിസിപ്ലിൻ" തകർന്ന് തരിപ്പണമായിരിക്കുന്നു. സിഹ്റിന്റെയും മറ്റും വിഷയത്തിൽ അഹ്‌ലുസ്സുന്നയുടെ നിലപാടുകളെ പരസ്യമായി ചോദ്യചെയ്തിട്ടും ക മ മിണ്ടാൻ കഴിയാത്ത 'ഓർഗനൈസേഷൻ ഡിസിപ്ലിനി'ന്റെ കാര്യമാണെങ്കിൽ പറയുകയുംവേണ്ട. ഏതായാലും ഐക്യപ്പെട്ട സ്ഥിതിക്ക് ആദർശപരമായ വിഷയങ്ങളിലെങ്കിലും പരസ്യ വിഴുപ്പലക്കലുകൾ ഒഴിവാക്കി നീങ്ങിയാൽ തങ്ങളെ കുറിച്ചുള്ള അവശേഷിക്കുന്ന വിലയെങ്കിലും താങ്ങിനിർത്താൻ ആവും എന്നൊരു നിരീക്ഷണമാണ് മുജാഹിദുകൾക്ക് നൽകാനുള്ളത്. ആദർശ പൊരുത്തമില്ലാത്ത കൂട്ടായ്മ ആണിയിളകിയ കട്ടിലാണെന്ന് ഇനിയെങ്കിലും തിരിച്ചറിയേണ്ടിയിരിക്കുന്നു. അധികമൊന്നും ആർക്കും അതിൽ കിടക്കാനാവില്ല. ●

അശ്‌റഫ് എകരൂൽ
ashrafekarul@gmail.com





# സ്വഭാവ വളർച്ച കുട്ടികളിൽ

ആധുനിക തലമുറയെ കുറിച്ചുള്ള ആധികളിൽ അധികവും അവരുടെ സ്വഭാവ വൈകല്യങ്ങളെപ്പറ്റിയാണെന്ന വസ്തുത നമ്മെ ചിന്തിപ്പിക്കേണ്ടതുണ്ട്. ജീവിത സൗകര്യങ്ങൾ വർധിച്ച ചുറ്റുപാടിലും സ്വഭാവ വളർച്ചയുടെ തോത് താഴോട്ട് സഞ്ചരിക്കുന്നുവന്നത് എല്ലാ മുതിർന്നവരെയും വേദനിപ്പിച്ചു കൊണ്ടിരിക്കുന്നു. സ്വഭാവ വളർച്ചയിൽ ഇസ്‌ലാമിന്റെ അധ്യാപനങ്ങളെ അടുത്തറിയുകയും അവ വളർച്ചയുടെ ഓരോ ഘട്ടങ്ങളിലും ശീലിപ്പിക്കുകയും ഓർമിപ്പിക്കുകയും ചെയ്യുകയെന്നതാണ് ഇവയെ പ്രതിരോധിക്കാനുള്ള അവലംബനീയ മാർഗം.

വിവേകവും ബുദ്ധിയും തിരിച്ചറിവും ഉണ്ടാകുന്നതിനനുസരിച്ച് ഒരു കുഞ്ഞ് സ്വീകരിക്കുകയും അനുവർത്തിക്കുകയും ചെയ്യേണ്ട മര്യാദകളും ശ്രേഷ്ഠ ഗുണങ്ങളുമാണ് സ്വഭാവ വളർച്ചകൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ പല രക്ഷിതാക്കളും അധ്യാപകരും അറിയാതെ പോകുന്ന പ്രധാനമായ ഒരു ഭാഗമുണ്ട് ഇവിടെ. സൽസ്വഭാവവും ശ്രേഷ്ഠഗുണങ്ങളും അടിയുറച്ച ദൈവ വിശ്വാസത്തിന്റെ (ഈമാനിന്റെ)യും ശരിയായ മതബോധത്തിന്റെയും ഉൽപന്നമായി ഉണ്ടാകേണ്ടതാണ്. വളർച്ചയുടെ ഓരോ ഘട്ടത്തിലും അല്ലാഹുവിനെ അറിഞ്ഞും അവന്റെ നിരീക്ഷണത്തെക്കുറിച്ച ബോധ്യത്തിലും അവനെ അവലംബിച്ചും കൊണ്ടാണ് വളർന്നതെങ്കിൽ, അല്ലെങ്കിൽ അവനെ വളർത്തിയതെങ്കിൽ, നല്ല സ്വഭാവ ഗുണങ്ങളോടും നിർദേശങ്ങളോടും ക്രിയാത്മകവും അനുകൂലവുമായ സ്വീകാര്യത ആ കുഞ്ഞിൽ കാണാൻ കഴിയും; അല്ലാത്തവരിൽ തിരിച്ചും. അല്ലാഹുവിനെ കുറിച്ചുള്ള അടിയുറച്ച അറിവും വിശ്വാസവും തീർച്ചയായും അവന്റെ മനസ്സിന്റെയും മോശമായതും മ്ലേച്ഛമായതുമായ കാര്യങ്ങളുടെയും ഇടയിൽ ഒരു തടസ്സ മതിൽ സൃഷ്ടിക്കാതിരിക്കില്ല. ഈ തലം അവഗണിച്ചുകൊണ്ട് നമുക്ക് സ്വഭാവ വളർച്ചയെ കുറിച്ച് പഠിക്കാൻ കഴിയില്ല. മതമാണ് സ്വാഭാവത്തിന്റെ സ്വീകാര്യതയും തിരസ്കാരവും തീരുമാനിക്കേണ്ട മർമ ബിന്ദുവെന്നർഥം.

മതത്തിന്റെ നിർദേശങ്ങൾക്കനുസരിച്ചും പരലോകത്തെ വിജയം മുന്നിൽ കണ്ടും ഓരോ സമയങ്ങളിലും നല്ല സ്വഭാവ ഗുണങ്ങളെ കുട്ടികളിൽ നട്ടുവളർത്തുകയും ദുഃസ്വഭാവങ്ങളുടെ കളകളെ തത്സമയങ്ങളിൽ നുള്ളിക്കളയുകയും ചെയ്യേണ്ട ബാധ്യത വീഴ്ച വരുത്താതെയും അവഗണിക്കാതെയും നിർവഹിക്കുകയെന്നതാണ് ഇസ്‌ലാമിക പാരന്റിംഗിലെ പ്രധാനമായ ഒരു ഭാഗം. അതിന് ഏറ്റവും ഉത്തമ മായത് കുട്ടിക്കാലമാണ്. അത് പരമാവധി ഉപയോഗപ്പെടുത്തുകയെന്നത് വളരെ പ്രധാനമാണ്. ഒരു മനുഷ്യന്റെ പ്രകടമായ വ്യക്തിത്വം അവൻ/അവൾ തന്റെ ചുറ്റുപാടിനോട് പ്രകടിപ്പിക്കുന്ന സ്വഭാവമാണ്. നല്ലവനെന്നും ചീത്തയെന്നും വിലയിരുത്താൻ മനുഷ്യനവലംബവും

സ്വഭാവ പ്രകടനങ്ങൾ തന്നെ. അതിനാൽ ഇസ്‌ലാം വളരെയേറെ പഠിപ്പിച്ച ജീവിത ഭാഗമാണ് സ്വഭാവ തലം. ജീവിക്കുന്ന സമൂഹത്തിൽ, ദൗത്യ നിർവഹണത്തിന് തടസ്സം സൃഷ്ടിച്ചവരുടെ മുമ്പിൽ കരളുറപ്പോടെ പിടിച്ചു നിൽക്കാൻ മുഹമ്മദ് നബിﷺയെ സഹായിച്ച ഘടകങ്ങളിൽ പ്രധാനമായ ഒന്ന് അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു. അല്ലാഹു പറയുന്നു: "(നബിയേ) തീർച്ചയായും താങ്കൾ മഹത്തായ സ്വഭാവത്തിലാകുന്നു" (ക്വുർആൻ 68:4). നല്ലതിനെ നട്ടുവളർത്തുകയും തിയ്യതിനെ നുള്ളിക്കളയുകയും ചെയ്യുകയെന്ന രണ്ടു ദൗത്യങ്ങളെ ഒരേ സമയം ഒരുപോലെ നിർവഹിക്കുന്നതിലൂടെയാണ് സ്വഭാവ വളർച്ച സാധ്യമാകുന്നത്. അവ എന്തെല്ലാമാണന്നും എങ്ങനെയാണെന്നുമുള്ള പഠനമാണ് ഇതിൽ നാം ഉദ്ദേശിക്കുന്നത്.

**മര്യാദകൾ ശീലിപ്പിക്കുക**

പ്രകടമായ സ്വഭാവങ്ങളിലധികവും വിവിധ തലങ്ങളിൽ മനുഷ്യൻ കാണിക്കേണ്ട മര്യാദകളുടെ സമാഹാരമാണ്. അവ അതാത് തലങ്ങളിൽ ശീലിപ്പിക്കുകയാണ് പ്രഥമമായി രക്ഷിതാക്കൾ ചെയ്യേണ്ടത്.

നബിﷺ അംറുബ്നു സഈദുബ്നുൽ ആസ്ؓവിൽ നിന്ന് മുർസലായി ഉദ്ധരിക്കുന്ന ഹദീഥിൽ നബിﷺ ഇങ്ങനെ പറഞ്ഞതായി കാണാം: "ഒരു പിതാവ് മക്കൾക്ക് നൽകുന്ന സമ്മാനങ്ങളിൽ ഏറ്റവും ഉത്തമ സമ്മാനം നല്ല മാര്യാദ ശീലിപ്പിക്കലാകുന്നു" (ബൈഹക്വി, തുഹ്ഫതുൽ അഹ്‌വദി).

'നീ നിന്റെ മക്കൾക്ക് മര്യാദകളെ അനന്തരമായി നൽകുന്നതാണ് സമ്പത്ത് അനന്തരമായി നൽകുന്നതിനെക്കാൾ ഉത്തമം, കാരണം നല്ല മര്യാദകൾ അവന്നു സമ്പത്ത് നേടിക്കൊടുക്കും, പ്രതാപം നൽകും, മറ്റ് സഹോദരമാരുടെ സ്നേഹവും ലഭിക്കും. ഇഹലോകത്തെയും പരലോകത്തെയും നന്മകളെ അത് ഒരുമിച്ചു കൂട്ടും' എന്ന പണ്ഡിത വചനം ശ്രദ്ധേയമാണ്.

ഇസ്‌ലാമിക മര്യാദകളെ ശീലിപ്പിക്കുന്നതിൽ രക്ഷിതാക്കൾ വരുത്തുന്ന വീഴ്ചയാണ് അവർ അനുസരണക്കേടു കാണിക്കുന്നവരായി പരിണമിക്കുന്നതിൽ മുഖ്യ പങ്കുവഹിക്കുന്നത്. അതിനാൽ കുട്ടികളെ നാം ശീലിപ്പിക്കേണ്ട മര്യാദകളെ നബിﷺയുടെ അധ്യാപനങ്ങളിലൂടെ നമുക്ക് പഠിക്കാം.

ഒന്ന്, മാതാപിതാക്കളോടും ഗുരുനാഥന്മാരോടും: ഒരു കുട്ടി ജീവിതത്തിൽ പ്രഥമമായി പെരുമാറിത്തുടങ്ങുന്ന സമൂഹത്തിന്റെ ആദ്യ യൂണിറ്റ് അവന്റെ മാതാപിതാക്കളാണ്. അവരെ അഭിസംബോധന ചെയ്യുന്നേടത്തുള്ള മര്യാദ നബിﷺ പഠിപ്പിച്ചത് ഇമാം ത്വബ്റാനിയും ഇബ്നു ഹജറുൽ ഹൈതമിയും ആഇശؓവിൽ നിന്ന് ഉദ്ധരിക്കുന്നത് ഇപ്രകാരമാണ്: അവർ പറഞ്ഞു: "ഒരിക്കൽ ഒരാൾ ഒരു വൃദ്ധനുമായി നബിﷺയുടെ അടുക്കൽ വന്നു. നബിﷺ അയാളോട് ചോദിച്ചു: 'ഇത് ആരാണ്?' 'എന്റെ പിതാവാണെ'ന്ന് അദ്ദേഹം മറുപടി പറഞ്ഞു. അപ്പോൾ നബിﷺ പറഞ്ഞു: 'അദ്ദേഹത്തിന്റെ മുമ്പിൽ നീ നടക്കരുത്. അദ്ദേഹത്തിനു മുമ്പേ നീ ഇരിക്കരുത്. അദ്ദേഹത്തിന്റെ പേര് പറഞ്ഞു വിളിക്കരുത്.'

'മക്കളും പഠിതാക്കളും പിതാവിന്റെയും അധ്യാപകന്റെയും പേര്(മാത്രം) വിളിക്കുന്നതിനെ നിരോധിക്കുന്ന അധ്യായം' എന്ന പേരിൽ ഇമാം നവവി അദ്ദേഹത്തിന്റെ 'അൽ അദ്കാർ' എന്ന ഗ്രന്ഥത്തിൽ ഒരു അധ്യായം തന്നെ കൊടുത്തിട്ടുണ്ട്. മാതാപിതാക്കളോടുള്ള ഈ പ്രാഥമിക മര്യാദകൾ മക്കൾക്ക് നാം പറഞ്ഞുകൊടുക്കുകയും അതേ രീതിയിൽ അനുവർത്തിക്കാൻ പരിശീലിപ്പിക്കുകയും വേണം. മാതാപിതാക്കളെ അഭിസംബോധന ചെയ്യുന്നതുമായി ബന്ധപ്പെട്ടു വന്ന സൂറതുൽ ഇസ്‌റാഇലെ 23-ാം വചനത്തെ വിശദീകരിച്ചു കൊണ്ട് ഇമാം ക്വുർത്വുബി അദ്ദേഹത്തിന്റെ തഫ്സീറിൽ ഉദ്ധരിക്കുന്നു;അബുൽ ബദ്ദാഹ് അൽതുജിബി പറഞ്ഞു: "ഞാൻ സഈദ്ബ്നു മുസ്വയ്യിബിനോട് ചോദിച്ചു: 'മാതാപിതാക്കൾക്ക് നന്മ ചെയ്യുന്നതുമായി ബന്ധപ്പെട്ടു വന്ന ക്വുർആനിലെ എല്ലാ പരാമർശങ്ങളും എനിക്കറിയാം. എന്നാൽ 'നിങ്ങൾ അവരോടു മാന്യമായ വർത്തമാനം പറയുക'(കൗലൻ കരീമൻ) എന്താണന്നു എനിക്ക് മനസ്സിലായില്ല.' അപ്പോൾ ഇബ്നു മുസ്വയ്യബ് പറഞ്ഞു: 'ഒരു കുറ്റവാളിയായ അടിമ പരുഷനായ യജമാനനോട് സംസാരിക്കുന്ന പോലെ (വിനയത്തോടെ) സംസാരിക്കുക എന്നാണ്.' ഇമാം റാസി തന്റെ തഫ്സീറിൽ ഉമർؓവിന്റെ വിശദീകരണമായി കൊടുത്തത് 'എന്റെ ഉപ്പാ,' 'എന്റെ ഉമ്മാ' എന്നിങ്ങനെ വിളിക്കുക എന്നാണ്.

തന്റെ സുഹൃത്തുക്കളോടും മറ്റും പ്രതികരിക്കുന്നത് പോലെ പ്രതികരിക്കുകയും അവരെ വിളിക്കുന്നത് അവഗണിക്കുകയും ചെയ്യുന്നത് കാണുമ്പോൾ തത്സമയം മാതാപിതാക്കൾ ഗുണകാംക്ഷയോടെ പരസ്പരം തിരുത്തണം. ഉപ്പയുടെ വിഷയത്തിൽ ഉമ്മയും ഉമ്മയുടെ വിഷയത്തിൽ ഉപ്പയും തിരുത്തുന്ന രീതി മക്കളിൽ കൂടുതൽ മാറ്റം സൃഷ്ടിക്കും. ആവർത്തിക്കപ്പെടുന്ന പക്ഷം അൽപം പരുഷമായിത്തന്നെ തിരുത്തേണ്ടതാണ്. അത്തരം സാഹചര്യങ്ങളെ അവഗണിക്കുന്നത് മാതാപിതാക്കളുടെ ആവശ്യങ്ങളെയും താൽപര്യങ്ങളെയും പിന്നീട് നിസ്സാരമായി കാണാനും തള്ളിക്കളയാനും മക്കൾക്ക് പ്രചോദനമായേക്കും.

അറിയുക മര്യാദകളും സ്വഭാവങ്ങളും കേവല പ്രകൃതി പരമായ ചോദനകൾ അല്ല, മറിച്ച് നാം പകർന്നു നൽകേണ്ട പാഠങ്ങളാണ്.

ഇത്പോലെ തന്നെ പ്രധാനപ്പെട്ടതാണ് ഗുരുനാഥന്മാരോടുള്ള പെരുമാറ്റ മര്യാദകളും. ഇമാം നവവി മുകളിൽ ഉദ്ധരിച്ച തലക്കെട്ടിന്നു താഴെ മാതാപിതാക്കളുടെ പേര് വിളിക്കുന്നതിനെ നിരോധിക്കുന്ന ഹദീഥ് ഉദ്ധരിച്ചുകൊണ്ട് പറയുകയാണ്: 'അതിനോട് തത്തുല്യമായി വരുന്നതാണ് പണ്ഡിതന്മാരോടും ഗുരുനാഥന്മാരോടും ഉള്ള പെരുമാറ്റ മര്യാദകൾ. ചിലപ്പോൾ പണ്ഡിതന്മാരോട് അൽപം കൂടുതൽ മര്യാദ കാണിക്കേണ്ടി വരും. കാരണം അവർ പ്രവാചകന്മാരുടെ അനന്തരാവകാശികളാണല്ലോ. അവരോടു ബഹുമാനം കാണിക്കലും ശബ്ദം താഴ്ത്തി സംസാരിക്കലും അവർക്ക് വേണ്ട സേവനത്തിനു ധൃതി കാണിക്കലും സൗമ്യമായി വർത്തിക്കലും എല്ലാം കുട്ടികളെ നാം ശീലിപ്പിക്കേണ്ടത് അനിവാര്യമാണ്.'

(പേജ് 13ൽ നിന്ന് തുടർച്ച)

ന്ന് വ്യംഗ്യമായി പറഞ്ഞും പ്രചരിപ്പിച്ചും സ്വത്വം കളഞ്ഞ് 'മനുഷ്യരായി' വരാനാണ് മുസ്‌ലിംകളോട് ആവശ്യപ്പെടുന്നത്. ഇസ്‌ലാമിക ശരീഅത്ത് മാനുഷിക വിരുദ്ധമാണെന്ന് പറയുന്ന അവർ, ഇസ്‌ലാമിക പ്രബോധന സ്വാതന്ത്ര്യമോ, ശിരോവസ്ത്ര സ്വാതന്ത്ര്യമോ പ്രതിരോധിക്കാനോ, പ്രതിരോധിക്കുന്നവരെ പിന്തുണക്കാനോ തയ്യാറാവുകയില്ലെന്നു സമകാലിക സംഭവവികാസങ്ങൾ നമ്മെ ബോധ്യപ്പെടുത്തിയതാണ്. അതുകൊണ്ട് ഇന്നോ നാളെയോ മാറാനിരിക്കുന്ന പുരോഗമനത്തെയും മതസ്വാതന്ത്ര്യത്തെയും സംബന്ധിച്ച അവരുടെ കാപട്യത്തിൽ പൊതിഞ്ഞ അളവുകോലുകളും കാഴ്ചപ്പാടുകളുമല്ല നമുക്കെന്നും, കാലങ്ങളെ അതിജയിച്ച, ലോകത്തിന്റെ സാമൂഹിക സാംസ്കാരിക ശാസ്ത്രീയ നവോത്ഥാനത്തിനു അടിത്തറയിട്ട, സ്രഷ്ടാവ് അവതരിപ്പിച്ച ദർശനത്തിന്റെ അളവുകോലുകൾ വെച്ച് മതേതരത്വത്തെയും സ്വാതന്ത്ര്യത്തെയും പുരോഗമനത്തെയും പരിഗണിക്കാനേ ഞങ്ങൾക്ക് സൗകര്യമുള്ളൂ എന്നും 'ഉപദേശക'രോട് തുറന്നു പറയാനുള്ള ആത്മവിശ്വാസം ഈ തിരിച്ചറിവ് നമുക്ക് നൽകും.

ഈയൊരു സാഹചര്യത്തിൽ, പ്രായോഗികമായി ത്തന്നെ, ഇസ്‌ലാമിക ശരീഅത്തിനെ ഈ കടന്നാക്രമണങ്ങളിൽ നിന്ന് സംരക്ഷിച്ച് അനുവർത്തിക്കുകയും കലർപ്പില്ലാത്ത വിധം വരും തലമുറക്ക് കൈമാറാനുള്ള നടപടികൾ ആവിഷ്ക്കരിക്കുകയുമാണ് വേണ്ടത്. ശരീഅത്തിന്റെ പാഠങ്ങളിൽ തന്നെ, അമുസ്‌ലിം രാജ്യങ്ങളിൽ ജീവിക്കുന്ന മുസ്‌ലിംകൾ പ്രായോഗിക തലത്തിൽ കൊണ്ടുവരേണ്ടതില്ലാത്ത ശരീഅത്തിലെ ചില ഭാഗങ്ങൾ ഉണ്ടെന്നത് ശരിയാണ്; അതിനർഥം അവ ഒഴിവാക്കപ്പെടേണ്ടതോ സെൻസർ ചെയ്യപ്പെടേണ്ടതോ അപലപിക്കപ്പെടേണ്ടതോ ആണെന്നല്ല. ആയിരത്തി നാനൂറ് വർഷങ്ങളായി കൈമാറ്റം ചെയ്യപ്പെട്ടുവന്ന ശരീഅത്ത്, നാം നമ്മെ തന്നെ ആഗോള രാഷ്ട്രീയ ദൗർബല്യതിൽ അവരോധിച്ച്, വരും തലമുറക്ക് ബാക്കിവെക്കാതെ നശിപ്പിക്കാൻ ശ്രമിക്കരുത്. തീക്കനൽ കയ്യിലേന്തുന്നത്ര പ്രയാസകരമായിരുന്നാലും നാമത് കടിച്ചുപിടിക്കണം. അനിസ്‌ലാമിക ഭരണകൂടത്തിനു കീഴിൽ ശരീഅത്ത് മുറുകെ പിടിച്ചു ജീവിക്കുന്നത് സമാധാനപരമായ സഹവാസത്തിന് ഭീഷണിയല്ലെന്നു ചരിത്രമുദ്ധരിച്ചു സ്ഥാപിക്കാൻ നമുക്ക് കഴിയും. ലിബറൽ സെക്കുലർ അവകാശവാദങ്ങൾ പോലെ നവ മതസ്വാതന്ത്ര്യ പ്രഖ്യാപനമല്ല അത്തരം സമാധാനപരമായ സഹവർതിത്വം പാശ്ചാത്യ നാടുകളിലടക്കം സാധ്യമാക്കിയത്, പ്രത്യുത, മുൻപുള്ളതിനെക്കാൾ ദൈവിക നിയമങ്ങളെയോ, നിയമ സിദ്ധാന്തങ്ങളെയോ സ്വാംശീകരിക്കാൻ അമേരിക്കൻ യൂറോപ്യൻ സംസ്കാരങ്ങൾ തയ്യാറായത് കൊണ്ടാണ്; അവ ദൈവിക നിയമങ്ങളാണെന്നു അവർ തുറന്നു സമ്മതിക്കുന്നില്ലെങ്കിലും.

അതുകൊണ്ട് മതേതരത്വത്തെയും സ്വാതന്ത്ര്യത്തെയും സ്വന്തം അഭീഷ്ടപ്രകാരം നിർവചിച്ച് മതത്തെയും മതവിശ്വാസികളെയും പ്രാകൃതരും സങ്കുചിതരുമായി മുദ്ര കുത്തുന്നവരോട് ഞങ്ങളുടെ അളവുകോലുകൾ വേറെയാണെന്നു തുറന്നു പ്രഖ്യാപിക്കുക. മാറിക്കൊണ്ടേയിരിക്കുന്ന മായകളാണ് ഇത്തരം വാദങ്ങളെന്ന അവബോധം വളരുന്ന തലമുറക്ക് പകർന്നു നൽകുക, സമ്മർദങ്ങളെ ഹൃദയത്തിലെങ്കിലും പ്രതിരോധിക്കാൻ മുസ്‌ലിംകൾ തയ്യാറാവുക.

***Ref:***

*Original Article link: http://muslimmatters.org/2017/06/23/bernie-sanders-and-the-mirage-of-religious-freedom/

1. https://www.theatlantic.com/politics/archive/2017/06/bernie-sanders-chris-van-hollen-russell-vought/529614/

2. https://www.facebook.com/CAIRNational/posts/1015485-2029722695 http://www.npr.org/sections/thetwo-way/2017/06/09/532116365/is-it-hateful-to-believe-in-hell-bernie-sanders-questions-prompt-backlash

3. https://www.si.com/nba/point-forward/2014/04/26/donald-sterling-nba-investigation-racist-comments-clippers

4. http://www.slate.com/blogs/outward/2014/04/04/brendan_eich_homophobic_past_ should_we_forgive_him.html

5. http://www.milligazette.com/news/15740-ex-dgp-senkumar-kerala-bjps-long-awaited-messiah

6. Sullivan, W. F. (2007). The Impossibility of Religious Freedom. Princeton, N.J: Princeton University Press.

7. Koppelman, A. (2012). Gay Rights, Religious Accommodations, and the Purposes of Antidiscrimination Law. Southern California Law Review,88(619), 619-660. doi:10.4159/harvard. 9780674067561

8. https://openparliament.ca/bills/42-1/C-16/

9. https://newhumanist.org.uk/articles/4199/why-feminists-should-oppose-the-burqa

10. https://www.change.org/p/petition-the-quran-to-be-removed-from-sale-in-australia-due-to-section-18c-violations

11. http://www.breitbart.com/milo/2016/06/12/left-chose-islam-gays-now-100-people-killed-maimed-orlando/

12. http://www.thecrimson.com/article/2008/3/13/the-adhan-at-harvard-two-weeks/

13. http://www.pickeringpost.com/story/why-oppose-the-building-of-a-mosque-/3836

14. http://ml.naradanews.com/amp/category/kerala/is-my-hadiya-anti-national-asks-her-husband-shefin-jahan-527681

15. https://www.facebook.com/justicekatju/posts/119571500-0469044

16. http://www.telegraph.co.uk/comment/10948796/Paedophilia-is-natural-and-normal-for-males.html

17. http://www.azhimukham.com/news/11532/attingal-twin-murder-case-anushanthi-ninomathew-morality-rajasekharan-nair-azhimukham

18. http://www.telegraph.co.uk/news/worldnews/europe/germany/11119062/Incest-a-fundamental-right-German-committee-says.html

19. https://www.usatoday.com/story/news/world/2016/06/17/muslim-lgbt-gay-views/86046404/

20. http://www.telegraph.co.uk/women/womens-life/11790681/Muslim-women-problem-unveiled-within-patriarchal-mosques.html

21 http://www.pewforum.org/2013/04/30/the-worlds-muslims-religion-politics-society-interfaith-relations/

22. https://www.law.cornell.edu/wex/table_marriage

23. shabab 2017 July 14

24. http://time.com/3975630/pope-francis-lgbt-issues/

25. https://opinionator.blogs.nytimes.com/2010/10/25/serving-two-masters-shariah-law-and-the-secular-state/

അബ്ദുർറഹ്മാൻ ഹസൻ ഹബന്നകതുൽ മീദാനി
വിവ: ശമീർ മദീനി

വിവർത്തനം

മനുഷ്യൻ അല്ലാഹുവിന്റെ ഖലീഫയോ?: 2



# ഖിലാഫത്തും സ്വതന്ത്രാധികാരവും

തീർച്ചയായും ഭൗതിക ജീവിതത്തിൽ മനുഷ്യന്റെ സ്ഥാനം നിയമശാസനകളുടെയും ഉത്തരവാദിത്തങ്ങളുടേതുമാണ്. നിയമങ്ങൾ ബാധകമായ ഒരാളെ സംബന്ധിച്ചിടത്തോളം കൽപിക്കപ്പെടുന്ന കാര്യങ്ങൾ അനുസരിക്കാൻ അയാൾ ബാധ്യസ്ഥനാണ്. തന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അയാൾ ചോദിക്കപ്പെടുന്നതുമാണ്. അതിനനുസരിച്ചാണ് അയാൾക്ക് പ്രതിഫലം നൽകപ്പെടുക.

"അപ്പോൾ ആർ ഒരു അണുവിന്റെ തൂക്കം നന്മചെയ്തിരുന്നുവോ അവനത് കാണും. ആർ ഒരു അണുവിന്റെ തൂക്കം തിന്മ ചെയ്തിരുന്നുവോ അവൻ അതും കാണും" (99:7,8). ഈ വചനങ്ങളിലൂടെ ക്വുർആൻ ഇക്കാര്യം ഉണർത്തുന്നു.

തീർച്ചയായും ഈ ഭൗതിക ലോകത്ത് പരീക്ഷിക്കപ്പെടുന്ന ഒരു അടിമയാണ് മനുഷ്യൻ. ഉന്നതനും പ്രതാപവാനുമായ അല്ലാഹുവിന്റെ പ്രതിനിധി(ഖലീഫ)യല്ല അവൻ. പ്രതിനിധികളെ സ്വീകരിക്കുന്നതിനെ തൊട്ട് പരിശുദ്ധനും എത്രയോ ഉന്നതനുമാണ് അല്ലാഹു!

മനസ്സിന്റെയും ശരീരത്തിന്റെയും പ്രവർത്തനങ്ങളിലും ഉദ്ദേശ്യങ്ങളിലും വിശ്വാസങ്ങളിലും ചിന്തയിലുമുള്ള നന്മതിന്മകളുടെ തെളിഞ്ഞ വഴികൾക്കിടയിൽ ഈ ഭൗതിക ലോകത്തിന്റെ സ്ഥിതിഗതികൾക്കനുസരിച്ച് പരീക്ഷണം യാഥാർഥ്യമാക്കുന്നതിന് വേണ്ടി, തന്നിലുള്ളതും തന്റെ ചുറ്റുപാടിലുള്ളതുമായ ചില സംഗതികളെ അല്ലാഹു മനുഷ്യന് കീഴ്പ്പെടുത്തിക്കൊടുത്തിട്ടുണ്ട്. അല്ലാഹുവിന്റെ ക്വളാ-ക്വദ്റുകൾക്ക് വിധേയമായി മനുഷ്യന് തന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ സാക്ഷാൽകരിക്കുന്നതിന് വേണ്ടി അവൻ ചില കാര്യ-കാരണങ്ങളെ നിശ്ചയിക്കുകയും നിർദേ

ശിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ മനുഷ്യന് കീഴ്പ്പെടുത്തിക്കൊടുത്തിട്ടുള്ള കാര്യങ്ങളിലൂടെ അവന്റെ ലക്ഷ്യങ്ങൾ അല്ലാഹുവിന്റെ ക്വളാ-ക്വദ്റിന് എതിരായി വരാത്തിടത്തോളം അല്ലാഹു ഉദ്ദേശിക്കുന്നത് അവന് പൂർത്തീകരിച്ചുകൊടുക്കുന്നു. അപ്പോൾ അല്ലാഹുവിന്റെ സൃഷ്ടിപ്പിലൂടെ ഫലം ഉണ്ടാകുന്നു. എന്നാൽ അല്ലാഹു മനുഷ്യരെ, അവർ തെരഞ്ഞെടുത്ത കാരണങ്ങളുടെയും പ്രവർത്തനങ്ങളുടെയും സമീപനങ്ങളുടെയും അടിസ്ഥാനത്തിൽ വിചാരണ ചെയ്യുകയും പ്രതിഫലം നൽകുകയും ചെയ്യും.

ഇത് വ്യക്തമാക്കാനായി ഒരു ഉദാഹരണം പറയാം: കുട്ടികൾക്ക് കളിക്കുവാനായി പാർക്കുകളിലും മറ്റും സജ്ജീകരിച്ചിട്ടുള്ള ഇലക്ട്രിക് കാറുകളുടേതുപോലെ. കുട്ടികൾ അതിൽ കയറിയിരുന്ന് സ്റ്റിയറിങ്ങ് തിരിക്കുന്നു. എന്നാൽ കാറുകൾ ഓടുന്നതാകട്ടെ കൺട്രോളർ വിട്ടുകൊടുക്കുന്ന വൈദ്യുത പ്രവാഹമനുസരിച്ചാണ്. കൺട്രോളർ അത് നിറുത്താനുദ്ദേശിക്കുമ്പോൾ സ്വിച്ച് ഓഫാക്കുകയും കാറുകൾ നിശ്ചലമാക്കുകയും ചെയ്യുന്നു. അദ്ദേഹമാണ് കാറുകളെ കുട്ടികൾക്ക് നിയന്ത്രണ വിധേയമാക്കികൊടുക്കുകയും അവയെ ചലിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നത്. കൺട്രോളറുടെ നിർദേശങ്ങളും ഉപദേശങ്ങളും പാലിച്ചോ, ഇല്ലയോ എന്നതിനനുസരിച്ചാണ് വിചാരണയും പ്രതിഫലവും.

മനുഷ്യന് ഈ ഭൗതികലോകത്ത് അതിന്റെ വ്യവസ്ഥിതിക്കനുസരിച്ച് ചില കാര്യങ്ങൾ കീഴ്പെടുത്തിക്കൊടുത്തുകൊണ്ട് പരീക്ഷിക്കുന്നത് ഒരിക്കലും അവന് സ്വതന്ത്രമായ അധികാരം ഏൽപിച്ചുകൊടുക്കലോ അവനെ അല്ലാഹുവിന്റെ പകരക്കാരനായി (പ്രതിവിധിയായി) നിശ്ചയിക്കലോ അല്ല. അല്ലാഹു തന്റെ സൃഷ്ടികളിൽ അവന് പകരക്കാരനായി വെച്ചിട്ടില്ല.

സർവതിന്റെയും അധികാരവും ഉടമസ്ഥതയും അല്ലാഹുവിന്റെ കയ്യിലാണെന്നിരിക്കെ അവന് എങ്ങനെ ഒരു പകരക്കാരനുണ്ടാകും?

സൂറത്തു യാസീനിൽ അല്ലാഹു പറയുന്നു: "താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രമാകുന്നു അവന്റെ കാര്യം. അപ്പോഴതാ അതുണ്ടാകുന്നു. മുഴുവൻ കാര്യങ്ങളുടെയും ആധിപത്യം ആരുടെ കയ്യിലാണോ, നിങ്ങൾ മടക്കപ്പെടുന്നത് ആരുടെ അടുത്തേക്കാണോ അവൻ എത്ര പരിശുദ്ധൻ!"(36: 82,83).

മനുഷ്യന് കീഴ്പെടുത്തിക്കൊടുത്തിട്ടുള്ളവയുടെയും മുഴുവൻ കാര്യങ്ങളുടെയും ആധിപത്യം അല്ലാഹുവിന്റെ കയ്യിലാണ് എന്ന വ്യാപകാർഥത്തിൽ പെടുന്നതു തന്നെയല്ലേ? ഈ സൂക്തമാകട്ടെ എല്ലാത്തിന്റെയും ആധിപത്യം അല്ലാഹുവിന്റെ കയ്യിലാണെന്ന് വ്യക്തമാക്കുന്നു. അതായത്, അവയുടെ പൂർണമായ ആധിപത്യവും അവയിലെ ക്രയവിക്രയങ്ങളും അല്ലാഹുവിന്റെ ഉദ്ദേശ്യവും അറിവും അനുസരിച്ച് മാത്രമാണ്. അപ്പോൾ എവിടെയാണ് അല്ലാഹുവിന് ഒരു പകരക്കാരൻ? അല്ലാഹു അതിൽ നിന്നും എത്രയോ ഉന്നതനും പരിശുദ്ധനുമാണ്.

**പ്രവാചകൻﷺ അല്ലാഹുവിന്റെ നിയമങ്ങൾ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്ന ആൾ മാത്രമാണ്. പ്രവാചകൻ ജീവിച്ചിരിക്കുകയും വഹ്‌യ് നിലയ്ക്കാതിരിക്കുകയും അല്ലാഹുവിന്റെ ഇടപെടലുകൾ ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുമ്പോൾ നബിﷺ തന്റെ ഇജ്തിഹാദിലൂടെ (ഗവേഷണം) പറയുന്ന വിധികൾ, യാതൊരു ഭേദഗതിയും വരുത്താതെ അല്ലാഹു അംഗീകരിക്കുകയും ചെയ്താൽ അത് അല്ലാഹുവിന്റെ തന്നെ വിധിയാണ്. അതിനാൽ റസൂലിന്റെ വിധി അല്ലാഹുവിന്റെ തന്നെ വിധിയായിട്ടാണ് വിശ്വാസികൾ കണക്കാക്കുന്നത്.**

ഇതാണ് സലഫുസ്സ്വാലിഹുകളുടെ വിശ്വാസം. മനുഷ്യരുടെ കർമങ്ങൾ നിർബന്ധിതമായി ചെയ്യുന്നവയാണോ (ജബ്ർ) അതല്ല അവർക്കതിൽ സ്വാതന്ത്ര്യമുണ്ടോ (ഇഖ്തിയാർ) എന്ന വിഷയത്തിൽ മഹാനായ അലിയ്യുബ്നു അബീത്വാലിബ്ؓൽ നിന്ന് ഇപ്രകാരം ഉദ്ധരിക്കപ്പെടുന്നു:

'നന്മ തെരഞ്ഞെടുക്കാൻ അല്ലാഹു കൽപിച്ചു. തിന്മയെ തൊട്ട് താക്കീത് ചെയ്തു. ഒരാളും തന്നെ ബലാൽക്കാരമായി തെറ്റ് ചെയ്യുന്നില്ല. ഒരാളെയും നിർബന്ധിച്ച് നന്മചെയ്യിക്കുന്നുമില്ല. ഒരാൾക്കും പൂർണമായി അധികാരം ഏൽപിച്ച് കൊടുത്തിട്ടുമില്ല. അഥവാ മനുഷ്യന്റെ കർമങ്ങൾ അവയ്ക്കിടയിലാണ്. പൂർണമായി ഏൽപിച്ചുകൊടുക്കപ്പെട്ടിട്ടില്ല. നിർബന്ധിതനായി ചെയ്യുകയുമല്ല. ശേഷിയും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും അല്ലാഹുവിന്റെ നിയന്ത്രണത്തിന് വിധേയമായി തന്നെ മനുഷ്യന് നൽകപ്പെട്ടിരിക്കുന്നു.' (ശർഹുൽ മക്വാസിദ്, ഭാഗം 2, പേജ് 133, അൽ ഇത്ഹാഫ് ശർഹുൽ ഇഹ്‌യാഅ് ഭാഗം 2, പേജ് 52).

മനുഷ്യൻ നിർബന്ധിതനോ, പൂർണമായി അധികാരമേൽപിക്കപ്പെട്ടവനോ അല്ലെന്ന് അലിؓ ഇതിലൂടെ വ്യക്തമാക്കുന്നു. അപ്പോൾ പിന്നെ എങ്ങനെയാണ് മനുഷ്യൻ ഭൂമിയിലെ അല്ലാഹുവിന്റെ പ്രതിനിധി (ഖലീഫ) യാകുന്നത്? ഖലീഫ എന്നത് ഒരു പ്രവാചകൻ അഥവാ ദൂതൻ എന്നതിനെക്കാൾ ഉന്നതമായ ആശയമാണ് ഉൾക്കൊള്ളുന്നതെന്ന കാര്യം ഇതിനോട് ചേർന്ന് വായിക്കുക. പ്രവാചകൻ, ദൈവികമായ സന്ദേശങ്ങൾ വഹ്‌യിലൂടെ അറിയിക്കപ്പെടുന്ന വ്യക്തിയാണ്. റബ്ബിന്റെ സന്ദേശം മറ്റുള്ളവരിലേക്ക് എത്തിച്ചുകൊടുക്കുവാൻ ഉത്തരവാദിത്തമേൽപിക്കപ്പെട്ട വ്യക്തിയാണ് ഒരു ദൈവ ദൂതൻ. ദൈവിക കൽപനകൾ പാലിക്കുന്നതിൽ ഏറ്റവും ഉന്നത നിലവാരത്തിലായിരിക്കും ദൈവദൂതന്മാർ നിലകൊള്ളുന്നതെന്ന കാര്യം മതപരവും ബുദ്ധിപരവുമായ തെളിവുകൾ അറിയിക്കുന്ന സംഗതിയാണ്. അവർ പാപങ്ങളിൽ നിന്നും ദൈവിക കൽപനകളെ ധിക്കരിക്കുന്നതിൽ നിന്നുമൊ

ക്കെ സുരക്ഷിതരും സൂക്ഷ്മത പുലർത്തുന്നവരുമായിരിക്കും. കാരണം അല്ലാഹുവിന്റെ സന്ദേശങ്ങൾ എത്തിച്ചുകൊടുക്കുവാൻ ഏൽപിക്കപ്പെട്ട അവർ അല്ലാഹുവിന്റെ പേരിൽ കളവ് പറയാതിരിക്കുക എന്നതും തങ്ങളുടെ പ്രവർത്തനങ്ങളിലൂടെ നല്ലതല്ലാത്ത ഒന്നിനും അവർ മാതൃകയാകാതിരിക്കുക എന്നതും ആവശ്യമാണല്ലോ.

അല്ലാഹു അവന്റെ ദൂതന്മാരോടൊപ്പം മലക്കുകളാകുന്ന കാവൽക്കാരെ ഏർപ്പെടുത്തിയിട്ടുണ്ട്. ആ ദൂതന്മാർ രക്ഷിതാവിന്റെ സന്ദേശങ്ങൾ എത്തിച്ചുകൊടുത്തു എന്ന് അറിയുന്നതിനും അവരെ അനുഗമിക്കുന്നതിനും വേണ്ടിയാണത്.

ഈ ദൈവിക നടപടിക്രമത്തെക്കുറിച്ചാണ് അല്ലാഹു സൂറതുൽ ജിന്നിലൂടെ പറഞ്ഞത്:

"അവൻ അദൃശ്യം അറിയുന്നവനാണ്. എന്നാൽ അവൻ തന്റെ അദൃശ്യജ്ഞാനം യാതൊരാൾക്കും വെളിപ്പെടുത്തി കൊടുക്കുകയില്ല. അവൻ തൃപ്തിപ്പെട്ട വല്ല ദൂതന്നുമല്ലാതെ. എന്നാൽ അദ്ദേഹത്തിന്റെ (ദൂതന്റെ) മുന്നിലും പിന്നിലും അവൻ കാവൽക്കാരെ ഏർപെടുത്തുക തന്നെ ചെയ്യുന്നതാണ്. അവർ (ദൂതൻമാർ) തങ്ങളുടെ രക്ഷിതാവിന്റെ ദൗത്യങ്ങൾ എത്തിച്ചുകൊടുത്തിട്ടുണ്ട് എന്ന് അവൻ (അല്ലാഹു) അറിയാൻ വേണ്ടി. അവരുടെ പക്കലുള്ളതിനെ അവൻ പരിപൂർണമായി അറിഞ്ഞിരിക്കുന്നു. എല്ലാ വസ്തുവിന്റെയും എണ്ണം അവൻ തിട്ടപ്പെടുത്തിയിരിക്കുന്നു" (72:26-28).

അല്ലാഹുവിന്റെ ദൂതന്മാരുടെ കാര്യം പോലും ഇങ്ങനെയാണെന്നിരിക്കെ തന്റെ ചുമതലയേൽപിക്കപ്പെട്ട ഖലീഫയുടെ കാര്യമെന്തായിരിക്കും? ഏറ്റവും ചെറിയ കാര്യങ്ങളിൽ ആണെങ്കിൽ പോലും അല്ലാഹുവിന് എതിര് പ്രവർത്തിക്കാതിരിക്കുക എന്നത് അനിവാര്യമാണെന്ന് ആരും സമ്മതിക്കും.

ഒരാൾ അല്ലാഹുവിന്റെ ദൂതനാണെന്നും അല്ലാഹുവിന്റെ സന്ദേശങ്ങളുമായി അയക്കപ്പെട്ടവനാണെന്നും അവകാശപ്പെടുകയും അതിനെ സാക്ഷീകരിക്കുന്ന യാതൊരു ദൃഷ്ടാന്തവും (മുഅ്ജിസത്തും) കൊണ്ടുവന്നിട്ടുമില്ല, എങ്കിൽ നാം പറയും അയാൾ അല്ലാഹുവിന്റെ പേരിൽ കളവ് പറയുകയാണ് എന്ന്. അപ്പോൾ അല്ലാഹുവിന്റെ പ്രതിനിധി (ഖലീഫ) യാണെന്ന് വാദിക്കുന്നവന്റെ കാര്യമോ? ഖിലാഫത്താകട്ടെ പ്രവാചകത്വത്തെക്കാൾ ഉയർന്ന സ്ഥാനത്താണ് താനും. (അല്ലാഹുവിന്റെ സന്ദേശ വാഹകനെക്കാൾ ഉന്നതനായിരിക്കണമല്ലൊ അവന്റെ പ്രാതിനിധ്യം വഹിക്കുന്നവൻ!)

മനുഷ്യൻ ഭൂമിയിലെ അല്ലാഹുവിന്റെ ഖലീഫ(പ്രതിനിധി)യാണെന്ന് ഇനിയും ആരെങ്കിലും പറയുമോ? അല്ലാഹുവിന്റെ നിയമം നടപ്പാക്കേണ്ടതിന് വേണ്ടിയുള്ള, അല്ലാഹുവിന്റെ രീതിശാസ്ത്രമനുസരിച്ച് ഭൂമി തിരിക്കേണ്ടതിന് വേണ്ടിയുള്ള ഖലീഫ എന്നും മറ്റും ഇനിയും പറയാൻ കഴിയുമോ? അല്ലാഹു സൂറഃ യൂസുഫിൽ ഇങ്ങനെ പറഞ്ഞിരിക്കെ: "എന്നാൽ നീ അതിയായി ആഗ്രഹിച്ചാലും മനുഷ്യരിൽ അധികപേ




രും വിശ്വസിക്കുന്നവരല്ല. (12:103)

അപ്പോൾ പിന്നെ എങ്ങനെ അവർക്ക് ഈ ഖിലാഫത്ത് ശരിയാകും? സർവജ്ഞനും യുക്തിജ്ഞാനിയുമായ അല്ലാഹു എങ്ങനെ ഇത്തരക്കാരെ അവന്റെ പ്രതിനിധിയായി നിശ്ചയിക്കും?

അല്ലാഹുവിന്റെ യുക്തിഭദ്രമായ തീരുമാനത്തിൽ പെട്ടതാണ് തന്റെ രിസാലത്ത് പൂർണമായി അതിന് അർഹതപ്പെട്ടവർക്കല്ലാതെ അത് കൊടുക്കുകയില്ല എന്നത്. അതാകട്ടെ സന്ദേശങ്ങളെത്തിക്കുകയും സൽമാതൃകയാവുക എന്ന ദൗത്യമാണ് ഉൾക്കൊള്ളുന്നത്. സൂറഃ അൽഅൻആമിൽ അല്ലാഹു പറയുന്നു: "അവർക്ക് വല്ല ദൃഷ്ടാന്തവും വന്നാൽ, അല്ലാഹുവിന്റെ ദൂതന്മാർക്ക് നൽകപ്പെട്ടത് പോലുള്ളത് ഞങ്ങൾക്കും ലഭിക്കുന്നത് വരെ ഞങ്ങൾ വിശ്വസിക്കുകയേ ഇല്ല എന്നായിരിക്കും അവർ പറയുക. എന്നാൽ അല്ലാഹുവിന്ന് നല്ലവണ്ണമറിയാം; തന്റെ ദൗത്യം എവിടെയാണ് ഏൽപിക്കേണ്ടതെന്ന്. കുറ്റകൃത്യങ്ങളിൽ ഏർപെട്ടവർക്ക് തങ്ങൾ പ്രയോഗിച്ചിരുന്ന കുതന്ത്രത്തിന്റെ ഫലമായി അല്ലാഹുവിങ്കൽ ഹീനതയും കഠിനമായ ശിക്ഷയും വന്നുഭവിക്കുന്നതാണ്" (6:124).

എന്നിരിക്കെ, തനിക്ക് ഒരു ഖലീഫയെ (പ്രതിനിധിയെ) നിശ്ചയിക്കുവാൻ അവൻ ഉദ്ദേശിക്കുകയാണെങ്കിൽ ആ ഖലീഫയിലും ഇക്കാര്യങ്ങൾ അവൻ പാലിക്കുകയില്ലേ?

തീർച്ചയായും അല്ലാഹു ഭൂമിയിൽ അവനൊരു ഖലീഫയെ നിശ്ചയിക്കുവാനുദ്ദേശിക്കുകയാണെങ്കിൽ ആ ഖിലാഫത്തിന് എല്ലാ അർഥത്തിലും യോഗ്യനും അർഹനുമായ ഒരാളെയായിരിക്കും തെരഞ്ഞെടുക്കുക. സ്വതന്ത്രമായ ഇഛയും സ്വാതന്ത്ര്യവുമുള്ള എല്ലാവർക്കും അത് പൊതുവായി കൊടുക്കുകയില്ല. (തെറ്റ് ചെയ്യാനും നന്മ ചെയ്യാനും അനുസരിക്കാനും അനുസരണക്കേട് കാണിക്കാനും കഴിയുന്ന അല്ലാഹുവിനെ നിഷേധിക്കാൻ വരെ സാധിക്കുന്നതും തദടിസ്ഥാനത്തിൽ അവരെ പരീക്ഷിക്കുകയും എന്നിട്ട് വിചാരണ നടത്തുകയും അവരുടെ പ്രവർത്തനങ്ങൾക്കനുസരിച്ച് അവർക്ക് പ്രതിഫലം നൽകപ്പെടുകയും ചെയ്യുന്ന മനുഷ്യർക്ക്).

ഖിലാഫത്ത് 'വകാലത്ത്' അഥവാ പകരം നിൽക്ക

**തീർച്ചയായും അല്ലാഹു ഭൂമിയിൽ അവനൊരു ഖലീഫയെ നിശ്ചയിക്കുവാനുദ്ദേശിക്കുകയാണെങ്കിൽ ആ ഖിലാഫത്തിന് എല്ലാ അർഥത്തിലും യോഗ്യനും അർഹനുമായ ഒരാളെയായിരിക്കും തെരഞ്ഞെടുക്കുക. സ്വതന്ത്രമായ ഇഛയും സ്വാതന്ത്ര്യവുമുള്ള എല്ലാവർക്കും അത് പൊതുവായി കൊടുക്കുകയില്ല.**

ൽ എന്ന അർഥമുൾകൊള്ളുന്നു. അല്ലാഹുവിന്റെ ഖലീഫ എന്ന് പറയുമ്പോൾ അല്ലാഹുവിന്റെ പകരക്കാരൻ അല്ലെങ്കിൽ അധികാരം ഏൽപിക്കപ്പെട്ടവൻ എന്ന അർഥമാണ്. കൈകാര്യാധികാരം നൽകപ്പെട്ട ഒരാളെ സംബന്ധിച്ചിടത്തോളം തന്റെ അധികാരത്തിൽ അയാൾ ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നതല്ല. മറിച്ച് വഞ്ചന നടത്തുകയോ വീഴ്ച വരുത്തുകയോ ചെയ്താൽ അതിനെക്കുറിച്ച് മാത്രമായിരിക്കും ചോദ്യമുണ്ടാവുക.

മതപരമായ പ്രമാണങ്ങൾ നമ്മെ അറിയിക്കുന്നത് എല്ലാ കാര്യത്തിന്റെയും ചുമതല ഏറ്റെടുത്ത് നടത്തുന്നവൻ (വകീൽ) അല്ലാഹുവാണെന്നാണ്. തന്റെ റസൂലിനോട് പോലും അല്ലാഹു വ്യക്തമാക്കിയത് അദ്ദേഹം ജനങ്ങളുടെ കാര്യമേൽപിക്കപ്പെട്ടവനല്ല എന്നാണ്. മറിച്ച് അല്ലാഹുവിന്റെ ദൂതനും സന്ദേശങ്ങൾ എത്തിക്കേണ്ടവനും മാത്രമാണെന്നാണ്. അല്ലാഹുവിന്റെ സൃഷ്ടികളിൽ ഏറ്റവും ഉൽകൃഷ്ടനായ മുഹമ്മദ് നബിﷺ പോലും ജനങ്ങളുടെ ചുമതലയേൽപിക്കപ്പെട്ടയാളല്ല എങ്കിൽ മറ്റൊരാളും അത്തരമൊരു പദവിക്ക് അർഹനല്ല തന്നെ.

തെളിവുകൾ കാണുക.

1. സൂറത്തു ഹൂദിലൂടെ അല്ലാഹു തന്റെ റസൂലിനോട് പറയുന്നു:"ഇയാൾക്ക് ഒരു നിധി ഇറക്കപ്പെടുകയോ, ഇയാളോടൊപ്പം ഒരു മലക്ക് വരികയോ ചെയ്യാത്തതെന്ത് എന്ന് (നിന്നെപറ്റി) അവർ പറയുന്ന കാരണത്താൽ നിനക്ക് നൽകപ്പെടുന്ന സന്ദേശങ്ങളിൽ ചിലത് നീ വിട്ടുകളയുകയും, അതിന്റെ പേരിൽ നിനക്ക് മനഃപ്രയാസമുണ്ടാകുകയും ചെയ്തേക്കാം. എന്നാൽ നീ ഒരു താക്കീതുകാരൻ മാത്രമാകുന്നു. അല്ലാഹു എല്ലാകാര്യത്തിന്റെയും സംരക്ഷണമേറ്റവനാകുന്നു" (11:12).

'മുഹമ്മദ് നബിﷺ താക്കീത് നൽകുന്നവനും സന്ദേശമെത്തിക്കുന്നവനും മാത്രമാണ്; ജനങ്ങളുടെ മേൽ ഉത്തരവാദിത്തമേൽപിക്കപ്പെട്ടവനല്ല. ജനങ്ങളുടെ മേൽ അധികാരമുള്ളത് അല്ലാഹുവിന് മാത്രം. അവനാണ് സർവതിന്റെയും ഉത്തരവാദിത്തം. പ്രപഞ്ചത്തിലെ ഓരോന്നിന്റെയും കൈകാര്യകർത്താവ് അവനാണ്. അവനാണ് എല്ലിത്തിന്റെ മേലും ആധിപത്യമുള്ളവൻ' എന്ന് സാരം.

2.സൂറത്തുസ്സുമറിൽ അല്ലാഹു പറയുന്നു: "അല്ലാഹു എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാകുന്നു. അവൻ എല്ലാ വസ്തുക്കളുടെ മേലും കൈകാര്യകർത്താവുമാകുന്നു" (39: 62).

എല്ലാത്തിന്റെ മേലും നിരുപാധികമായ അധികാരങ്ങളുള്ളവനാണ് അല്ലാഹു. അവനാണ് അവയെ സൃഷ്ടിച്ചതും. അവയുടെ കാര്യങ്ങൾ നിയന്ത്രിക്കുന്നവനും ഉത്തരവാദിത്തമേറ്റെടുക്കുന്നവനും അവനാണ്. അവയ്ക്ക് കാര്യകാരണങ്ങൾ നിശ്ചയിക്കുന്നതും തടസ്സങ്ങൾ നീക്കുന്നതും അവയുടെ നിലനിൽപിനാവശ്യമായവ നൽകുന്നതുമൊക്കെ അവനാണ്. നമ്മുടെ കാര്യത്തിൽ അല്ലാഹു ചെയ്യുന്ന എത്രയോ കാര്യങ്ങളുണ്ട്. അവ എണ്ണിക്കണക്കാക്കാൻ പോലും നമുക്ക് സാധ്യമല്ല. അവ അല്ലാഹു ഏറ്റെടുത്ത് നിർവഹിക്കുകയില്ലെങ്കിൽ ഒരു നിമിഷം പോലും നമുക്കിവിടെ നിലനിൽക്കാൻ കഴിയാത്തവിധം നാം എന്നേ നാമാവശേഷമാകുമായിരുന്നു.

3. സൂറഃ യൂനുസിലൂടെ അല്ലാഹു തന്റെ റസൂലിനോട് കൽപിക്കുന്നത് കാണുക: "പറയുക: ഹേ; ജനങ്ങളേ, നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യം നിങ്ങൾക്ക് വന്നെത്തിയിരിക്കുന്നു. അതിനാൽ ആർ നേർവഴി സ്വീകരിക്കുന്നുവോ അവൻ തന്റെ ഗുണത്തിന് തന്നെയാണ് നേർവഴി സ്വീകരിക്കുന്നത്. വല്ലവനും വഴിപിഴച്ച് പോയാൽ അതിന്റെ ദോഷവും അവന് തന്നെയാണ്. ഞാൻ നിങ്ങളുടെ മേൽ ഉത്തരവാദിത്തം ഏൽപിക്കപ്പെട്ടവനല്ല" (10:108).

'ഞാൻ നിങ്ങളുടെ മേൽ ഉത്തരവാദിത്തമേൽപിക്കപ്പെട്ടവനൊന്നുമല്ല. അതായത്, അല്ലാഹുവിന്റെ ശിക്ഷയിൽ നിന്നും മറ്റും നിങ്ങളെ രക്ഷിക്കാൻ എനിക്ക് കഴിയില്ല. കാരണം ഞാൻ നിങ്ങളുടെ മേൽ അധികാരം ഏൽപിക്കപ്പെട്ടയാളല്ല. എന്റെ രക്ഷിതാവിന്റെ സന്ദേശം എത്തിച്ചുകൊടുക്കുന്നവൻ മാത്രമാണ് ഞാൻ' എന്ന് വ്യക്തമാക്കുവാനാണ് അല്ലാഹു നബിﷺയോട് ആവശ്യപ്പെടുന്നത്.

4. സൂറത്തുൽ അൻആമിലൂടെ അല്ലാഹു അവതരിപ്പിച്ചത് നോക്കുക: "അങ്ങനെയുള്ളവനാണ് നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവനല്ലാതെ യാതൊരു ദൈവവുമില്ല. എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാണ് അവൻ. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. അവൻ സകലകാര്യങ്ങളുടെയും കൈകാര്യക്കാരനാകുന്നു" (6:102).

തുടർന്ന് തന്റെ ദൂതനോട് പറയുന്നത് ശ്രദ്ധിക്കുക: "അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവർ (അവനോട്) പങ്കുചേർക്കുമായിരുന്നില്ല. നിന്നെ നാം അവരുടെ മേൽ ഒരു കാവൽക്കാരനാക്കിയിട്ടുമില്ല. നീ അവരുടെ മേൽ ഉത്തരവാദിത്തം ഏൽപിക്കപ്പെട്ടവനുമല്ല"(6:107)

അതായത്, 'അല്ലയോ നബിയേ, അവരെ ശിർക്കിൽ നിന്ന് തൗഹീദിലേക്ക് മാറ്റേണ്ടതിന്റെ ബാധ്യത നിനക്കില്ല. കാരണം അല്ലാഹു അവരെ പരീക്ഷിക്കുന്നതിന് വേണ്ടി അവർക്ക് സ്വതന്ത്രമായ ഇഛാസ്വാതന്ത്രം നൽകിയിട്ടുണ്ട്. ഈ സ്വാതന്ത്ര്യം അവരിൽ നിന്ന് എടുത്തുമാറ്റാൻ ഉദ്ദേശിക്കുന്ന പക്ഷം അവരെ യഥാർഥ വിശ്വാസത്തിന് നിർബന്ധിതരാക്കലായിരിക്കും. അപ്പോൾ അവർ ബഹുദൈവ വിശ്വാസികളാവുകയില്ല.'

ചലനങ്ങൾ

# കൊളത്തൂർ ദുരന്തം: പൗരോഹിത്യം ഒന്നാം പ്രതി വിസ്ഡം ബഹുജന സംഗമം

കൊളത്തൂർ: സമൂഹത്തിൽ ഇന്ന് വ്യാപകമായിക്കൊണ്ടിരിക്കുന്ന അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും പിന്നിൽ സ്വാർഥ താൽപര്യക്കാരായ പൗരോഹിത്യമാണെന്നു വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ കൊളത്തൂരിൽ സംഘടിപ്പിച്ച ബഹുജന സംഗമം അഭിപ്രായപ്പെട്ടു.

സമൂഹത്തിന്റെ മതപരമായ അജ്ഞത ചൂഷണം ചെയ്ത് അവരുടെ പണവും മാനവും കവരുകയാണ് പൗരോഹിത്യം ചെയ്യുന്നത്. ഇതിനെതിരെ സമൂഹമനഃസാക്ഷി ഉണരണം. കൊളത്തൂർ സംഭവം ഒറ്റപ്പെട്ടതായി അവഗണിക്കാവുന്നതല്ല. അന്ധവിശ്വാസത്തിന്റെ അടിത്തറയാണ് ഈ ക്രൂരകൃത്യം ചെയ്യാൻ അവർക്ക് പ്രചോദനമായത്. അജ്മീർ യാത്രയും അവിടെ നിന്ന് ലഭിച്ചുവെന്നു പറയുന്ന പൈശാചിക ബോധനവും വ്യാജ ആത്മീയയുടെ ആഴമാണ് ബോധ്യപ്പെടുത്തുന്നത്.

പാവപ്പെട്ട ഈ കുടുംബത്തെ പ്രേരിപ്പിച്ചവരും ഗൂഢാലോചന നടത്തിയവരുമാണ് യഥാർഥ പ്രതികൾ. മതം അതിന്റെ സ്രോതസ്സുകളിൽ നിന്ന് പഠിക്കുകയും, വ്യാഖ്യാനവും പകർത്തലും പ്രമാണങ്ങൾ പഠിപ്പിച്ച മുൻഗാമികളുടെ രീതിശാസ്ത്രമനുസരിച്ചാവുകയുമെന്ന മാർഗത്തിൽ നിന്ന് വ്യതിചലിച്ചാൽ വിശ്വാസ വ്യതിയാനങ്ങൾ ഉണ്ടാകും.

വൈജ്ഞാനിക വിപ്ലവത്തിലൂടെ അന്ധവിശ്വാസങ്ങളെ നേരിടുകയുമാണ് യഥാർഥ പരിഹാരം. പൗരോഹിത്യത്തിന്റെ മനുഷ്യത്വരഹിതമായ നടപടികൾക്കെതിരെ ശബ്ദിക്കാൻ മത സമൂഹവും മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളും ശക്തമായി രംഗത്തുവരണം.

അന്ധവിശ്വാസങ്ങൾക്കെതിരെ ശക്തമായ പ്രബോധന പ്രവർത്തനങ്ങൾ നടത്തുന്ന മുജാഹിദ് പ്രബോധന വിഭാഗമായ വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന് ഇക്കാര്യത്തിൽ പൊതു സമൂഹത്തിന്റെ പിന്തുണ ആവശ്യമാണെന്നും സംഗമം അഭിപ്രായപ്പെട്ടു.

സംഗമം വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ ജനറൽ കൺവീനർ ടി.കെ. അഷ്‌റഫ് ഉദ്ഘാടനം ചെയ്തു. ജാമിഅ: അൽ ഹിന്ദ് ഡയറക്ടർ ഫൈസൽ പുതുപ്പറമ്പ്, പീസ് റേഡിയോ സി.ഇ.ഒ. പ്രൊഫസർ ഹാരിസ് ബിൻ സലീം, മുജാഹിദ് ദഅ്‌വാ സമിതി ചെയർമാൻ അബ്ദുൽഹമീദ് പറപ്പൂർ, നൂർമുഹമ്മദ് മാസ്റ്റർ, അബ്ദുസ്സലാം മാസ്റ്റർ കൊളത്തൂർ പ്രസംഗിച്ചു. യു.എ.ഇ. ഇന്ത്യൻ ഇസ്‌ലാഹീ സെന്റർ പ്രസിഡന്റ് ഹുസൈൻ സലഫി മുഖ്യ പ്രഭാഷണം നടത്തി.

## മാധ്യമങ്ങൾ ദൗത്യം വിസ്മരിക്കരുത്: പീസ് റേഡിയോ മാധ്യമ ശിൽപശാല

കോഴിക്കോട്: ജനങ്ങളെ കേവലം സെൻസേഷണൽ വാർത്തകളിൽ തളച്ചിടുന്ന മാധ്യമ പ്രവണത ഒട്ടും ആശ്യാസകരമല്ല. സാമൂഹിക പ്രാധാന്യമുള്ള വിഷയങ്ങൾ ജനശ്രദ്ധയിൽ നിന്നകന്നു പോകാൻ മാത്രമേ ഇത്തരം പ്രവണതകൾ ഉപകരിക്കൂവെന്ന് കോഴിക്കോട് ചേർന്ന പീസ് റേഡിയോ സംസ്ഥാന മീഡിയ ശിൽപശാല അഭിപ്രായപ്പെട്ടു.

മൂല്യാധിഷ്ഠിതമായ സാമൂഹിക സൃഷ്ടിപ്പിൽ മാധ്യമങ്ങളുടെ പങ്ക് നിർണായകമാണ്. മാധ്യമങ്ങളുടെ എണ്ണവും ഉപയോഗവും കൂടിയിട്ടുണ്ടെങ്കിലും വാർത്തകളുടെ കൃത്യതയിലും സത്യസന്ധതയിലും യാതൊരു പുരോഗതിയുമുണ്ടായിട്ടില്ല. ശിൽപശാല അഭിപ്രായപ്പെട്ടു. ഐ.എസ്.എം സംസ്ഥാന ജന.സെക്രട്ടറി കെ. സജ്ജാദ് ശിൽപശാല ഉദ്ഘാടനം ചെയ്തു. പ്രശസ്ത മാധ്യമ പ്രവർത്തകനും പ്രസ്സ് ക്ലബ്ബ് പ്രസിഡന്റുമായ കമാൽ വരദൂർ മുഖ്യാഥിതിയായിരുന്നു.

പീസ് റേഡിയോ ഡയരക്ടർമാരായ കെ. താജുദ്ദീൻ, പി.കെ ഹാരിഫ്, ഡോ. റിയാസുദ്ദീൻ, ജമാൽ കെ.എം, ഐ.എസ്.എം ജില്ലാ പ്രസിഡണ്ട് റഷീദ് നരിക്കുനി, പീസ് റേഡിയോ പ്രോഗ്രാം പ്രൊഡ്യൂസർമാരായ ശരീഫ് കാര, നസ്‌റുല്ല സ്വലാഹി, ജുബൈൽ പി തുടങ്ങിയവർ സംസാരിച്ചു.

പീസ് റേഡിയോ ഈദ് സംഗമത്തോടനുബന്ധിച്ച് നടത്തിയ സ്പെഷ്യൽ പ്രോഗ്രാമുകളുടെ ശബ്ദാവിഷ്ക്കാരം-ശവ്വാലമ്പിളിയുടെ പ്രകാശനം പ്രസ്സ് ക്ലബ്ബ് പ്രസിഡന്റ് കമാൽ വരദൂരിന് നൽകി, നേർപഥം ചീഫ് എഡിറ്റർ പി.വി.എ പ്രിംറോസ് നിർവഹിച്ചു.

### വിശദീകരണം

നേർപഥം 2017 ജൂൺ 3 ലക്കത്തിൽ 'വല്ലവനും എല്ലാ രാത്രിയും സൂറത്തുൽ വാക്വിഅ പാരായണം ചെയ്താൽ അവനെ ഒരിക്കലും ദാരിദ്ര്യം പിടികൂടില്ല' എന്നൊരു ഹദീസ് നൽകിയിരുന്നു. സൂക്ഷ്മപരിശോധനയിൽ അതിൽ ദുർബലതയുണ്ട് എന്ന് മനസ്സിലാക്കാനായി. അബദ്ധം സംഭവിച്ചതിൽ ഖേദിക്കുന്നു.

ലക്കം 26 പേജ് 21ൽ ആണില്ലാതെ വെറും പെണ്ണിൽ നിന്ന് സൃഷ്ടിച്ചു (ഉദാ. മർയം ബീവി) എന്നത് ഈസബ്നു മർയം എന്ന് തിരുത്തി വായിക്കാൻ അപേക്ഷ.

**ലേഖകൻ/എഡിറ്റർ**

ലാമിയ. കെ, എടത്തനാട്ടുകര
lamiakappil@gmail.com






# ഗാസയിലെ പൂമൊട്ടുകൾ

തളംകെട്ടിക്കിടക്കുമീ രക്തക്കുളങ്ങളെ
മറികടക്കവെയാരാഞ്ഞു: എവിടെ
ഖാൻ യൂനിസിലെ ട്രക്കുകൾ?
ഈ തെരുവുകളിൽ ബഹളം കൂട്ടാറുള്ള
നീണ്ട നിരയാൽ വഴിനിറയും പെട്ടിവണ്ടികൾ
കാലുകുത്താനിടയില്ലതിൽ ചരക്കാൽ
മനുഷ്യച്ചരക്കാണിതിൽ നിറയെ!
പിറന്ന നാടും വീടും പിന്നെയോ
ആറടി മണ്ണും വിട്ടേച്ചു പോകുന്നു.
തിരികെ വരുമ്പോൾ കാത്തിരിക്കും
(അതൊരു പാഴ്സ്വപ്നമാകാം)
ഈ മണ്ണ് മാത്രം; ആറടി മണ്ണ്!
തീപ്പുകച്ചുരുളില്ലാത്ത നാടുതേടി
കുഞ്ഞു കണ്ണുകൾ പരതുന്നു മേലെ
നക്ഷത്രങ്ങളുണ്ടോ, മഴവില്ലുണ്ടോ?
അല്ല, ഇതെല്ലാം അന്യമായിട്ടുണ്ടിന്ന്.
തേടുന്നത് രാക്ഷസപ്പറവയുടെമുരൾച്ച
ഭീതിയുടെ കരിനിഴൽ ചലനം
പറന്നടുക്കുമത്, തീമഴ പെയ്യിക്കും
ചാമ്പലാക്കിടുമെല്ലാം നിമിഷങ്ങൾക്കകം
തോക്കുമുനകളിൽ പൊഴിയുന്നു ബാല്യങ്ങൾ
കുഴിമാടങ്ങളിലിറക്കിവെക്കും കുഞ്ഞു
മേനികൾക്കൊപ്പമാ പിതൃഹൃദയങ്ങൾ
നീറ്റലായൊഴുക്കും അശ്രുകണങ്ങൾ
എന്തു ചെയ്തിവർ കുരുന്നുകൾ?
വിടരുംമുമ്പേ ആ മൊട്ടുകൾ പറിച്ചെടുക്കും
കരാളതേ, മാപ്പില്ലൊരിക്കലും!
ചരൽകല്ലാൽ പ്രതിരോധിക്കുമ്പോഴും
മാതാവിന്റെ കൈപിടിച്ച് നടക്കുമ്പോഴും
മൂളിവന്ന വെടിയുണ്ടയാൽ
ചെഞ്ചായമണിഞ്ഞ മൊട്ടുകളേ
നിങ്ങൾക്ക് ലഭിക്കാനുണ്ടൊരുദ്യാനം
ഈ ചെറുതുണ്ടു മണ്ണിനെക്കാൾ
അനന്തവിശാലവും അലംകൃതവുമായത്.

# അവതരിപ്പിക്കുന്നു, കൂടുതൽ പുതുമകളോടെ...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി
പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 2ാം വർഷത്തിലേക്ക്



ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio
Tune to reality

Scan QR Code

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 22 July 2017

Reg NO: KL/CT/225/2016-18
Price: ₹10/-

WISDOM
GLOBAL ISLAMIC MISSION

# ALCHEMY

## Arts and Science Students CONFERENCE

## KOZHIKODE

2017 AUGUST **25, 26**

EMPOWER
campus chapter

MSM KERALA, EKP Complex, Kallai Road, Calicut 02
Contact: +91 81568 12292, 99959 81556
www.msmkerala.co.in